T G1
N 29

# ...ത കാന്തി

അഥവാ

## മറ്റിതനായ മഹർഷി.

*By*

*Rev. Fr. Joseph Nedumchira O. S. H.*

61
29

അവതാരിക

റാവുസാഹിബ് മഹാകവി സാഹിത്യഭൂഷണൻ

ഉള്ളൂർ എസ്. പരമേശ്വരയ്യർ എം. ഏ. ബി. എൽ.

# രക്തകാന്തി

അഥവാ

# മർദ്ദിതനായ മഹർഷി

---

## ഒരു ഖണ്ഡകാവ്യം.

1967

---

ഗ്രന്ഥകർത്താ

റവ. ഫാദർ ജോസഫ് നെടുഞ്ചിറ, ഒ. എസ്സ്. എച്ച്.

സേക്രഡ്ഹാർട്ട് മൌണ്ട്, കോട്ടയം.

*First Edition.*

T 61
N.29

ALL RIGHTS RESERVED.

മലയാളം ഹൈസ്കൂൾ ക്ലാസുകളിലെ പാഠപ്പുസ്തകമായും
ഗ്രന്ഥശാലകളുടെ ഉപയോഗത്തിനായും
തിരുവിതാംകൂർ ഗവൺമെൻറിൽനിന്നു അംഗീകരിച്ചതു്.

Catholic Mission Press,
Kottayam — 1939.

DHARMARAM COLLEGE LIBRARY
BANGALORE
7165

Joseph Nedumchira O.S.H.

വില രൂ. ൧

---

ഗ്രന്ഥകർത്താവിൻെറ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതം.

NIHIL OBSTAT

(Rev.) Fr. C. Nadakuzhackal [illegible]., D. D.

*Censor Deputatus.*

15-7-1939.

IMPRIMATUR.

✠ Alexander.

*Bishop of Kottayam.*

KOTTAYAM,
5th August 1939.

DEDICATED

To

HIS EXCELLENCY



The Rt. Rev. Dr. Alexander Chulaparambil

BISHOP OF KOTTAYAM.

*A SOUVENIR*

OF

HIS EPISCOPAL SILVER JUBILEE.

# അവതാരിക.

ദിവ്യശ്രീ ഫാദർ ജോസഫ് നെടുഞ്ചിറയുടെ "രക്തകാന്തി" അഥവാ "മർട്ടിതനായ മഹർഷി" എന്ന ഈ പുതിയ പദ്യകൃതി സഹൃദയസമക്ഷം അവതരിപ്പിക്കുവാൻ എനിക്ക് ഏററവും സന്തോഷമുണ്ട്. പ്രസ്തുത കവി ഇതിനു മുൻപു തന്നെ അ[illegible]ത്തിന്റെ "നാഗമർട്ടിനി" മുതലായ ഗ്രന്ഥങ്ങൾമൂലം ഭാഷാഭിമാനികളായ കേരളീയരുടെ കൃതജ്ഞേതരമായ കൃതജ്ഞതയ്ക്കു പാത്രീഭവിച്ചിട്ടുണ്ട്. "രക്തകാന്തി" അദ്ദേഹത്തിന്റെ യശസ്സിനെ പതിന്മടങ്ങു വർദ്ധിപ്പിക്കുവാൻ പര്യാപ്തമായിട്ടാണ് ഞാൻ കാണുന്നതു്.

ഇതിലെ ഇതിവൃത്തം ക്രിസ്തുദേവന്റെ പുരോഗാമിയായ വിശുദ്ധ സ്നാപക യോഹന്നാന്റെ ദിവ്യചരിതമാണ്. ഈ ചരിത്രം എത്രമാത്രം പുളകപ്രദമാണെന്നു പ്രത്യേകം പറഞ്ഞറിയിക്കേണ്ടതില്ല. വൃദ്ധനായ സക്കറിയായ്ക്കും അദ്ദേഹത്തിന്റെ ധർമ്മപത്നിയായ എലിസബേത്തിനും ദൈവകാരുണ്യത്താൽ ലഭിച്ച സന്താനരത്നമാണ് യോഹന്നാൻ. തന്റെ ഭാര്യ അന്തർവത്നിയാകുമെന്നരുളിച്ചെയ്ത ദൈവദൂതന്റെ വാക്യം പരിപൂർണ്ണമായി വിശ്വസിക്കുവാൻ മടിച്ച സക്കറിയായ്ക്കു തന്നിമിത്തം സംഭവിച്ച മൂകത്വം പുത്രന്റെ ജനനത്തോടുകൂടി വിട്ടുമാറി. സ്വല്പകാലം കഴിഞ്ഞപ്പോൾ ക്രിസ്തുദേവനും അവതരിക്കുകയും അവിടുത്തെ വധിക്കണമെന്നുള്ള ദുരുദ്ദേശ്യത്തോടുകൂടി ജേറുസലേം ഭരിച്ചിരുന്ന ഹേറോദേസ് രാജാവ് (Herod the Great) ആ നാട്ടിൽ രണ്ടു വയസ്സു തികയാത്ത ആൺകുട്ടികളെ മുഴുവൻ കൊലചെയ്യുന്നതിനു് ആജ്ഞാപിക്കുകയും ചെയ്തു. അതു കേട്ടു് ഭയാക്രാന്തയായ എലിസബേത്തു് അവിടംവിട്ടു പലായനം ചെയ്യുകയും ഒരു മരുഭൂമിയുടെ മദ്ധ്യത്തിൽ ജഗൽപിതാവിന്റെ കാരുണ്യത്താൽ പ്രകടീഭവിച്ച ശാദ്വലപ്രദേശത്തിൽ ഒരു ഗുഹയ്ക്കകത്തു് നാല്പതു ദിവസം പുത്രനോടൊത്തു കഴിച്ചുകൂട്ടുകയും ചെയ്തു. എലിസബേത്തു് അപ്രതീക്ഷിതമായി അവിടെവെച്ചു കാലധർമ്മംപ്രാപിച്ചു. "അരക്ഷി

തം തിഷ്ഠതി ദൈവരക്ഷിതം" എന്ന ന്യായമനുസരിച്ച് അനാഥനായ ആ ശിശുവിനെ മാലാഖാമാർതന്നെ ലാളിച്ചുപോററി. ഉദ്ദേശം മുപ്പതു വയസ്സാകുന്നതുവരെ അത്തരത്തിൽ സന്യസ്ഥക്കായിത്തന്നെ വളൎന്ന യോഹന്നാൻ ഒരു യോഗിയായി മരുഭൂമി വിട്ട് യോർദ്ദാൻ നദീതീരത്തിൽ എത്തി യഹൂദന്മാൎക്കു സദുപദേശങ്ങൾ നല്കി അവരെ ജ്ഞാനസ്നാനം ചെയ്യിച്ചു. അദ്ദേഹത്തിൻെറ യശസ്സ് നാടെങ്ങും പ്രസരിച്ചു. ക്രിസ്തുദേവൻ പോലും അദ്ദേഹത്തിൽനിന്നും ജ്ഞാനസ്നാനം സ്വീകരിച്ചു. കുറേക്കാലം കഴിഞ്ഞ്, റോമ്മാ ചക്രവൎത്തിയുടെ ... മന്തനായി ഗാലീലരാജ്യം ഭരിച്ചിരുന്ന ഹേറോദേസ് അൻറിപ്പാസിൻെറ (Herod the Antipas) അപഥസഞ്ചാരം ജനങ്ങൾക്ക് അതി ദുസ്സഹമായിത്തീൎന്നപ്പോൾ നിവൃത്തിയുണ്ടെങ്കിൽ അതിൽനിന്നും വിനിവൎത്തിപ്പിക്കുവാൻ വേണ്ടി യോഹന്നാൻ ആ പാപിയെച്ചെന്നുകണ്ടു് ഉപദേശിക്കുകയും അതിൽവെച്ച് ക്രുദ്ധനായിത്തീൎന്ന ഹേറോദേസ് തൻെറ പ്രേമ ഭാജനമായ ഹേറോദ്യ എന്ന വേശ്യയാൽ പ്രേരിതനായി യോഹന്നാനെ ബന്ധനസ്ഥനാക്കുകയും ചെയ്തു. ഒടുവിൽ ഹേറോദ്യായുടെ പുത്രിയും അവളെപ്പോലെതന്നെ ദുഷ്ടയുമായ സാലോമിയുടെ നൃത്തഗീതങ്ങളിൽ മതിമറന്നു് ഹേറോദേസ് അവൾക്ക് അഭീഷ്ടദാനം ചെയ്യുവാൻ സന്നദ്ധനാകുകയും, ആ തക്കം കണ്ടു് മാതാവിൻെറ ഉപദേശമനുസരിച്ച് അവൾ യോഹന്നാൻെറ കഴുത്തറുത്ത് തല ഒരു താലത്തിൽ വെച്ച് തനിക്കു സമ്മാനമായി നൽകണമെന്നപേക്ഷിക്കുകയും ചെയ്തു. ഹേറോദേസ് ആ അപേക്ഷയ്ക്കു വഴിപ്പെട്ടു; യോഹന്നാൻ യശോമാത്രശരീരനായി. പക്ഷെ ആ മഹാപാതകത്തിനു മേൽ ഹേറോദേസിനു ലോകത്തിൽ അധികംനാൾ ഐശ്വൎയ്യസുഖം അനുഭവിക്കുവാൻ സംഗതി വന്നില്ല.

"അധൎമ്മേണൈധതേ ലോക-
സ്തതോ ഭദ്രാണി പശ്യതി;
തതസ്സപത്നാൻ ജയതി;
സമൂലസ്തുവിനശ്യതി." എന്നുണ്ടല്ലൊ. ഹേറോദേസിൻെറ പിന്നീടുള്ള ഉദ്യമം റോമൻചക്രവൎത്തിയെ ദ്രോഹിക്കുകയെന്നുള്ളതായിരുന്നു. അപ്പോൾ ചക്രവൎത്തിയുടെ നിശി

തമ്മ അധികാരഖഡ്ഗം ആ ദുഷ്ടൻെറമേൽ പതിച്ചു. ഹേറോദേസ് സ്ഥാനഭ്രഷ്ടനായി, "പേപ്പട്ടിയേപ്പോലെ" അലഞ്ഞു തിരിഞ്ഞു മരിച്ചു. ഹേറോദ്യായും സാലോമിയും പട്ടിണികിടന്നു, തെണ്ടിത്തിന്നു, കഷ്ടംപിടിച്ച് ഒടുവിൽ ചത്തൊടുങ്ങി. ഭൂമിയുടെ ഭാരം തെല്ലൊന്നടങ്ങി.

ഇതാണ് കഥ. കരുണം, അത്ഭുതം, വീരം, ശൃംഗാരം മുതലായ രസങ്ങൾക്കും, വാത്സല്യം ഭക്തി തുടങ്ങിയ ഭാവങ്ങൾക്കും ഇതിൽ പല വർണ്ണനോചിതങ്ങളായ മർമ്മസ്ഥാനങ്ങളുണ്ട്. അവയെല്ലാം നമ്മുടെ കവി വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തി, ധാരാളം ഉൽകൃഷ്ടങ്ങളായ തത്വരത്നങ്ങൾ വാരി വിതറി, അനുവാചകന്മാരുടെ ഹൃദയങ്ങളെ ഈശ്വരോന്മുഖങ്ങളാക്കുവാൻ സർവ്വഥാ പര്യാപ്തവും, അത്യന്തം ഗുണഭൂയിഷ്ഠവുമായ ഈ ഖണ്ഡകാവ്യം നിർമ്മിച്ചിരിക്കുന്നു. പ്രായേണ "ലളിതകോമളകാന്തപദാവലി"യെക്കൊണ്ടു നിബദ്ധവും അത്യന്തം പ്രസാദസുഭഗവുമായ ഒരു കൃതിയാകുന്നു രക്തകാന്തി. സഹൃദയന്മാരുടെ ഹൃദയഭിത്തികളിൽനിന്ന് ഒരിക്കലും മാഞ്ഞുപോകാത്ത പല ചിത്രങ്ങൾ അദ്ദേഹം ഇതിൽ ഘടിപ്പിച്ചിട്ടുണ്ട്.

ഉപോൽഘാതം കഴിഞ്ഞു കഥ തുടങ്ങുന്നതുതന്നെ

"പക്ഷി ചിലച്ചില്ല, വൃക്ഷം ചലിച്ചില്ല,
നക്ഷത്രകാന്തിയും മങ്ങിയില്ല;
പാടവം കൈക്കൊണ്ടു ജീവികളീശനെ-
പ്പാടിപ്പുകഴ്ത്താൻ തുടങ്ങിയില്ല.
ഹന്ത! വയോധികയായൊരുനാരിയാൾ
സ്വന്തമാം പാർപ്പിടം വിട്ടിറങ്ങി.
കോപമൊതുങ്ങാഞ്ഞോ, ശീതം സഹിയാഞ്ഞോ
വേപഥുപൂർണ്ണയായ്പ്പോവതെങ്ങോ?"

എന്നിങ്ങനെ വായനക്കാരുടെ ജിജ്ഞാസയെ ഉദ്ദീപനം ചെയ്തുകൊണ്ടാണ്.

ഹേറോദേസിൻെറ കിങ്കരന്മാരുടെ ശിശുമാരണോദ്യമം കവി താഴെക്കാണുന്ന വിധത്തിൽ വർണ്ണിക്കുവാൻ ആരംഭിക്കുന്നു.

വേട്ടയ്ക്കു സന്നാഹം കൂട്ടിപ്പുറപ്പെട്ടു
കാട്ടിൽ കയറിയ വേടർപോലെ
പട്ടണഗ്രാമങ്ങൾ തോറും നടന്നവർ
കുട്ടികളെങ്ങെങ്ങെന്നാരായുന്നു.
കാണുന്ന പിഞ്ചുകിടാങ്ങളെക്കൈവാളി-
ന്നൂണാക്കിത്തീർക്കുന്നു കാൽക്ഷണത്തിൽ.
ചെററപ്പുരയ്ക്കുള്ളിൽ പോററും ശിശുക്കളെ-
ക്കൂററന്മാർ കണ്ടിട്ടിച്ചെറിഞ്ഞിടുന്നു.
തൊട്ടിലിൽക്കുഞ്ഞിനെത്തൂക്കിപ്പിടിച്ചെ[illegible]ാൾ
വെട്ടുന്നു; ദൈവമെ! പാഹി! പാഹി!!............"

എലിസബേത്ത് കണ്ട ശാഡ്വലപ്രദേശത്തിൻെറ പ്രശംസനത്തിൽ ഒരു ഭാഗമാണ് ചുവടേ ഉദ്ധരിക്കുന്നത്.

"ഞെട്ടററു വീഴുന്നു തേനൊലിപ്പുകപാങ്ങൾ
കൂട്ടമായ്ക്കമ്പുകളാടിടുമ്പോൾ;
പത്തുനൂറായിരം പഞ്ചവർണ്ണക്കിളി
തത്തയും പ്രാക്കളും മേളിക്കുന്നു;
ചുററിപ്പറക്കുന്നു കാകൻ കരിങ്കുയി-
ലൂററത്തിൽപ്പായുന്നു വൻ കഴുകൻ.
പാടുന്നു പൈങ്കിളി ചാടുന്നു മക്കട-
മോടുന്നു പേടമാൻ കാടുനീളെ.
കൂവുന്നു കോകിലമാടുന്നു കേകിയു-
മാവനമാനന്ദ നൃത്തരംഗം."

സ്ഥാലീപുലാകന്യായേന ഞാൻ ഇങ്ങനെ ഏതാനും ചില വരികൾ എടുത്തു ചേക്കുന്നു എന്നേയുള്ളൂ. എല്ലാ ഘട്ടങ്ങളും ഏകദേശം ഇത്തരത്തിൽ തന്നെ ശ്രുതിമധുരങ്ങളായിട്ടുണ്ട്. ഒടുവിൽ കവി തൻെറ രോഗസ്ഥിതിയെപ്പററി ദൈവത്തോടു ചെയ്യുന്ന പ്രാത്ഥന അശ്രുബാഷ്പധാര കൂടാതെ വായിക്കുവാൻ സാധിക്കുന്നതല്ല.

"സാധുവാമെന്നെയും കാക്കണേ! നാഥാ! ഞാൻ
ബാധിച്ചബാധിതൻ പഞ്ചപാപി.
പോരെങ്കിൽ കൂനിൽക്കുരുവെന്നപോലവേ
നീരിനാൽ വണ്ണിച്ചു കാല്യമിപ്പോൾ.

രക്തവാതാമയമെന്നെപ്പിടിച്ചോരു-
കട്ടിലിലയ്യോ! കിടത്തി കഷ്ടം!
നെയ്യും തളങ്ങളും തൈലവും നിത്യമീ-
മെയ്യിൽ മുടങ്ങാതെ പൂശുകയാൽ
ചൂഴവും കുന്നിച്ചു കൂട്ടമെറുമ്പുക-
ളേഴയാമെന്നെ വലച്ചിട്ടുമ്പോൾ
മർത്തിതമാമുനി തൻകഥയിങ്ങനെ
കുത്തിക്കുറിച്ചു ഞാൻ; കുററമുണ്ടോ?"

ദൈവം ഈ പ്രാർത്ഥന നിശ്ചയമായി ചെവിക്കൊള്ളുമെന്നും തന്നിമിത്തം നമ്മുടെ സ്നേഹിതൻ വേഗത്തിൽ വീണ്ടും അരോഗദൃഢഗാത്രനാകുമെന്നും ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

"വാവിട്ടുകേഴേണ്ടാ വീരപ്രസൂതികേ!
ദേവനുബാധിയ്ക്കുബാധയില്ല" എന്ന് ഈ ഗ്രന്ഥത്തിൽ അദ്ദേഹം തന്നെ അന്യത്ര പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇത്തരത്തിൽ ബൈബിളിലെ സരസങ്ങളായ ഇതര കഥാഭാഗങ്ങളേയും ഉപജീവിപ്പിച്ചു പല മനോഹരങ്ങളായ ഖണ്ഡകാവ്യങ്ങൾ രചിച്ചു കൈരളിയെ ധന്യയാക്കുവാൻ നമ്മുടെ ഈ അനുഗൃഹീതനായ ക്രിസ്തീയകവിയ്ക്കു അവസരം ലഭിക്കുമാറാകട്ടെ. 'രക്തകാന്തി' അത്യന്തം പ്രചുരമായ പ്രചാരത്തെ അനുപദം അർഹിക്കുന്നു; അതിനെ അവതരിപ്പിക്കുന്നതു് ആനന്ദപ്രദവും അഭിമാനജനകവുമായ ഒരു കൃത്യമായി ഞാൻ കരുതുകയും ചെയ്യുന്നു. വിശിഷ്ടമായ ഈ കാവ്യത്തിന് വിശ്വതോമുഖമായ വിജയം സിദ്ധിക്കുമെന്ന് അസ്മാദൃശന്മാക്കു പ്രതീക്ഷിക്കുവാൻ എല്ലാവിധത്തിലും അവകാശമുണ്ടു്.

ഉള്ളൂർ എസ്. പരമേശ്വരയ്യർ.
(ഒപ്പ്)

തിരുവനന്തപുരം
30—6—'39.

# മുഖവുര.

---

രണ്ടു വർഷങ്ങൾക്കു മുമ്പ് ഞാൻ അമലോത്ഭവയായ ദൈവജനനിയെപ്പററി 'നാഗമർദ്ദിനി' എന്നൊരു ഖണ്ഡകാവ്യം എഴുതി പ്രസിദ്ധപ്പെടുത്തിയതിനെത്തുടൎന്ന്, സ്വമാതാവിൻെറ ഉദരത്തിൽവെച്ചുതന്നെ നിൎമ്മലനാകപ്പെട്ട 'സ്നാപകയോഹന്നാ'നെ അധികരിച്ച് ഈ ഖണ്ഡകൃതി രചിക്കുവാനുള്ള പ്രാരംഭ[illegible]ങ്ങൾ നടന്നു. എന്നാൽ ഇടയ്ക്കു നേരിട്ട ചില പ്രതിബന്ധങ്ങളാൽ അതിൻെറ പൂരണത്തിൽ ദത്തശ്രദ്ധനാകാതെ "സുകൃതീന്ദ്രൻ" എന്നൊരു സംഗീതപ്രഹസനം എഴുതി പ്രസിദ്ധപ്പെടുത്തുവാനാണ് സംഗതിയായത്. അനന്തരം 'രക്തകാന്തി' ഏതാണ്ടിപ്രകാരം പൂൎത്തിയാക്കാൻ സാധിച്ചു.

പന്ത്രണ്ടു ഭാഗങ്ങളുള്ളതും അല്പം ദീർഘിച്ചതുമായ ഈ ഖണ്ഡകാവ്യം പല വൃത്തങ്ങളിൽ രചിക്കപ്പെടണമെന്നായിരുന്നു എൻെറ വിചാരം. എന്നാൽ 'മഞ്ജരി' പലവിധത്തിൽ ചൊല്ലാവുന്നതുകൊണ്ടും ഉള്ളൂർ, ആശാൻ, വള്ളത്തോൾ എന്നീ മഹാകവികൾ അവരുടെ ഖണ്ഡകാവ്യങ്ങൾ മുഖേന ഇക്കാൎയ്യത്തിൽ വേണ്ട ഉറപ്പു തരുന്നതുകൊണ്ടും ഒരേ വൃത്തത്തെത്തന്നെ അവലംബിക്കാൻ ഞാൻ ധൈൎയ്യപ്പെട്ടതാണ്.

വിവിധങ്ങളായ ജോലിത്തിരക്കുകൾക്കിടയിൽ ഈ കൃതി സശ്രദ്ധം പാരായണംചെയ്ത് ആശയബഹുലവും പ്രോത്സാഹജനകവുമായ ഒരവതാരിക എഴുതിത്തന്ന്, എന്നെയും എൻെറ ഈ വിനീത സാഹിത്യപരിശ്രമങ്ങളേയും അനുഗ്രഹിക്കുകയും അഭിനന്ദിക്കുകയും ചെയ്ത മഹാമനസ്കനും പണ്ഡിതാഖണ്ഡലനുമായ മഹാകവി സാഹിത്യഭൂഷണൻ റാവുസാഹിബ് ബ്രഹ്മശ്രീ ഉള്ളൂർ എസ്. പരമേശ്വരയ്യർ എം. ഏ., ബി. എൽ., എം. ആർ. ഏ. എസ്. അവർകളോട് ഞാൻ അത്യന്തം കൃതജ്ഞനാണെന്നുള്ള വിവരം ഇവിടെ സസന്തോഷം രേഖപ്പെടുത്തിക്കൊള്ളട്ടെ.

എൻെറ സാഹിത്യപ്രവൎത്തനങ്ങളിൽ എന്നെ ഹൃദയപൂൎവ്വം പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്ന പണ്ഡിതന്മാരോടും

എനിക്കുള്ള കൃതജ്ഞത നിസ്സീമമാണ്. ഈ കൃതി സശ്രദ്ധം പരിശോധിച്ച്, വിശ്വാസത്തിനും സന്മാർഗ്ഗത്തിനും വിപരീതമായി യാതൊന്നുമില്ലെന്നു സാക്ഷിപ്പെടുത്തിയ വേദശാസ്ത്രപണ്ഡിതനും ഒരു നല്ല സാഹിത്യപ്രണയിയുമായ റവ. ഫാദർ സിറിയക്ക് നടക്കുഴയ്ക്കൽ പി. എച്ച്. ഡി., ഡി. ഡി. അവർകളോടും, ഇതിൻെറ മുദ്രണകൃത്യം ഭംഗിയായി നിർവ്വഹിച്ചുതന്ന കത്തോലിക്ക മിഷ്യൻപ്രസ്സ് ഭാരവാഹികളോടുമുള്ള എൻെറ കൃതജ്ഞതയെ പ്രകാശിപ്പിച്ചുകൊള്ളട്ടെ.

എൻെറ സകലവിധമായ അഭ്യുന്നതികൾക്കും കാരണഭൂതനായ കോട്ടയം മെത്രാനച്ചൻ ഡാക്ടർ അലക്സാണ്ടർ ചൂളപ്പറമ്പിൽ തിരുമനസ്സിലെ മെത്രാഭിഷേക രജതജൂബിലിസ്മാരകമായി, സവിനയം ആ നിതാന്തവന്ദ്യപിതാവിനു സമർപ്പിക്കപ്പെട്ടിരിക്കുന്ന "രക്തകാന്തി", ആധുനികലോകത്തിന് ഏതെങ്കിലും വിധത്തിൽ ഉപകാരപ്രദമായിത്തീരുമെങ്കിൽ അതുകൊണ്ടുതന്നെ ഞാൻ കൃതകൃത്യനായിക്കൊള്ളാം.

ഗ്രന്ഥകർത്താ.

Sacred Heart Mount.
1—8—1939.



റവ. ഫാദർ ജോസഫ് നെടുന്തറ ഒ. എസ്. എച്ച്.

# വിഷയവിഭാഗം.

ഭാഗം 1.

സന്താനരഹിതയായ എലിസബത്തിൻെറ വിലാപം.

ഭാഗം 2.

സക്കറിയായ്ക്കുണ്ടായ ദിവ്യ ദർശനം. ഗബ്രിയേൽ ദൂതൻെറ ദിവ്യ ദൌത്യം. സക്കറിയായ്ക്കു നേരിട്ട മൂകത്വം ഇത്യാദി.

ഭാഗം 3.

എലിസബത്തിൻെറ മന:ക്ലേശം. ഭൃത്യയുടെ സാന്ത്വനം. സക്കറിയാ ജേറുസലേം വിട്ട് സ്വഭവനത്തിൽ എത്തിച്ചേർന്ന് ആശ്വസിക്കുന്നതു് ഇത്യാദി.

ഭാഗം 4.

ദേവജനിത്രിയും എലിസബത്തും തമ്മിലുള്ള കൂടിക്കാഴ്ച. യോഹന്നാൻെറ ജനനം. നാമകരണം. സക്കറിയായുടെ ഊമത്വം നീങ്ങുന്നതു്.

ഭാഗം 5.

ദിവ്യാവതാരം. ഹേറോദേസിൻെറ ശിശുമാരണോദ്യമം. സക്കറിയായെ വധിക്കുന്നതു്. എലിസബത്തു പുത്രനുമായ് രക്ഷ പ്രാപിക്കുന്നതു്. എലിസബത്തിൻെറ ചരമം.

ഭാഗം 6.

യോഹന്നാൻ മാലാഖാമാരാൽ സംരക്ഷിക്കപ്പെടുന്നതു്. യോഹന്നാൻെറ വനവാസം.

ഭാഗം 7.

യോഹന്നാൻ മഹാ യോഗിയായി നാട്ടിൽ പ്രത്യക്ഷപ്പെടുന്നതു്. യോർദ്ദാൻ നദീതീരത്തുവെച്ചുള്ള പ്രേഷകവൃത്തി. യഥാർത്ഥ സന്ന്യാസിയെക്കുറിച്ചുള്ള ഒരു ലഘുനിരൂപണം.

### ഭാഗം 8.

ശ്രീ യേശുക്രിസ്തു ജ്ഞാനസ്നാനം സ്വീകരിക്കുന്നതും, അത്ഭുത ദർശനവും, ആകാശവാണിയും. ഹേറോദേസ് അൻറിപ്പാസിൻെറ ദുമ്മാർഗ്ഗജീവിതവും, അയാൾ മഹാ വേശ്യയായ ഹേറോദ്യായെ പരസ്യമായി പരിഗ്രഹിക്കുന്നതും.

### ഭാഗം 9.

ദുമ്മാർഗ്ഗ ജീവിതത്തിൽനിന്ന് പിന്തിരിവാൻ യോഹന്നാൻ ഹേറോദേസ് രാജാവിനെ കണ്ടുപദേശിക്കുന്നതു്. ഹേറോദ്യായുടെ പ്രേരണമൂലം യോഹന്നാൻ ബന്ധനസ്ഥനാക്കപ്പെടുന്നതും, ആ മഹായോഗിയുടെ ദാരുണമായ കാരാലയവാസവും.

### ഭാഗം 10.

ഹേറോദേസിൻെറ നിരുനാൾ ഘോഷം. സാലോമിയുടെ നൃത്തം. യോഹന്നാനെ ഹിംസിക്കുവാനുള്ള ഹേറോദ്യായുടെ കൌശലം.

### ഭാഗം 11.

യോഹന്നാൻെറ കണ്ഠമറുത്ത് ഒരു താലത്തിൽ സമ്മാനമായ് ലഭിക്കണമെന്നുള്ള സാലോമിയുടെ പാടവമേറിയ ദുശ്ശാഠ്യം. അതിനു ഹേറോദേസ് വഴിപ്പെടുന്നതു്. യോഹന്നാൻ വധിക്കപ്പെടുന്നതു്. നൃത്തത്തിന് പാരിതോഷികമായ് ഒരു വെള്ളിത്താലത്തിൽവെച്ച് കിട്ടിയ സ്നാപകയോഹന്നാൻെറ കണ്ഠം പുത്രി മാതാവിനു കാഴ്ചവെയ്ക്കുന്നതു്. യോഹന്നാൻെറ മൃതശരീരം സാഘോഷം സംസ്കരിക്കപ്പെടുന്നതു്.

### ഭാഗം 12.

റോമാച്ചക്രവത്തി ഹേറോദേസിനെ നാടു കടത്തുന്നതു്. ഹേറോദേസിൻെറദുമ്മരണം. കഷ്ടബാധിതരായി ഹേറോദ്യായും പുത്രിയും കഷ്ടപ്പെട്ട് തെണ്ടിത്തിരിയുന്നതും, ഒടുവിൽ അതിദാരുണമായി ദുമ്മരണം പ്രാപിക്കുന്നതും.



വി. സ്നാപക യോഹന്നാൻ.

# രക്ത കാന്തി

## അഥവാ

# മർദ്ദിതനായ മഹർഷി.

(മഞ്ജരി)

## ഭാഗം 1.

ആദിമമർത്ത്യനാമാദത്തിൻ പാപത്താൽ
മേദിനിക്കുണ്ടായ താപം തീർക്കാൻ

വിണ്ണിനെക്കൈവിട്ടു മണ്ണിൽപ്പിറന്നൊരു
വിണ്ണവർ നാഥൻെറ മുന്നോടിയായ്

ഭാനുവിന്നുൽഗമം പ്രഖ്യാപനം ചെയ്തു
വാനിൽ വിളങ്ങുന്ന 'വെള്ളി'പോലെ

ക്രിസ്തുവിൻ മുന്നമേ ഭൂജാതനായൊരു
നിസ്തുലൻ യോഹന്നാൻ സ്നാപകൻെറ

കല്മഷാഭാവവും താപസവൃത്തിയും
സന്മാർഗ്ഗജീവിത സംഗരവും,

നീതിക്കായ് ശോണിതം ചിന്തിയ വാർത്തയും
ഖ്യാതാപദാനങ്ങൾ മറ്റോരോന്നും,

വർണ്ണിച്ചു കാവ്യമൊന്നാരചിച്ചീടുവാൻ
നിർണ്ണയിച്ചേ,നതു പാർത്തിടുമ്പോൾ,

മിന്നലിൻ മാഹാത്മ്യം ചിത്രീകരിക്കുവാൻ
മിന്നാമിനുങ്ങിൻെറ യത്നമാവാം!

DEFINITORY T.O.C. LIBRARY
1434
1965

ക്രിസ്തുവിൻ പൂർവ്വഗ! യോഹന്നാൻ സ്നാപകാ!
നിത്യം തരിക നീ നൽവരങ്ങൾ.

കൊണ്ടുപോയീടുന്നു വായനക്കാരെ ഞാൻ
പണ്ടൊരുകാലത്തെക്കൗല്യത്തിങ്കൽ.

പക്ഷി ചിലച്ചില്ല വൃക്ഷം ചലിച്ചില്ല
നക്ഷത്ര കാന്തിയും മങ്ങിയില്ല.

പാടവം കൈക്കൊണ്ടു ജീവികളീശനെ-
പ്പാടിപ്പുകഴ്ത്താൻ തുടങ്ങിയില്ല.

ഹന്ത! വയോധികയായൊരു നാരിയാൾ
സ്വന്തമാം പാർപ്പിടം വിട്ടിറങ്ങി.

കോപമൊതുങ്ങാഞ്ഞോ, ശീതം സഹിയാഞ്ഞോ
വേപഥുപൂർണ്ണയായ്പ്പോവതെങ്ങോ?

ഉത്തുംഗതാപത്താൽ ചിത്തം തകന്നപോൽ
വക്ത്രം വിവർണ്ണമായ്ത്തന്നെ കാൺമൂ!

ആഹാരം വല്ലതും പാകംചെയ്യാതെ നീ
നീഹാരമേല്ക്കുവാനെന്തുബന്ധം?

പെററ പൈതങ്ങളെപ്പോററിപ്പുലത്തുവാൻ
കൊററിന്നു നാടെങ്ങും തെണ്ടുവാനോ?

ഭൂപാലകിങ്കരർ ചെയ്യുമനീതിയാൽ
താപമാന്നാലയം വിട്ടിതോ നീ?

കാമിതമേതൊന്നു കൈവരുത്തീടുവാൻ
ധാമത്തിൽ നിന്നു നീ നിർഗ്ഗമിച്ചു?

ഒററയ്ക്കു പോകുമീ വാർദ്ധക്യമൂത്തിക്കു
മററെങ്ങും കാണ്മീല ലക്ഷ്യമേതും.

നേരേ നടന്നവളെത്തുന്നു ദിവ്യമാ-
മാരാധനാലയമൊന്നിലപ്പോൾ.

ഭക്തിപുരസ്സരം കൈക്കൂപ്പിക്കമ്പിട്ടു;
സിക്തമായ് വാസസ്സു ബാഷ്പാമ്പുലം.

"ഭാരം വഹിച്ചു തളൎന്നവരെല്ലാരും
ചാരത്തണയുവിൻ, വിശ്രമിപ്പിൻ"

എന്നത്രേ പിന്നീട്ട തമ്പുരാൻ കല്പിച്ച-
തെന്നുമീയാഹ്വാനം നില്ക്കുമല്ലോ.

എന്തിന്നായ് നീയേവം കണ്ണീർക്കണങ്ങളി-
ന്നന്തമില്ലാതെ ചൊരിഞ്ഞീടുന്നു?

പാപച്ചുമടിൻെറ ഭാരത്താൽ നീ പശ്ചാ-
ത്താപവിധുരയായ് തീൎന്നതാണോ?

മട്ടോൽ മൊഴികളാം പുത്രിമാൎക്കേകുവാൻ
പട്ടു വസ്ത്രാദികളില്ലെന്നോൎത്തോ?

യൌവനം കൈവിട്ടു വാൎദ്ധക്യദുഃഖത്താൽ
ഭാവുകം പൊയ്പോയ താപമാണോ?

ദാരിദ്ര്യ ദുഃഖമോ രോഗമോ ത്യാഗമോ
നാരീമണേ! നിനക്കാൎത്തിചേൎപ്പൂ?

കൈവരിച്ചുള്ള ദുൎമ്മാൎഗ്ഗങ്ങൾ വല്ലതും
ഭാവന ചെയ്തു നീ ദുഃഖിക്കയോ?

തിന്മ പഠിപ്പിക്കും ചങ്ങാതിമാരൊത്തു
നിന്മകൻ ജീവിതം പേറിടുന്നോ?

അല്ലെങ്കിൽ പുത്രനെക്കാലം കവന്നെട-
ത്തല്ലലിലാഴ്ത്തിയോ നിന്നെയേവം?

ഉല്ലസൽപ്രേമപ്രകാശം വിതറിയ
വല്ലഭൻ നിന്നെ ത്യജിച്ചുവെന്നോ?

അല്ലല്ല, ചെറു പൊറുത്താലവറ്കളെല്ലാ-
രല്ലലറിഞ്ഞിടാൻ സാധിച്ചീടും.

ചൊല്ലുന്നു മെല്ലെയാത്തപ്പയാം വൃദ്ധയാ-
"ളില്ലെനിക്കിന്നൊരു പുത്രരത്നം.

അത്യന്ത ഭക്തിയാന്നാദ്യന്തഹീനനെ
നിത്യവുമാരാധിച്ചീടുന്നു ഞാൻ.

സന്താനമില്ലാഞ്ഞെൻ മാനസം നീറുന്നു;
സന്താപ സിന്ധുവിലാണ്ടുപോയ് ഞാൻ."

താരാട്ടു കേറ്പ്പാനൊരർഭകനില്ലാത്ത
നാരി തൻ ജീവിതം ഭാരമാത്രം!

"ഒററക്കണ്ണാടിക്കാനോമനക്കുഞ്ഞില്ല;
പെററുവളർത്തുവാൻ ഭാഗ്യമില്ല.

സോദരീ ബാലകരോടിക്കളിക്കുന്നു;
മോദം കലന്നവർ ചാഞ്ചാടുന്നു;

പിഞ്ചുകാൽ വെക്കുന്നു, മണ്ണിൽ മറിയുന്നു;
നെഞ്ചലിഞ്ഞീടുന്നു കാണുന്നേരം."

ഇത്രവയസ്സായുമെന്തുനീ കാംക്ഷിപ്പൂ?
വൃദ്ധയ്ക്കു സന്താനം സാദ്ധ്യമാണോ?

എന്തൊരു സങ്കല്പം ചെയ്തുപോയജ്ഞ ഞാ-
നെന്തിനും വല്ലഭൻ സർവശക്തൻ.

സർവ്വചരാചരകർത്താവിൻ കാരുണ്യം
നിർവ്യാജബുദ്ധ്യാ നിനച്ചുനിത്യം

വിശ്വസ്ത ഭക്തയായർത്ഥിച്ചുകൊൾക നീ
വിശ്വേശന്നൊക്കയും സാദ്ധ്യമല്ലോ.

എള്ളോളം വിശ്വാസമുള്ളതിലുണ്ടെങ്കിൽ
തള്ളിയകററിടാം വന്മലയും.

‘അപ്പസ്തോലന്മാർ’തൊട്ടെത്രയോ ഭക്തന്മാ-
രിപ്പാരിലത്ഭുതം ചെയ്തതോർക്കു.

ഏലിശബത്തെന്നു ചൊല്ലുന്നൊരിന്നാരി
കാലം കഴിക്കുന്നു ധ്യാനപൂർവ്വം.

പുത്രനിയന്ത്രണമാചരിപ്പാൻ ചിലർ
ബദ്ധപ്പെട്ടോരോന്നു ചെയ്തിടുന്നു.

സന്താന നാശത്തിൻ തന്ത്രങ്ങളോതുന്നു!
സന്തതിക്കായ് പലരർത്ഥിക്കുന്നു!

വന്ധ്യമാക്കീമന്നിൽ നൽക്ഷമാ ശക്തിയും
ബന്ധുമിത്രങ്ങളിലാദരവും,

വല്ലഭ പ്രേമവുമിത്യാദി യാതൊന്നു-
മില്ലെന്നു ചൊല്ലുന്നു സാധുലോകം.

സ്ത്രീധർമ്മ സർവസ്വം സന്താനരക്ഷണം
ബോധിച്ചുകൊള്ളുവിൻ നാരീമാരേ!

പിള്ളയെത്തോഴിമാർ മൂലം വളർത്തുന്ന
തള്ളമാർ തള്ളുന്നു തൽ സ്വധർമ്മം.

പൃഥ്വിയിൽ സൂതിയാൽ വാച്ചിടും സന്താപം
പുത്രന്റെ പുഞ്ചിരികൊണ്ടു മാറും.

മാല്ലേറിയക്ഷമരായിടും വന്ധ്യമാ-
ക്കേലീശബത്തൊരു മാതൃക താൻ.

## ഭാഗം 2.

ചൊൽക്കൊള്ള "മോറസ്ലേം" പള്ളിയിലെത്തിനാൻ
സക്കറിയാചാൎയ്യൻ സാധുവൃത്തൻ.

കീൎത്തനം പാടിയും പുണ്യസ്ഥലത്തവൻ
ഭക്തനായ് പ്രാൎത്ഥിച്ചും നില്ക്കുന്നേരം

അത്ഭുതദർശനമുണ്ടായിതൊന്നവ-
ന്നത്ഭുതമായ് ഭയമുറത്തടത്തിൽ.

നേത്രങ്ങൾ മങ്ങുന്നു വക്ത്രം വിളറുന്നു
ഗാത്രം വിറയ്ക്കുന്നു വൃദ്ധനപ്പോൾ

കാൎയ്യം ഗ്രഹിക്കാതെ കണ്ണടച്ചീടിനാൻ
സൂൎയ്യനുദിക്കവേ വാവൽ പോലെ.

വേടനെ വീക്ഷിച്ചൊരേണം കണക്കവ-
നോടിയൊളിക്കുവാൻ നിശ്ചയിച്ചു.

ഭീരുതചമേറിയാൽ ധാവനം സാദ്ധ്യമോ?
പോരെങ്കിലിപ്പുമാൻ വൃദ്ധനല്ലീ?

ഏവനും ഭീതി പൂണ്ടമ്പരന്നീടുമ-
ദ്ദിവ്യന്റെ തേജസ്സോ നാലുപാടും

വാതായനങ്ങളിലൂടെ പ്പുറത്തേക്കു
വാരഞ്ചുമാറഹോ! നിൎഗ്ഗളിച്ചു.

കല്മാഷരശ്മികൾ ബാലാൎക്കൻ കണ്ടിട്ടോ
കാലുഷ്യം പൂണ്ടപോൽ വെന്നീടുവാൻ

കത്തിജ്വലിക്കും തന്നഗ്നി കുണ്ഡത്തിനു
ശക്തി വളൎത്തുവാനാഴി കൂട്ടി

പ്രോജ്ജ്വലന്മൂർത്തിയായൂഴിക്കടുത്തപ്പോൾ
ലജ്ജിച്ചിട്ടാഴിയിലസ്തമിച്ചു.

ആചാരം ചെയ്യുവാനപ്രാപ്തൻ, ശങ്കിത-
നാചാര്യൻ സ്തംഭിച്ചു സന്നധൈര്യൻ.

ശുദ്ധി ചെയ്തീടുവാനായിടാം പള്ളിയിൽ
സിദ്ധൻ തളിക്കുന്ന തീർത്ഥംപോലെ

വെള്ളിന്നൂൽ പോലുള്ള കേശവും മീശയും
തുള്ളിയായ് വീഴ്ത്തുന്നു സ്വേദം മേന്മേൽ.

പള്ളിയിലുള്ളവർ കൊള്ളിയാൻ കണ്ടപോ-
ലുള്ളം വിറച്ചിട്ടു തുള്ളുകയായ്.

നല്ല തിരശ്ശീലയ്ക്കുള്ളിൽ പ്രഭ കണ്ടു
മല്ലന്മാരായോരുമന്ധാളിച്ചു.

മിന്നിയശോഭയാൽ മിന്നൽക്കൊടിയുടെ
പിന്നാലെ വെള്ളിടി വെട്ടുമെന്നു്

ഓർത്തിട്ടോ മൂർച്ഛിച്ചു സാഷ്ടാംഗം വീഴുന്നു
ശാസ്ത്രിമാരൊന്നാകെ കമ്പിതരായ്.

മുക്തിക്കായ് മുത്തമ്മ കണ്ണുനീർ വാർക്കുന്നു
ഭക്തന്മാർ സർവരും മുട്ടൂന്നുന്നു.

തൂങ്ങി മയങ്ങിയോരെന്തെന്നറിയാതെ—
യേങ്ങലടികേട്ടുണർന്നു ഞെട്ടി.

ആരെയും കൂസാത്ത മുഷ്കരനാമൊരാൾ
ഭീരുവായ്ത്തീരുന്നു കാൽക്ഷണത്തിൽ.

മുമ്പിലിരുന്നൊരു വമ്പനാം മാടമ്പി-
യമ്പോ നിരങ്ങുന്നു പിമ്പിലെത്താൻ.

യൂദ പ്രമാണികൾ വാഗ്ദാനം ചെയ്യുന്ന
വേദ പ്രമാണങ്ങൾ കാക്കാമെന്നായ്

തള്ളമാരായോർക്കു ബാധിയ്യം വാച്ചപോൽ
പിള്ള കരഞ്ഞിട്ടും ധ്യാനം തന്നെ.

പന്തിയായ് ചങ്ങലത്തുഞ്ചത്തു തൂങ്ങുന്ന
പള്ളി വിളക്കുകളാകമാനം.

എണ്ണയുണ്ടെങ്കിലുമൊന്നിച്ചു മങ്ങുന്ന
പുണ്യ ദീപങ്ങളേ! ലജ്ജിക്കുന്നോ?

ആകസ്മികമായിട്ടാകാശം വിട്ടിഹ
ലോകത്തിൽ വന്നതിതേതു ദിവ്യൻ?

പാവന പൂജ തൻ ശക്തിയാലെത്തിയ
ദേവേശ ദൂതരിലേകനാമോ?

സൗരഭ്യമേറുന്ന ഹോമ ധൂമത്തോടും
പാരിലെ ബ്ഭക്തന്മാർ ചെയ്യും സ്തോത്രം

സ്വർഗ്ഗത്തിൻ ദുർഗ്ഗത്തെ ബ്ഭേദിച്ചു തീവ്രമായ്
സ്വർഗ്ഗസ്ഥകർണ്ണത്തിലെത്തിയപ്പോൾ

കാരുണ്യവാരിധി കല്പിച്ചയച്ചൊരു
പേരുററ ദൂതരിലാരിതാമോ?

സച്ചിദാനന്ദന്റെ ഭക്തയാമേലി തൻ
സ്വച്ഛമാം പ്രാർത്ഥന കേട്ടു ദേവൻ

കല്പിച്ചു വന്നൊരു സന്ദേശവാഹിക-
നിപ്രഭാകാരനെന്നോർത്തുകൊൾവിൻ.

ചാരത്തു നില്ക്കുന്ന ഭീരുവോടായിട്ടു
കാരുണ്യവാനായ ദേവ ദൂതൻ

DEFINITORY T.O. LIBRARY

പുഞ്ചിരിച്ചന്ദ്രിക തൂകിപ്പരിസര-
മഞ്ചിതമാക്കിക്കൊണ്ടേവമോതി:—

"ഭീതനായ്ത്തീരേണ്ട സക്കറിയേ! നിൻെറ
പൂതമാം പ്രാർത്ഥന ലോകനാഥൻ

ചേലിൽച്ചെവിക്കൊണ്ടു, നിന്നുടെ കാന്തയാ-
മേലീശായ്ക്കുണ്ടാകുമേക പുത്രൻ.

മോഹന ഗാത്രനാമാത്മജന്നേകുക
യോഹന്നാനെന്നുള്ള നാമധേയം.

പൂജ്യനായ്ത്തീരുമപ്പുണ്യവാൻ സ്വർഗ്ഗീയ-
രാജ്യത്തിൽ മർത്ത്യരെയാനയിക്കും.

ഗർഭത്തിൽ വെച്ചു വിശുദ്ധാത്മാവാൽ നിൻെറ-
യർഭകൻ പൂരിതനായ് ഭവിക്കും."

ഏവം തിരുവായ്മൊഴിഞ്ഞൊരു ദൂതനോ-
ടാവിഹ്വലാംഗൻ കഥിച്ചിടുന്നു.

"വാർദ്ധക ക്ലിഷ്ടക്കു സന്താന ലാഭമോ?
വാസ്തവമോ ഭവദ്വാക്യമാവോ!?"

ശങ്കയാലീവിധം ചോദിക്കേ ദൂതൻെറ
കൺകളിൽ ത്തീവ്രമാം കാന്തി മിന്നി.

ഉച്ചമാം നാദത്തിൽ മാലാഖ ചൊല്ലുന്നു:—
"സച്ചിത്സ്വരൂപൻെറ 'ഗബ്രിയേൽ' ഞാൻ.

ദിവ്യമാം സന്ദേശം നിന്നെദ്ധരിപ്പിക്കാ-
നവ്യയ സ്വർഗ്ഗം വിട്ടെത്തി ഞാനും.

വിശ്വസിക്കായ്കയാലൂമനായ് വാഴ്ക നീ
വിശേ്വശദൗത്യം ഫലിക്കുവോളം."

ഏവം കഥിച്ചിട്ടു ദൂതൻ മറഞ്ഞുപോ-
യാവന്ദ്യ വൈദികൻ മൂകനുമായ്.

പ്രാർത്ഥിച്ചിരുന്നവരെല്ലാരുമത്ഭുത-
വാർത്താശ്രവണം കൊതിച്ചു നില്ക്കേ

പൂജിതനായിട്ട മാചാര്യവര്യൻ താൻ
പൂജ കഴിഞ്ഞിട്ടും കുണ്ഠിതത്താൽ

ഗണ്ഡത്തിൽ കണ്ണുനീർ വീഴ്ത്തിക്കൊണ്ടങ്ങനെ
ദണ്ഡിതൻ നല്ലൊരു ദണ്ഡമൂന്നി

വൃദ്ധത്വ ജാതമാം സാദം ഗണിക്കാതെ
മർത്ത്യ സമൂഹത്തിൻ മുമ്പിലെത്തി.

ദിവ്യ സന്ദേശത്തിൻ വാർത്തയെച്ചൊല്ലാന-
ബ്ഭവ്യൻ പണിപ്പെട്ടു, മാർഗ്ഗമില്ല.

ഓർക്കാതെ വന്നൊരു മൂകത്വം കാരണം
വാക്കൊന്നും നാവിലുദിക്കുന്നില്ല.

ആംഗ്യ സഹായത്താ,ലക്ഷമരായോരെ-
സംഗതിയൊട്ടു മനസ്സിലാക്കി.

വൃത്താന്തം നാടെല്ലാം വ്യാപിച്ചു വേഗത്തിൽ
സത്തുക്കളാവാർത്ത വിശ്വസിച്ചു.

വിശ്വസനീയമല്ലിക്കഥയെന്നായി-
ക്കശ്മലർ വാദിച്ചു നാസ്തികന്മാർ.

സുസ്ഥിരമായൊരു വിശ്വാസം കൂടാതെ
മുക്തിക്കായ് പ്രാർത്ഥിച്ചാലെന്തു സാദ്ധ്യം?

ദേവ സൈന്യങ്ങളുമത്ഭുതം കൂറുന്ന
പാവനദൗത്യം ചെവിക്കൊണ്ടിട്ടും

വിശ്വാസം പോരാഞ്ഞിട്ടുമന്നായ് ദീനനാ-
യാശ്വാസമേലാഞ്ഞ പൂജ്യപാദൻ

ഭക്തി വിശ്വാസങ്ങളൊന്നിച്ചു പോക താൻ
യുക്തമെന്നുർവ്വിയിൽ ചേർപ്പൂ പാഠം.

വേണുവിൻ മോഹന രാഗത്തെ വെന്നിട്ടും
വാണിയിലുള്ളൊരു ദൗത്യം കേട്ടും

പാർത്താൽ പ്രഭാകരൻ തൻ തല താഴ്ത്തുന്ന
കർത്താവിൻ ഭൃത്യന്റെ ശോഭ കണ്ടും

സമ്പൂജ്യപാദന്റെ ദിവ്യ സന്ദേശത്തിൽ
സന്ദേഹം കാണിച്ചു, വിസ്മയാർഹം!

എബ്രഹാം തൊട്ട പിതാക്കളും തൻ വിശ്വാസം
ഗബ്രിയേൽ വന്നപ്പോളും വിട്ടുപോയോ?

കഷ്ടത്താൽ പീഡിതനായിട്ടും വിശ്വാസം
നഷ്ടീഭവിക്കാതെ ദീപം പോലെ

ഉത്തമമാതൃക ലോകർക്കു നല്കിയ
സത്തമൻ ജോബിനെ വിസ്മരിച്ചോ?

പൂർണ്ണമായീശനെ യാശ്രയിച്ചായവർ
പൂരിതപുണ്യമാം മുക്തി നേടി.

പററിപ്പോമാചാര്യാ! സന്ദേഹം മർത്ത്യനു
കുററ മററുള്ളവരില്ല പാരിൽ

മോശയെന്നാഖ്യയാൽ പ്രഖ്യാതനാം ദീർഘ-
ദർശിയും ഭക്തിമാനെന്നാകിലും

മാനസേ സന്ദേഹം സംഭൃതമാകയാൽ
കാനാൻദേശത്തു കാൽ കുത്തിയില്ല.

സാഗരവാരിതൻ മീതെ നടന്ന സ-
ന്ന്യാഗിയാം പത്രോസു താണതെന്തോ?

നിത്യ സത്യങ്ങളെ വിസ്മരിച്ചുള്ളൊരു
ഭക്തി വിചാരമേ, വജ്ജ്യം താൻ നീ.

മർത്ത്യ സഹജമാമജ്ഞാനം ഹേതുവാ-
ലത്രയ്ക്കുവിശ്വാസിയായെങ്കിലും

ത്യക്തനായ്ത്തീന്നതില്ലീശനാലിപ്പുമാൻ;
ഭക്തന്നു ദൈവം ശരണമല്ലോ.

അല്ലെങ്കിൽ മർത്ത്യൻെറയായുസ്സിൽ ത്തുച്ഛമാ-
യല്ലോ ഗണിക്കേണ്ടൂ പത്തു മാസം.

സന്താന ലാഭവും മൂകത്വ ലോപവു-
മന്തമ്മോദത്തെ വളത്തുമല്ലോ.

* * * * * *

നശ്വരലോകമേ! നിന്നിലുണ്ടാകുമോ
ശശ്വത്തായ് വല്ലതും വല്ല നാളും?

പണ്ഡിതൻ പാമരൻ സമ്പന്നൻ ഭിക്ഷുവും
മണ്ണായി മണ്ണിലടിഞ്ഞു ചേരും.

എങ്കിൽ ഞാനെന്തിനെൻ ദേഹത്തെച്ചിന്തിച്ചു
സങ്കോചഭീതികൾ തേടിടേണം?

മാററു കുറഞ്ഞ പൊന്നഗ്നിയിൽപ്പോലവേ
നീററുകിപ്പാപിയെസ്സവ്നാഥാ!

കണ്ണുങ്ങൾ പാഴിലായ്; പാപം ശമിക്കുവാൻ
കണ്ണുകൾ കൂടി ഞാൻ കാഴ്ച വെക്കാം.

ഉൽക്കടദുഃഖങ്ങളൊക്കെസ്സഹിച്ചിടാം
ത്തൃക്കനിവൊന്നിനു വേണ്ടി മാത്രം.

## ഭാഗം 3.

സക്കറിയായുടെ മന്ദിരപ്രാന്തത്തിൽ
നില്ക്കുമീ വാർദ്ധക്യ മൂത്തിയാരാം?

പാതയിൽ കൂടി പ്രഭാതത്തിൽ പോകുന്ന
പാന്ഥന്മാരായോരെ നോക്കി നോക്കി

അങ്കണം തൂക്കുമ്പോഴം, ധൂളി ശമിക്കുവാൻ
മങ്ക തളിക്കുന്ന വെള്ളം പോലെ

മുററം മുഴുവൻ നനയും പ്രകാരത്തി-
ലിററിററു വീഴ്ത്തുന്നു ബാഷ്പബിന്ദു.

ക്രന്ദനം ചേർന്നുള്ളൊരാഹ്വാനം കേട്ടപ്പോഴം
മന്ദിരക്കെട്ടിങ്കൽ നിന്ന ദാസി

പെട്ടെന്നു തള്ളിക്കവാടം തുറന്നു വ-
ന്നൊട്ടേറെപ്പേടിച്ചുമാത്തി പൂണ്ടും

മുൻപിലണഞ്ഞു വിനീതയായ് സശ്രദ്ധ-
മൻപോടെ കല്പന കാത്തു നിന്നു.

"ഉത്തമ ഭൃത്യേയെൻ ഹൃത്തടമത്തലി-
ന്നൊത്തൊരു കൂത്തരങ്ങായ് ഭവിച്ചു.

വാർദ്ധക്യ കാലത്തുമേകനായ് നാഥനീ
വൃദ്ധയെ വേർവിട്ടു യാത്ര ചെയ്തു

ഓറശ്ലേം പള്ളിയിലെത്താതിരിക്കുമോ?
നീറുന്നു മാനസമെൻെറ തോഴീ!

ആഹാരം നേരത്തു ചെല്ലാതെ ദുർബല-
ബാഹുക്കൾ കൊണ്ടവൻ ദണ്ഡമൂന്നി

എങ്ങനെ പിന്തിരിഞ്ഞെത്തിടും വർഷീയാ-
നെങ്ങനെയാശ്വാസം തേടണം ഞാൻ?

രോചകമായുള്ള ഭോജനം നല്കുവാൻ
പാചികേയാരുള്ളൂ യാത്രയിങ്കൽ?

ആയാസ വായ്പിനാലാർത്തനായാത്മേശൻ
കായം തളർന്നു കുഴഞ്ഞിരിക്കാം;

ആതപം ബാധിച്ചു മദ്ധ്യാഹ്ന നേരത്തു
പാതയിൽ മൂർച്ഛിച്ചു വീണിരിക്കാം!

നേരം കവിഞ്ഞുപോയ് നേരം കവിഞ്ഞുപോ-
യാരാഞ്ഞിറങ്ങുവാനാരു പാർത്താൽ?"

വന്ധ്യ തൻ രോദനം കേട്ടപ്പോൾ ശാന്തമായ്
സാന്ത്വന വാക്കുകളോതി തോഴി:—

"കഷ്ടമെന്നമ്മേയീ വാർദ്ധക്യ കാലത്തു
കഷ്ടതയെന്തിന്നു കൈവരിപ്പൂ.

അല്ലലാർന്നിങ്ങനെ വല്ലതും ചിന്തിച്ചു
വല്ലായ്മ തേടാതിരിക്കരുതോ?

ഇല്ലിവൾക്കല്പവും സന്ദേഹമെന്നംബ!
വല്ലഭനാപത്തണഞ്ഞിട്ടില്ല.

വ്യർത്ഥ വിചാരത്താൽ ദേഹം തളർന്നിട്ടും
സ്വസ്ഥമായ് മഞ്ചത്തിൽ പോയിരിക്കാം.

കല്യാണശീലരാം നിങ്ങൾക്കു പിന്തുണ-
യില്ലാരുമെന്നു നിനയ്ക്കുവേണ്ടാ.

തേടാമെൻ സ്വാമിയെ വേണ്ടിവന്നാലേതു
കാടും കടലും കടന്നിടാം ഞാൻ"

തൽക്കാലം, മുങ്ങിയുഴല്വവോക്കാശ്വാസം
വദ്ധ്യോൽത്തുരുമ്പുമെന്നുള്ളപോലെ

സാന്ത്വനപ്പൂന്തേൻ നുകന്നവൾ ശാന്തയായ്-
ക്കാന്തനെച്ചിന്തിച്ചു പാത്തു നിന്നു.

അക്ഷികൾ വിശ്രമമേതും കൊടുക്കാതെ
സൂക്ഷിച്ചു വീക്ഷിച്ചു സപ്രഹർഷം

കാണിച്ചു തോഴിയെക്കൈകൊണ്ടു കാന്തനെ;
നാണിച്ചു പാന്ഥനെക്കണ്ടുനാരി.

ദൈവത്തിന്നാജ്ഞപോൽ സംഭവിക്കട്ടെയെ-
ന്നാവന്ദ്യ വൃദ്ധ സമാശ്വസിച്ചു.

*　*　*　*　*　*

ഓറശ്ലത്തേയ്ക്കുള്ളോരദ്ധ്വാവിൽ നട്ടുച്ച
നേരത്തു പോലും തിരക്കു തന്നെ

കെട്ടും ചുമട്ടുമായ് പോകുന്ന പാന്ഥരു-
മ്മൊട്ടേറെഗ്ഗോകുല പാലന്മാരും,

മട്ടോൽമൊഴിമാരുമോരോ തണൽ പററി-
ക്കൂട്ടമായ് വിശ്രാന്തി തേടുന്നോരും,

പാർശ്വസ്ഥലത്തിലെസ്സൗധങ്ങളും പണ്ടു
പാതയിൽ കാണാത്ത കാഴ്ച്ചകളും

നന്ദിച്ചു കണ്ടുകൊണ്ടത്ഭുത സ്തബ്ധരായ്
മന്ദം നടക്കും വിദേശികളും,

നിർദ്ദയം ഭാരം വഹിപ്പിച്ചും കർഷകൻ
മർദ്ദിച്ചും കൊണ്ടുപോം ഗർദ്ദഭവും,

ആരാധനയ്ക്കായി ദേവാലയം തേടി
ദൂരെനിന്നെത്തുന്ന ഭക്തന്മാരും,

എന്നുവേണ്ടാ—സുരാപാനം നിമിത്തമായ്
മന്ദിച്ചു വീഴുന്ന മത്തന്മാരും,

മധ്യാഹ്ന വേളയിൽ വിദ്യാലയം വിട്ടോ-
രധ്യാപകന്മാരും കുട്ടികളും.

ദുർഗ്ഗമമാക്കിയപ്പാന്ഥാവിനെ വേഗം
നിർഗ്ഗമിക്കേണ്ട പഥികർക്കെല്ലാം.

കാഴ്ചകളീവക കാണുകിൽ വല്ലതും
വീഴ്ച പററാമെന്ന ശങ്ക കൊണ്ടോ

കർത്തവ്യ ബുദ്ധി തൻ പ്രേരണ കൊണ്ടോ ചെ-
ററത്തലൊന്നിനും വിധേയനായോ!

ഗൌരവമാർന്നൊരു വൈരാഗിയെപ്പോലെ
കാര്യപ്രസക്തനായ് വൃദ്ധനേകൻ

ജീവിതക്ലേശവും പ്രായാധികത്വവു-
മാവുന്നപോലെ വിളിച്ചു ചൊല്ലി

നേത്രാഭിരമ്യമാം പട്ടണം വിട്ടിതാ
യാത്ര തുടരുന്നു മന്ദം മന്ദം.

തൻ തല താഴ്ത്തി നടക്കയാണപ്പുമാ-
നെന്തോ നിരാശയാൽ തപ്തനായി.

അല്ലെങ്കിൽ സ്വന്തം ജനങ്ങളെക്കാണാഞ്ഞി-
ട്ടല്ലൽപ്പെട്ടീടുകയായിരിക്കാം.

ഈട്ടററു മാറു കവിഞ്ഞു കിടക്കുന്ന
താടിയും ഭാവവും കണ്ടുവെന്നാൽ

ഭക്തന്മാർ ചാരത്തടുത്തിട്ടു നാലഞ്ചു
ചോദ്യങ്ങൾ ചെയ്യാതിരിക്കയില്ല.

മുട്ടോളമെത്തുന്ന നല്ലൊരു കുപ്പായ-
മിട്ടു വടിയൊന്നു മെല്ലെയൂന്നി

മന്ദം നടക്കുന്നു, കാണും ജനങ്ങളോ
വന്ദന വാക്കുകൾ ചൊല്ലീടുന്നു.

സ്വസ്തി ശ്രവിച്ചവനുത്തരം ചൊല്ലുവാൻ
ശക്തിയില്ലാതെയൊട്ടശ്രു തൂകി.

എന്തൊരു കാഴ്ചയപ്പാതയിൽ യാത്രക്കാ-
രെന്തെന്നറിയാതെ ചൊല്ലുകയായ്.

"പുത്തൻ മടിശ്ശീല വീർത്തപ്പോൾ കണ്ടോ നീ
വൃദ്ധനപ്പോലുമിബ്ഭാവഭേദം.

ഒററവാക്കോതിയാലന്തസ്സു താണുപോ-
മൊററയ്ക്കുപോകുമാ സ്വാമിയാക്കും"

ദുഷ്ടവിപോലൊട്ടസംസ്കൃത വാക്കുകൾ
നിഷ്കൃപമക്കൂട്ടർ തട്ടിവിട്ടു.

"അപ്പൂപ്പൻതാടി" പറപ്പിക്കും ക്രീഡയിൽ
തൃപ്തനായ്ത്തീരുന്ന മാരുതൻ താൻ

ഇപ്പരിഹാസം ഗണിക്കേണ്ടതില്ലയെ-
ന്നപ്പാന്ഥനോടൊട്ടുടത്തു ചൊല്ലി.

ശാഖമേൽ നിർബാധം ചാടിക്കളിക്കുന്ന
ശാഖാമൃഗാവലിയുററു നോക്കി

വൃദ്ധൻെറയാലസ്യം കാൺകയാലായിടാം
ബദ്ധാനുതാപം, തുടർച്ചയായി

നല്ല ഫലങ്ങളെത്താഴത്തെററിഞ്ഞിട്ടു
ചില്ലിതോറും ചാടിപ്പിന്തുടന്നു.

ദോഷഫലങ്ങളെദ്രോഷജ്ഞന്മാർ ഭവ്യ-
തോഷഫലങ്ങളായ് മാററും പോലെ

സാനന്ദമക്കായ്കൾ പേറിയും ഭക്ഷിച്ചും
യാനംചെയ്യുന്നോരീ വൃദ്ധനാരാം?

മററാരുമല്ലിവനേലിശബ്ബത്തേ, നി-
ന്നുറേറാരു നായകൻ തക്കമില്ല.

വിശ്വാസസമ്പത്തു നഷ്ടീഭവിക്കയാ-
ലാശ്വാസ ഹീനനായ് സക്കറിയാ.

ആടൽ നിറഞ്ഞ തൻ പത്നിയെക്കണ്ടപ്പോൾ
വാടിത്തളർന്നുപോയ് സച്ചരിത്രൻ.

ഉത്തമ ചാരിത്ര ശീലയാമേലീശാ
ഭർത്താവിൻ പാദങ്ങൾ ശുദ്ധിചെയ്‌വാൻ

പാത്രം നിറച്ചങ്ങു വാരിയും കോരിക്കൊ-
ണ്ടെത്രയും വേഗത്തിൽ വന്നു നിന്നു.

വള്ളിച്ചെരിപ്പൂരിപ്പൂഴി പുരണ്ട കാൽ
വെള്ളമൊഴിച്ചു വിശുദ്ധമാക്കി.

ഗേഹിനി പാദങ്ങൾ തോർത്തിയനന്തരം
ദേഹത്തിനുണ്ടായ സാദം തീർക്കാൻ

തല്പത്തിൽ ചാരിക്കിടന്നുകൊണ്ടാ ചായ്വൻ
ചില്പാട്ട വിശ്രാന്തി കൈവരിച്ചു.

സ്വാദേറും പാനീയം വാങ്ങിക്കുടിച്ചിട്ടും
വൈദികൻ നാവൊന്നിളക്കുന്നില്ല.

കാരണമെന്തെന്നു ചോദിച്ചറിഞ്ഞീടാൻ
പാരം പണിപ്പെട്ടു ധർമ്മപത്നി.

ശിഷ്യന്മാർ സാദരം വാൎത്തകൾ ചോദിച്ചു
കഷ്ടമാമൂകനോ പാണി നീട്ടി

കാണിച്ചു വാങ്ങിച്ചെഴുത്തുപലകമേൽ
കാണുവാൻ വ്യക്തമായ് സംഭവങ്ങൾ

ഒന്നൊഴിയാതവൻ ഹസ്തം വിറച്ചിട്ടും
നന്നായെഴുതിനാൻ സക്കറിയാ.

അന്തസ്താപാൎത്തനായന്ത്യകാലങ്ങളി-
ലന്തഃസ്ഥിതനായ്ത്താൻ വാണിരുന്നു.

അന്തികത്തെത്തിയ ബന്ധുമിത്രാദിക-
ളമ്പരന്നന്യോന്യം നോക്കിനിന്നാർ.

കാന്തൻെറ കഷ്ടത കാണവേ, സാധ്വിയാൾ-
ക്കെന്തെന്നറിയാതൊരന്തരാൎത്തി.

അന്തസ്താപത്താലങ്ങന്തർഗ്ഗഹത്തിലേ-
ക്കന്തർദ്ധാനം ചെയ്താളന്തൎവ്വത്നി.

സന്താനസൗഭാഗ്യ ചിന്തയാൽ വന്ധ്യയാൾ-
ക്കന്തമില്ലാതുള്ളൊരത്യാമോദം.

സന്താപസന്തോഷജന്യമാം നേത്രാംബു-
വന്തർദ്ധാരയൊപ്പം നിർഗ്ഗളിച്ചു.

വാർദ്ധക്യകാലത്തു ഗർഭിണിയായവ-
ളന്തർഗ്ഗഹത്തിൽ പിന്നൊട്ടുകാലം

സൎവ്വേശൻ നല്കിയ നല്വരം ചിന്തിച്ചു
നിർവ്യാജഭക്തിയിൽ മഗ്നയായി.

നാണിച്ചും ധ്യാനിച്ചും ദൈവത്തെ പ്രാർത്ഥിച്ചും
വാണിതു ധീരയായൊട്ടുകാലം.

## ഭാഗം 4.

ഏലീശാ ഗർഭിണിയായൊരു വൃത്താന്തം
മാലാഖാ ചൊല്ലി ഗ്രഹിച്ചു മേരി *

ആശ്ചര്യോപേതയക്കന്യക ഗർഭിണി
കൊച്ചമ്മയെക്കാണ്മാൻ നിശ്ചയിച്ചു.

കാന്തൻെറ സമ്മതം വാങ്ങിക്കൗതുഹലാൽ
കാന്താംഗിയങ്ങോട്ടു നിർഗ്ഗമിച്ചു.

സമീപം. മന്ദിരപ്രാന്തത്തെ പ്രാപിച്ചു കന്യക
നന്ദിനിറഞ്ഞ ഹൃദയമോടേ

അഞ്ജസാ നന്ദിച്ചു വന്ദനം ചെയ്യുന്നു
മഞ്ജുളഗാത്രിയാം ക്രൂപ്പുകൈയാൽ.

സ്വസ്തി ശ്രവിച്ചപ്പോളേലീശബെത്തിനു
സിദ്ധിച്ചു നാകവരങ്ങളെല്ലാം.

ലോകേശൻ പൂർവ്വഗനേലീശാ തൻ ശിശു
† നാകേശനാഥയെ വീക്ഷിച്ചപ്പോം

ദാഹിച്ചു വേഴാമ്പൽ മാരിയാൽ തൃപ്തമായ്
മോഹം വെടിഞ്ഞു പുളയ്ക്കുംപോലെ

ജന്മത്തിലുണ്ടായ കല്മഷം നീങ്ങിത്താൻ
നന്മയാൽ പൂരിച്ചു തുഷ്ടനായി.

---

* ശ്രീയേശുക്രിസ്തുവിൻെറ മാതാവായ കന്യകമറിയം.

† ക്രിസ്തുവിൻ മുന്നോടിയും ഏലിശബെത്തിൻെറ പുത്രനുമായ യോഹന്നാൻ ഗർഭസ്ഥിതനായിരിക്കവേ തന്നെ ക്രിസ്തുവിനെ ഗർഭം ധരിച്ചിരിക്കുന്ന വിശുദ്ധ മേരിയെ കാണുന്നു.

മാനത്തു കാർ കണ്ടങ്ങാടുന്ന ബർഹിപോ-
ലാനന്ദതുന്ദിലൻ നൃത്തമാടി.

ഹർഷത്താൽ ചാഞ്ചാടി മാതാവിൻ ഗർഭത്തിൽ
വർഷത്തിലാററിലെ മീനം പോലെ.

ആദരവോടപ്പോളേലീശാ ചൊല്ലുന്നു
"മേദിനി തന്നിൽ നീ പാർത്തു കണ്ടാൽ

ഏററവും ഭാഗ്യത്തെയാർജ്ജിച്ചോൾ കാലേന്നീ
പെററിടും പുത്രനെ—രക്ഷകനെ.

എന്നുടെ ദൈവത്തിൻ മാതാവെൻ ചാരത്തു
വന്നണഞ്ഞിടുവാനാരുവാൻ ഞാൻ?

നിന്നുടെ തേന്മൊഴി കേട്ടൊരു മാത്രയി--
ലെന്നുടെ കുക്ഷിയിൽത്തുള്ളി പൈതൽ."

ഇത്യാദി വൃത്താന്തമേലീശ ചൊന്നപ്പോ-
ളുത്തമ കന്യക പാടുകയായ്.

"എൻ ദേഹി ദൈവത്തെയേററം പുകഴ്ത്തുന്നു.
സാനന്ദമെന്നുടെ യാത്മാവെന്നെ

ജീവിപ്പിച്ചീടുന്നോരീശനിൽ മോദിപ്പൂ
ദേവനെൻ താഴ്മയെ തൃക്കൺ പാർത്തു.

പാർത്തലവാസികളിന്നു മുതൽക്കെന്നെ-
ക്കീർത്തിക്കും മംഗല ഗാത്രിയെന്നായ്.

പാർത്തല നായകൻ വൻ കാര്യമീയെന്നിൽ
ചേർത്തല്ലോ, തൻ നാമമേററം ശുദ്ധം.

കാരുണ്യം കൈവരുമീശ്വരഭക്തരാം
പൂരുഷർക്കെന്നുമിപ്പാരിടത്തിൽ.

ഉള്ളംകൈകൊണ്ടവൻ നേടുന്നു വൻ ജയം;
തള്ളുന്നു തിന്മ നിറഞ്ഞോരുള്ളം.

പീനമദാന്ധരെത്തട്ടിമറിച്ചിട്ടാ-
സ്ഥാനത്തുയർത്തുന്നു സാധുക്കളേ.

സമ്പന്നന്മാരെത്താൻ യാചകരാക്കീടും;
ക്ഷുത്തുള്ളോർക്കനൽഹമന്നമേകും.

ഇസ്രായേൽ ഭൃത്യനു വൻതുണ നല്കിനാൻ;
നിത്യസ്മരണാർഹം തൽ കാരുണ്യം."

ആത്മാവിൽ ജൃംഭിച്ച ഗർഭിണിമാരവ-
രാത്മാർത്ഥസ്നേഹത്താൽ മൂന്നു മാസം

ഒന്നിച്ചു പാർത്തിട്ടു ധന്യയാം കന്യക
പിന്നെപ്പിരിഞ്ഞുപോയ് മംഗലാംഗി.

അർഭകചിന്തയാൽ നൊന്തവളാപൂർണ്ണ-
ഗർഭിണിയായ്; സൂതി കാലം വന്നു.

പ്രൗഢയായുള്ളോരാഗ്ഗർഭിണി തന്നുടെ
പീഡകളീശ്വര സന്നിധിയിൽ

കാഴ്ചയായ് വെക്കുന്നു, ദേവാലയങ്ങളിൽ
നേർച്ചകൾ നേരുന്നു ഭക്തിപൂർവം.

മൗനിയാമാചാര്യവര്യനും വേണ്ട പോൽ
ധ്യാനം മുറയ്ക്കു നടത്തിടുന്നു.

തന്തിരുമേനി കനിഞ്ഞപ്പോൾ വൃദ്ധയാം
വന്ധ്യയും മാതാവായ് തീർന്നുവല്ലോ.

നാരീശിരോമണിയാരോമൽ കുഞ്ഞിൻെറ
ചാരുസ്വരൂപത്തെന്നിന്നിമേഷം

ദർശിച്ചു, വിശ്വാസം നേടുവാനെന്നപോൽ
സ്പർശിച്ചു ചുക്കിച്ചുളിഞ്ഞ കൈയാൽ.

പിഞ്ചുകുമാരന്റെ തേജസ്സാൽ നേത്രങ്ങൾ
മഞ്ചുന്നു ബാലാർക്കഭാസ്സിനാൽ പോൽ.

ഉന്നതാനന്ദമാ വീട്ടിൽ വിതച്ചിതു
നന്ദനനോജസ്വി സുന്ദരാംഗൻ.

തിങ്കൾക്കലയ്ക്കൊപ്പം മിന്നുന്ന ബാലന്റെ
കൺകൾക്കുമത്ര ലോഭനീയം!

പങ്കവിഹീനന്റെ മംഗളമാം ദ്യുതി
പങ്കജം കാൺകവേയാദരവിൽ

സായാഹ്ന നേരത്തു കൂപ്പി ദളങ്ങളേ
തോയത്തിൽ നിന്നങ്ങു വന്ദിക്കുന്നു.

പാപം പെരുത്തൊരു പാരിൽ പിറക്കയാൽ
പാവനനായവനീർഷ്യപൂണ്ടോ,

കാലിട്ടടിയ്ക്കുന്നു കണ്ണൊട്ടടയ്ക്കുന്നു;
ചാലേ തുറക്കുന്നു ദർശിക്കുന്നു.

കൈകളുയർത്തുന്നു തന്നെയെടുക്കുവാൻ
ലോകൈകനാഥനോടർത്ഥിക്കയോ!?

തെല്ലുമൊരാശ്വാസമില്ലെന്നു കണ്ടിട്ടാം
മെല്ലെക്കരയുന്നു ചെല്ലപ്പൈതൽ.

നേർച്ചയാലുണ്ടായ സന്താനരത്നത്തെ-
ച്ചാർച്ചക്കാർ കാണുവാനോടിയെത്തി.

ആ മഞ്ജു പൂമേനി തൊട്ടവർക്കെല്ലാർക്കും
രോമാഞ്ചമുണ്ടായി മെയ്യിലെങ്ങും.

മുത്തശ്ശി തപ്പി ത്തലോടുന്നു കുഞ്ഞിനെ
മുത്തിമാർ മുത്തുന്നു മാറി മാറി.

കൈയിലെടുക്കുന്നു താഴത്തു വയ്ക്കാതെ
മെയ്യോടു ചേർക്കുന്നു പൊന്നു പോലെ.

വാർത്ത കേട്ടെത്തിയ സാധു ജനങ്ങളു-
മെത്തി നോക്കിക്കണ്ടു തൃപ്തരായി.

ആഗമിച്ചീടുവാനപ്രാപ്തരാം വൃദ്ധ-
രോഗിണിമാർ കഥ വിസ്തരിച്ചു.

"കേട്ടാലുമെന്തൊരു ക്രൂരതയാണെൻ കൂട്ടരേ!
പെട്ടെന്നു കാലം മറിഞ്ഞു പോയോ!?

കാണുവിനത്ഭുതം കൂറുന്ന കാഴ്ചയി-
ക്ഷോണിയിൽ വാർദ്ധക്യം ഗർഭ കാലം!

മച്ചിയെന്നെല്ലാരും പച്ചിച്ചിരുന്നവൾ
കൊച്ചിനെപ്പെററല്ലോ നല്ല കാലം."

അന്തർഗ്ഗൃഹത്തിലെസ്സംഭവമാരാഞ്ഞി-
ട്ടന്തർ ഹാസം പൂണ്ടു സക്കറിയാ

സന്തുഷ്ടചിത്തനായ് സീമന്ത പുത്രനെ-
യന്തർഗ്ഗൃഹത്തിങ്കൽ ചെന്നു കണ്ടു.

ബന്ധുക്കൾ വേണ്ടപോൽ വട്ടങ്ങൾ കൂട്ടുന്നു
ബന്ധുരമായൊരു സദ്യയ്ക്കായി.

മിത്രങ്ങളും പിന്നെ ച്ചാർച്ചയിൽ പെട്ടോരു
മെത്രയും നേരത്തെ വന്നു ചേർന്നു.

നാട്ടുകാരെല്ലാരും യൂദപ്രമാണിയു-
മെട്ടാം നാളൊന്നിച്ചു കൂടി വീട്ടിൽ.

പക്ഷഭേദം വിനാ ധൎമ്മിഷ്ഠനാചാര്യൻ
ഭിക്ഷുക്കളെല്ലാൎക്കും ഭക്ഷ്യവസ്തു

ധാരാളം സഞ്ചയിച്ചേകി സമൃദ്ധമാ-
യോരോരോ വ്യക്തിയും തൃപ്തി പൂണ്ടു

വാരിയും കോരിയും തിന്നും കുടിച്ചുമാ-
ദ്ദാരിദ്ര്യ മൂൎത്തികൾ നൃത്തമാടി.

മിച്ചമായുള്ളവയെച്ചിലായ് തള്ളാതെ
പിച്ചക്കലങ്ങളിലിട്ടുപോലെ

വച്ചിട്ടു, പെണ്ണുങ്ങൾ പാദപമൂലത്തിൽ
കൊച്ചു കുഞ്ഞുങ്ങളെപ്പാലൂട്ടുന്നു.

സന്നദ്ധരായ് ചില സമ്പന്നർ മുക്തിക്കാ-
യന്നോപ ദംശങ്ങൾ ദാനം ചെയ്യും

സ്വന്തം വലം കൈയാൽ നല്കുന്ന ദാനമ-
തെന്തെന്നറിയല്ലേ വാമ ഹസ്തം.

ഏവം വിശിഷ്ടമാം തത്വം സമാദരി-
ച്ചാവന്ദ്യ വൈദികൻ ചെയ്ത യജ്ഞം

സർവേശനോടുള്ള നിസ്തുല ഭക്തി തൻ
നിർവ്യാജരൂപമാണെന്നു ചൊല്ലാം.

ചേലൊടൊരുങ്ങുന്നു സജ്ജനമന്നാളിൽ
ചേലാകൎമ്മം ചെയ്തു നാമം ചൊല്ലാൻ

വർഗ്ഗത്തിൽ പെട്ടവർ വാദം നടത്തുന്നു
സക്കറിയായെന്നു പേർ വിളിക്കാൻ.

സൂതകയേലീശാ പൈതലിൻ താതനെ
വാൎത്തയുണൎത്തിപ്പാനൎത്ഥിക്കവേ,

നാമവാദങ്ങൾ നിലച്ചു, ഫലകത്തി-
ലൂമനോ "യോഹന്നാ" നെന്നെഴുതി.

അപ്പേരവരെല്ലാം ചൊല്ലി വിളിക്കയാ-
യപ്പോൾ നടന്നിതൊരത്യാശ്ചര്യം.

മൂകനായ് വാണവൻ സ്തോത്രഗീതങ്ങളാൽ
നാകത്തിൻ നാഥനെ വാഴ്ത്തിടുന്നു.

ഹന്ത! മഹേശ്വര പ്രാഭവം കണ്ടാലും
ചിന്തകമ്മന്യന്മാർ വിശ്വസിക്കാ.

നാസ്തിക ലോകമേ! നിങ്ങൾക്കിസ്സംഭവം
ബുദ്ധിവികല്പമായ്ത്തീൎന്നുപോകാം.

നല്ലേരം വിശ്വാസമില്ലാത്ത മർത്ത്യന്നു
പില്ലാട്ട കണ്ടിടാം സത്യദീപം.



# ഭാഗം 5.

നാകത്തെ കൈവിട്ട "കാൽവരിയി"ൽ തൂങ്ങി
ലോകത്തെയൊന്നാകെ ത്രാണം ചെയ്‌വാൻ

സർവ്വൈകനാഥനാം കാരുണ്യ വാരാശി
ദിവ്യാവതാരത്താൽ മർത്ത്യനായി.

മുപ്പാരും പാലിച്ചു പോരുന്ന നായക-
നിപ്പാരിൽ നിർഗ്ഗേഹനായി പോലും!

മാലോകർക്കുത്തമ മാതൃക കാട്ടുവാൻ
കാലിത്തൊഴുത്തിലവതരിച്ചു.

ആരേയുമാനന്ദപീയൂഷമൂട്ടുമാ-
മ്മേരീതനൂജൻ, ശിശുതാരമ്യൻ

നവ്യമായുള്ളൊരു തേജസ്സുമോജസ്സും
ദിവ്യ പ്രഭാവവുമൊന്നുപോലെ

കാണിച്ചുകൊണ്ടാത്തൊഴുത്തിൽ കിടക്കുന്നു
മാണിക്യം കുപ്പയിലെന്നപോലെ.

അപ്പരിശുദ്ധനെ—പാപാന്ധകാരത്തെ-
യപ്പാടെ പോക്കും വിഭാകരനെ,

രാജാധിരാജനെ—കന്യകാ പുത്രനായ്
ഭൂജാതനായ ദേവാത്മജനെ,

രോഷാന്ധൻ ഹേറോദേസാജ്ഞാപിച്ചീടുന്നു;
ശേഷം ഞാൻ ചൊല്‌കയോ ശാന്തം! പാപം!!

"രണ്ടു വയസ്സിൽ കുറവായിട്ടീ നാട്ടിൽ
കണ്ടിടും കുട്ടികളേവരേയും

കൊല്ലുവാനിക്ഷണമാജ്ഞ ഞാൻ നല്കുന്നു;
ചെല്ലുവിൻ നിങ്ങളെൻ ഭൃത്യന്മാരെ!

നാലഞ്ചു നാൾകളുള്ളിൽ ബാലന്മാർ മേവുന്നൊ-
രാലയംതോറു മണഞ്ഞു നിങ്ങൾ.

എന്തും സഹിക്കുവിൻ, ശോണിതം ചിന്തുവിൻ
സന്തതി യൂദർക്കു കണ്ടുകൂടാ."

ബേദിലേം ഗ്രാമത്തിൽ സംജാതനായൊരു
യൂദാധിനാഥനെ നിഗ്രഹിപ്പാൻ

മൂഢനാം മന്നവൻ കല്പിച്ചമാത്രയി-
ലോടുവാൻ സന്നദ്ധമായി സൈന്യം.

ആയുധമേന്തുന്ന യോധപ്രവരന്മാ-
രായാസം തീർക്കുന്നു കിങ്കരന്മാർ.

വന്മദയാനപോലെങ്ങോട്ടെന്നില്ലാതെ
വല്ലാതെ പാഞ്ഞിതക്കശ്മലന്മാർ.

വേട്ടയ്ക്കു സന്നാഹം കൂട്ടിപ്പുറപ്പെട്ടു
കാട്ടിൽ കരേറിയ വേടർപോലെ

പട്ടണഗ്രാമങ്ങൾ തോറും നടന്നവർ
കുട്ടികളെങ്ങെങ്ങെന്നാരായുന്നു.

കാണുന്ന പിഞ്ചു കിടാങ്ങളെക്കൈവാളി-
ന്നൂണാക്കിത്തീർക്കുന്നു കാൽ ക്ഷണത്തിൽ.

ചെററപ്പുരയ്ക്കുള്ളിൽപ്പോററും ശിശുക്കളെ-
ക്കൂററന്മാർ കണ്ടിച്ചെറിഞ്ഞിടുന്നു.

തൊട്ടിലിൽ കുഞ്ഞിനെ തൂക്കിപ്പിടിച്ചൊരാൾ
വെട്ടുന്നു; ദൈവമേ! പാഹി! പാഹി!!

തന്നേക പുത്രനെ മാറോട ചേത്തിട്ട
കണ്ണുനീർ വാത്തൊരു സാധ്വി നില്ക്കേ

കണ്ടിച്ചു കൈവാളാലേകനാക്കഞ്ഞിൻെറ
കണ്ഠവും കായവും വേറെയാക്കി.

തള്ളയെക്കൈകൊണ്ടങ്ങള്ളിപ്പിടിച്ചൊരു
പിള്ളയെ മുഷ്കരർ നിഷ്ഠുരുണം

തട്ടിപ്പറിച്ചിട്ട തൽക്ഷണം താൻ മര-
പ്പട്ടപോൽ കഷ്ടം! വലിച്ചുകീറി.

പിഞ്ചുകാൽ കൈകളും കേഴുന്ന തായുടെ
നെഞ്ചത്തെറിഞ്ഞവർ തൃപ്തരായി.

നാട്ടിൻപുറങ്ങളിൽ തീവെട്ടിക്കൊള്ളക്കാർ
ക്കൂട്ടമായെത്തിയാലെന്നപോലെ

സമ്പത്തുപേക്ഷിച്ചു സന്താനരക്ഷാർത്ഥം
"പമ്പ കടക്കുന്നു" കർഷകന്മാർ.

ബാലനെ ലാളിച്ചു താരാട്ടുപാടുന്നൊ-
രേലീശാ വാത്തകേട്ടാത്തയായി.

ആറവുനോറവുണ്ടായ തങ്കക്കിടാവിനെ-
പ്പോററുവാനാ വൃദ്ധയെന്തുചെയ്യും?

ഇണ്ടലാന്നീശനെ ഹൃത്തിലുമാമണി-
ച്ചെണ്ടിനെക്കൈയിലുമാക്കിപ്പാഞ്ഞാൾ.

പ്രാണനെയോത്തിട്ട തന്നെയാമേകനായ്
കേണിതാ പോകുന്നു സക്കറിയാ.

രക്തമൊലിക്കുന്ന മാർഗ്ഗത്തിൽ കാൽ തെററി
ശക്തിയായ് വീണിട്ടും മണ്ടി വീണ്ടും.

സങ്കോചം കൂടാതെ ദേവാലയമൊന്നിൽ
സങ്കേതം പ്രാപിച്ചു പീഠത്തിങ്കൽ.

ഗേഹത്തിലെത്തിയാസേന തിരയുന്നു
യോഹന്നാൻ സ്ഥാപകനില്ലപോലും.

ചാതുര്യമേറിയോൻ ധാവനം ചെയ്തു തൻ
പൈതലുമായെന്നു നിശ്ചയിച്ചു.

ചെമ്മരിയാടിനെപ്പിന്തുടന്നീടുന്ന
ചെന്നായെപ്പോലവർ പാഞ്ഞു പിന്നെ.

ശിഷ്യമാചാര്യൻെറ പിൻപിലായാ നര-
വ്യാഘ്രങ്ങരം ക്രോധിച്ചു ചാടിവീണു.

വാളൊന്നുയരുന്നു, ശോണിതധാരയ-
പ്പള്ളിയിലീശ്വരാ! കാൺകവയ്യാ!!

ദൈവത്തെ ഹിംസിപ്പാൻ പായുന്ന മൂർഖന്നു
ദൈവനികേതനം പോക്കളം താൻ!

പാണികരം കൂപ്പിത്താൻ പ്രാത്ഥിക്കും വേളയിൽ
പ്രാണങ്ങരം പായിച്ചു നീചവൃന്ദം.

പാവന നന്ദനർ കാലംപോയ് ചെല്ലമ്പോ-
ളുവ്വിയിൽ സൽകൃത്യം ചെയ്യുമെന്ന്

ഓത്തിട്ടാപ്പാതാളം ഭേദിച്ചിറങ്ങിയ
ശപ്തന്മാരല്ലേയിക്കാലദൂതർ!?

രക്തച്ചൊരിച്ചിലും ക്രൗര്യവും ഭൂപതേ!
യുക്തം നിനക്കിതു രാജധമ്മം!

സിംഹം മൃഗരാജൻ നേരേ മറിഞ്ഞുള്ള
ഹിംസയൊന്നല്ലയോ നിവ്വഹിപ്പൂ.

മന്ദിര, മീർഷ്യയാൽ ചുട്ടെരിച്ചീടുകിൽ
മണ്ടിപ്പോം ചുണ്ടെലി മന്ദബുദ്ധേ!

¶ ദുർമ്മരണം തന്നെ കൈവരിച്ചല്ലോ നീ
കർമ്മഫലമെന്നറിഞ്ഞുകൊൾക.

എത്രയും വേഗത്തിൽ ഗ്രദ്ധമാർഗ്ഗത്തൂടെ
പുത്രനുമായമ്മ രക്ഷപ്പെട്ടു.

ഭീമമായുള്ളൊരു വന്മരുഭൂമിയി-
ലാമാനിനീമണി ചെന്നുചേന്നു.

കൈയ്മെയ് തളന്നവൾക്കാശ്വസിപ്പാനൊരു
തൈമരച്ഛായയുമില്ല കഷ്ടം!

ജീവികളൊന്നില്ല ബ്ഭീരുവിന്നക്കായം
ജീവിതം ഭാരമാണെന്നു വന്നു.

ആതപമൂർച്ഛയാൽ വാടിത്തളരുന്നു
കാതര, തീച്ചൂഴ്ന്ന വല്ലിപോലെ.

വെള്ളം ലഭിക്കാതെയൊരന്നാട്ടിൽ കണ്ണുനീർ-
ത്തുള്ളികൾ തന്നെ കുടിച്ചു തന്വി.

ആശ്രയഹീനയായ് ക്രന്ദനം ചെയ്തവൾ
വിശ്വേശ കാരുണ്യമത്ഥിക്കുന്നു.

വാവിട്ടു കേഴേണ്ട, വീരപ്രസൂതികേ!
ദേവനു ബാധിയ്ക്കു ബാധയില്ല.

രക്ഷകൻ നമ്മുടെ രക്ഷയ്ക്കായ് താനല്ലോ
ശിക്ഷയിലേകുന്നു സങ്കടങ്ങൾ.

---

¶ ഹേറോദേസ് (Herod the Great) ശിശുമാരണം കഴിഞ്ഞ്
അധികം താമസം കൂടാതെ മരിക്കുന്നു.

ഖിന്നയായ് പുത്രനെ മാറോടു ചേർത്തവൾ
പിന്നെയും യാത്ര തുടർന്നിടുമ്പോൾ

ഊഴിയെക്കാക്കുന്ന നാഥൻെറ കാരുണ്യ-
മൂഷരോദ്യാനമായ് തത്രമിന്നി.

ചില്ലകളാരെയോ സ്വാഗതംചെയ്യുമാ-
റുല്ലസിച്ചീടുന്ന ശാഖികളും,

വാരൊളി ചിന്തുന്നൊരച്ഛപ്രസന്നമാം
വാപിയിൽ വാരിയും കണ്ടു തമ്പി.

ക്ലാന്താംഗി കുഞ്ഞിനെച്ചാലേ കുളിപ്പിച്ചു
പൂന്തണ്ണീർ കോരിക്കൊടുക്കയായി.

സ്വന്തം ശരീരവും ക്ഷാളനം ചെയ്തവൾ
സന്താപഹീനയായ് വർത്തിക്കുന്നു.

സന്തതമീശ്വരൻ ഭക്തരിൽ ചേർക്കുന്നു
സന്താപമദ്ധ്യത്തിൽ സന്തോഷവും

തീരത്തിരുന്നവൾ പുഷ്പസുഗന്ധിയാം
മാരുതനേററല്പമാശ്വസിച്ചു.

മിന്നിനിന്നുള്ളൊരു പൂക്കൾക്കായ് യോഹന്നാൻ
തന്നമ്മയോടങ്ങു യാചിക്കുന്നു

മേന്മകലർന്നൊരു പൂവനമന്നേരം
കൺമുമ്പിൽക്കാണായി കമ്രശോഭം.

കാന്താംഗി തന്നുടെ കുന്തലിൽ സന്തതം
ചന്തമായ് ചാർത്തുവാനാഗ്രഹിക്കും

മുല്ല റോസാദികളില്ലവിടെങ്കിലും
നല്ലതരം തന്നെ സഞ്ചയിച്ചാൾ.

പിഞ്ചുകരങ്ങളിൽ പുഷ്പങ്ങൾ ചേർന്നപ്പോൾ
നെഞ്ചകത്താഹ്ളാദമോളം വെട്ടി.

മാനിനി ധാരാളം കാകനിയമ്മണൽ-
ക്കാനന ഭൂമിയിൽ കണ്ടിടുന്നു.

ഞെട്ടററു വീഴുന്നു തേനൊലിപ്പുകപങ്ങൾ
കൂട്ടമായ് കമ്പുകളാടിടുമ്പോൾ.

പത്തുനൂറായിരം പഞ്ചവർണ്ണക്കിളി
തത്തയും പ്രാക്കളും മേളിക്കുന്നു.

ചുററിപ്പറക്കുന്നു കാകൻ കരിങ്കുയി-
ലൂററത്തിൽപ്പായുന്നു വൻ കഴുകൻ.

പാടുന്നു പൈങ്കിളി, ചാടുന്നു മക്കടം,-
മോടുന്നു പേടമാൻ കാട്ടുനീളെ.

കൂവുന്നു കോകില,മാടുന്നു കേകിയു-
മാവനമാനന്ദ നൃത്തരംഗം.

'ഷ്ബുദ'നോടൊക്കമത്തോപ്പിൽനിന്നാർജ്ജിച്ചാൾ
സ്വാദേറും കാകനി വേണ്ടുവോളം

മട്ടോലും നാലഞ്ചു പകൽ പറിച്ചമ്മ
കുട്ടിയ്ക്കു നല്കുന്നു തുംഗമോദാൽ.

വിഹ്വലയാമവൾക്കങ്ങൊരിടത്തൊരു
ഗഹ്വരം ദൃഷ്ടിയിൽ പെട്ടു പിന്നെ.

കണ്മണിയൊന്നിച്ചു നാല്പതു രാപകൽ
കന്ദരഗർഭത്തിൽ പാർത്തുപോലും.

പെട്ടെന്നു വന്നൊരു രോഗത്താലേലീശാ
കഷ്ടമേ! പ്രാപിച്ചു കാലധർമ്മം!

കന്ദരംതന്നിലങ്ങാശ്രയമില്ലാതെ
നന്ദനനേകാകിയായിതയ്യോ!!

താൻതന്നെ ശ്രദ്ധിച്ചിപ്പൈതലെപ്പോററുവാൻ
ഹന്ത! സനാതനൻ നിശ്ചയിച്ചോ!?

മാനുഷഭാവിയതെന്തെന്നറിഞ്ഞീടാൻ
മന്നിലിന്നേവനു സാദ്ധ്യമാകും?

## ഭാഗം 6.

പൈതലെ വേർ വിട്ടു വാർദ്ധക്യ ക്ലിഷ്ടയാം
മാതാവു വിണ്ടലം പുക്കവൃത്തം

തല്ലിക്കരഞ്ഞങ്ങു ലോകം മുഴക്കുവാ-
നില്ലൊരു ബന്ധുവെന്നോർത്തിട്ടാവാം

കാട്ടിലെ ശ്ശാന്തത ഭഞ്ജനം ചെയ്തിതാ
നാട്ടിലേയ്ക്കോടുന്നു ജംബുകങ്ങൾ.

പട്ടാപ്പകൽപ്പോലും താപസവൃത്തിയാ-
ന്നൊട്ടും പറക്കാതെയന്ധരേപ്പോൽ

ആഹാര ഹീനരായ് തൂങ്ങിക്കിടക്കുന്ന
വായസവൈരികൾ കൌശികങ്ങൾ

മെല്ലവേ പാദപ കോടരങ്ങൾ വെടി-
ഞ്ഞല്ലിലിറങ്ങിപ്പറന്നീടുന്നു.

ആത്മസ്വരത്തിലൊന്നത്തു കരഞ്ഞപ്പോൾ
ചിത്തം തകന്നപോൽ മൂളി മൂങ്ങാ.

വൃക്ഷാഗ്ര ഭാഗത്തു തൂങ്ങിക്കിടന്നിട്ടു
പക്ഷങ്ങൾ തല്ലുന്നു വാവലെല്ലാം.

ആഞ്ഞുകിടക്കുന്ന ഭൂരുഹശാഖകൾ
മഞ്ഞിൻ കണങ്ങളെ മെല്ലെ മെല്ലെ

ചിന്നിച്ചിതറുന്നു സന്താപവായ്പിനാൽ
കണ്ണുനീരിററിററു വീഴ്ത്തുംപോലെ.

നേരം പ്രഭാതമായാദ്യന്തഹീനനെ-
പ്പാരം പുകഴ്ത്തുന്നു ജീവജാലം.

കോലക്കുഴൽപോലെ പാട്ടുന്നു പൈങ്കിളി
കോകിലം രാഗമുതിർത്തിടുന്നു.

താഴത്തു വെയ്ക്കാതെ പോററിയ പൈതലി-
ന്നൂഴിയം ചെയ്യുവാനാരിപ്പാരിൽ?

ഗഹ്വരം തന്നിലങ്ങേകാകിയാകുമാ-
യോഹന്നാനാശ്രയമീശ്വരൻ താൻ.

ഗർഭത്തിൽ വച്ചേ താൻ ശുദ്ധനാമർഭകൻ
നിർഭാഗ്യവാനാകാനെന്തു ചെയ്തു?

തപ്തനായ് തീരാതെ യാമിനിയേകിയ
സുപ്തിയിൽ സംതൃപ്തി തേടിയോനെ

എണ്ണമില്ലാതുള്ള മട്ടിൽ മനുഷ്യൻെറ
കർണ്ണം തകക്കുന്ന ഝില്ലിജാലം-

നിത്താതലച്ചലച്ചെന്തിനെന്നില്ലാതെ
നിദ്രയിൽ നിന്നങ്ങുണത്തി കഷ്ടം!

തായ മരിച്ചപ്പോൾ കൂട്ടായിട്ടെത്തുന്നു
കായത്തിൽ ദംശിപ്പാൻ കാട്ടെറുമ്പും.

മാർദ്ദവമേറുമാപ്പൂമേനി വേധിച്ച
ഹൃദ്യമാം ശോണിതം പാനം ചെയ്‌വാൻ

ചാരത്തു കൂട്ടമായ് ചെന്ന മശകങ്ങൾ
പാരം കൊതി മൂത്തു മൂളിനിന്നു.

ചാടിയിറങ്ങിയങ്ങോടി നടന്നിര-
ത്തേടുന്ന മൂഷികരാകമാനം

മാൺപെഴും കുഞ്ഞിൻെറ രോദനം കേട്ടിട്ടും
മാളത്തിനുള്ളിൽ പതിഞ്ഞിരുന്നു.

മാതാവിൻ മാറിൽ ശയിച്ചു സുഖിച്ചൊരു
പൈതലിൻ കണ്ണുനീരാർ തുടയ്ക്കും?

സ്തന്യം ലഭിക്കാതെയേററം പിപാസയാൽ
ഖിന്നനായ് കേഴുന്നു ചെല്ലപ്പൈതൽ.

ഗഹ്വരഗർഭത്തി'ലമ്മേ'!-യെന്നാർത്ത മാ-
മാഹ്വാനം ദേവാ! നീ കേൾക്കുന്നില്ലേ?

പാടലവർണ്ണനാം പൈതൽ തൻമേനിയോ
പാടേ തളർന്നു വിവർണ്ണമായി.

ചുററിപ്പറക്കുന്നൊരാകാശ ജീവിക്കും
കൊററിനു നല്കുന്ന വിശ്വ ശില്പി

ആധാരമില്ലാത്തൊരീമർത്ത്യപോതത്തി-
ന്നാഹാരം നല്കാതിരിക്കയില്ല.

ബാലകാരിഷ്ടത തീർക്കുവാൻ വന്നെത്തി
മാലാഖമാർ ദേവന്നാജ്ഞയാലോ!?

മന്നിൽ പിറന്നൊരു വിണ്ണവർ നാഥൻെറ
മുന്നോടിയാണെന്നു കാൺകയാലോ

നാകേശപ്രേഷ്യരേ! നിങ്ങളും പൈതൽ ത-
ന്നാകാരതേജസ്സാൽ കൃഷ്ടരായോ?

ഓമനക്കുഞ്ഞിനെ കൈയിലെടുത്തവ-
രാമന്ദം ലാളിച്ചു സ്നേഹപൂർവ്വം

കണ്ണീർ തുടയ്ക്കുന്നു സപ്രേമകാരുണ്യ-
മുണ്ണിതൻ ഗണ്ഡം തലോടിടുന്നു.

സുപ്രസന്നാത്മാവായക്ഷണം വന്നെത്തി
ഗബ്രിയേൽ ദൂതനും സംപ്രമോദാൽ

ക്രൂരോടടുത്തവനാചാര്യ്യ പുത്രനെ
മാറോടു ചേർക്കുവാനെന്തുബന്ധം?

വിണ്ടലദൂതരെക്കണ്ടപ്പോഠം കുഞ്ഞിൻെറ
ചുണ്ടിൽ പ്പരന്നിതു മുഗ്ദ്ധഹാസം.

പ്രേഷകന്മാരാകും രക്ഷകർ സ്വാദേറും
ഭക്ഷ്യങ്ങഠം നല്കുന്നു മോദമോടേ.

ക്ഷീരവും പൂന്തേനും കോരിക്കൊടുക്കുന്നു
ചാരുസ്വരൂപൻ നുകന്നീടുന്നു.

തങ്കക്കരങ്ങളാൽ താളമിട്ടർഭകൻ
സങ്കോചം കൂടാതെ പാടിടുന്നു.

കല്യനാം ബാലനു മാലാഖമാരൊരു
പല്ലവതല്പവും തീർത്തു ചെമ്മേ.

കർണ്ണപീയൂഷമാം താരാട്ടിനാലവ-
രുണ്ണിയെ മന്ദമുറക്കിടുന്നു.

പൈതലേ! ശയ്യയിൽ സ്വൈര മുറങ്ങും നിൻ
പൈദാഹം പോക്കിയോരേവരെന്നും,

ക്ഷോണിയിൽ താവക ഭാവിയെന്തെന്നും നീ
കാണുന്നോ, കാന്താര കന്ദരസ്ഥന്‍.

വേണ്ട സംരക്ഷണം ചെയ്തിട്ട സത്വരം
വിണ്ടലവാസികളൂഴി വിട്ടു.

എത്രയും ക്രൂരങ്ങൾ വന്യമൃഗങ്ങളും
മിത്രങ്ങളായ് വന്നു ഗഹ്വരത്തിൽ.

തള്ളയില്ലാത്തൊരു പിള്ളയെക്കണ്ടിട്ട-
ങ്ങുള്ളിൽ തുളുമ്പുന്നൊരാർദ്രതയാൽ

സ്തന്യം കൊടുക്കുന്നു വന്യമൃഗങ്ങളും
ധന്യനാം ബാലന്നു നാളിൽ നാളിൽ.

ചുണ്ടിലൊതുങ്ങുന്ന കായും പഴങ്ങളും
കൊണ്ടോടി നല്കുന്നു പൈങ്കിളികൾ.

കൊല്ലങ്ങളീവിധമെട്ടുപത്തായപ്പോൾ
നല്ലൊരു മല്ലനായ് തീൎന്നു ബാലന്‍.

ഭൂഗർഭം വിട്ടവൻ വിസ്തൃത കാനന-
ഭാഗങ്ങൾ കാണുവാൻ നിർഗ്ഗമിച്ചു.

വെട്ടുവാൻ മസ്തകം പൊക്കിപ്പിടിച്ചുകൊ-
ണ്ടോടിയടുത്തൊരു കാട്ടുപോത്തും,

ചെന്നായും വ്യാഘ്രവും ചെമ്പുലിക്കൂട്ടവും
ചങ്ങാതിമാരായിച്ചേൎന്നുകൂടി.

ക്രൂരൻ കരിംപുലി കണ്ഠീരവേന്ദ്രനും
ചാരത്തു സാദരം ചെന്നിരുന്നു.

പൊണ്ണത്തടിയരാം വാരണ വീരന്മാർ
മണ്ണപൂശുന്നതും കണ്ടു ധന്യൻ.

ജിജ്ഞാസയേറിയ ഭ്രുരുഹവാസിക-
ളജ്ഞാന മർത്ത്യനെ വീക്ഷിക്കുന്നു.

തന്നുടെ സാദൃശ്യം കണ്ടിട്ടോ വാനരാ!
ധന്യനെ നോക്കിത്തുറിച്ചു നോക്കി

കാര്യം ഗ്രഹിക്കാതെ ചേഷ്ടകൾ കാട്ടുന്നോ
മര്യാദയില്ലാത്ത മക്കടമേ!

പന്നഗഹാരി പറക്കും നിഴൽ കണ്ടു
മിന്നൽപോൽ പായുന്ന ഘോരസപ്പം

പൊത്തിൽക്കടന്നു തൻ പത്തി വിടുത്തുടൻ
കൊത്തുന്നു, ചീറുന്നു ഭീതിയോടേ.

നാഗത്തെയോരോന്നായ് വ്യോമത്തിലാട്ടുന്നു
നാഗാരി പാഴ്ക്കൊടിക്കൂറ പോലെ.

ദുഷ്ടമൃഗങ്ങൾക്കും നായകൻ ചെമ്മരി-
യാടിനെപ്പോലൊരു ശാന്തശീലൻ.

സൃഷ്ടിമാഹാത്മ്യത്തെച്ചിന്തിച്ചു യോഹന്നാൻ
സ്രഷ്ടാവേ ധ്യാനിച്ചു പ്രാർത്ഥിക്കുന്നു.

നന്മയും തിന്മയും നന്നായ് വിവേചിച്ചു
സന്മനസ്സാലവൻ താപസനായ്.

ഒട്ടകരോമത്താൽ നെയ്തോരു കഞ്ചുകം
കെട്ടുന്നു നീണ്ട തോൽവാററയ്ക്കും.

കാനനം നല്കുന്ന തേനും പഴങ്ങളു-
മാനന്ദപൂർവ്വമശിക്കയെന്ന്യേ,

മാംസം ഭുജിക്കുവാനാകാംക്ഷ പെറവുമ-
മ്മാനവ മുഖ്യനിൽ തങ്ങിയില്ല.

ദുർഗ്ഘടമായിട്ടമാരണ്യ ജീവിതം
ദീർഘനാളേകാന്തം കൈവരിച്ചു.

ത്യാഗിയാം യോഹന്നാൻ ദേവ നിർദ്ദേശത്താൽ
യോഗിയായ് കാനനം വിട്ടിറങ്ങി.

## ഭാഗം 7.

"സന്ന്യാസി സന്ന്യാസി"യെന്നൊരു സംസാരം
മന്നിൽ നെടുനീളെ വ്യാപരിച്ചു.

കാട്ടിൽനിന്നെത്തിയ യോഗിയെദ്ദർശിപ്പാൻ
നാട്ടുകാർ കേട്ടവരോടിയെത്തി.

വമ്പിച്ച മീശയും ചെമ്പിച്ച കേശവും
കമ്പിളിക്കുപ്പായം തോൽവാറുമായ്

സഞ്ചരിച്ചീടുന്ന സന്ന്യാസി ശ്രേഷ്ഠനെ-
സ്സഞ്ചിത കൗതുകം കണ്ടുപിന്നെ.

വല്ലകീ നാദത്തിലുദ്ഘോഷിച്ചീടിനാൻ
സ്വർല്ലോക നാഥൻെറ വൈഭവങ്ങൾ.

അമ്പമ്പോ! പാത്താലുമെന്തൊരു വാശ്ധാടി!
കമ്പിത ചിത്തരായ് കേട്ടുനിന്നോർ.

ആദ്യമായെത്തുന്നു തൽഖ്യാപനത്തിന്നായ്
'യോർദ്ദാൻ' തരംഗിണീ തീരത്തവൻ

"സ്വർഗ്ഗീയ സാമ്രാജ്യമാസന്നമാകയാൽ
പശ്ചാത്തപിക്കുക ലോകമേ നീ,

കർത്താവിൻ വീഥികൾ നന്നായൊരുക്കുവിൻ
കർത്താവിൻ പാത നിരപ്പാക്കുവിൻ.

താഴ്വരയോരോന്നും വേഗമുയൎന്നിടും
ദുർഘടമായതു നേരെയാകും,

ഇക്കാണും ലോകത്തിലീശനിയുക്തനായ്
ഷിക്കെന്നും രക്ഷകനാഗമിക്കും.

മുക്തി തൻ മാർഗ്ഗണമാവശ്യ, മീശനാൽ
ത്യക്തരായ്ത്തീരായ്വാൻ സൂക്ഷിക്കുവിൻ"

ഇത്യാദി ദിവ്യോപദേശത്താൽ താപസ-
സത്തമ കൃത്യമാം ജ്ഞാനസ്നാനം

സത്യം ഗ്രഹിക്കുവാൻ സന്നദ്ധരായോൎക്ക്
ക്രിസ്തുവിൻ മുന്നോടി നല്കീടുന്നു.

യൂദയാ വാസികൾ ജേർസലേം പൗരരും
യോർദ്ദിനാൻ തീരപ്രദേശക്കാരും

പാപങ്ങളോരോന്നുമേററു പറഞ്ഞിട്ടു
സ്നാപകശ്രേഷ്ഠനാൽ സ്നാതരായി.

വഞ്ചകന്മാരെന്നു ദുഷ്കീൎത്തിയാൎജ്ജിച്ച
നീചസമൂഹവും ചെന്നു പിന്നെ.

ആത്മപ്രശംസയാലാരേയും പുച്ഛിക്കും
വൻപൻ 'പരീശനും സാദ്ദൂച്യനും'

ഓടിയടുക്കുന്ന നേരത്തു യോഹന്നാ-
നൊട്ടും മടിക്കാതെ ചൊൽകയായി:-

"സർപ്പത്തിൻ സന്തതീ! വന്നിടും നാശത്തിൽ
നിന്നൊഴിവാൻ നിന്നെയാർ തുണയ്ക്കും?

സത്യാനുതാപം നിന്നുൾക്കാമ്പിലുണ്ടെങ്കിൽ
പ്രത്യക്ഷ സൽഫലം കാണിക്ക നീ.

ഞങ്ങൾക്കൊരു താത'നബ്രഹാ'മുണ്ടെന്നു
നിങ്ങളിന്നോർത്തഭിമാനിക്കേണ്ടാ

പൂർവ്വകനാകുമത്താതനു സന്താനം
സർവ്വേശനിക്കല്ലിൽ നിന്നു സാദ്ധ്യം.

കഷ്ടമായോരോരോ വൃക്ഷച്ചുവട്ടിനും
സ്പഷ്ടമായ് കോടാലി വച്ചീടുന്നു.

സൽഫലം നല്കാത്ത വൃക്ഷങ്ങളൊന്നാകെ
തൽക്ഷണമഗ്നിയിൽ വെട്ടി വീഴ്ത്തും."

"കർത്തവ്യമെന്തെന്നു ചൊല്ലണം ഞങ്ങളോ-
ടിത്തവ്വി"ലെന്നാർ ജനങ്ങളപ്പോൾ

"രണ്ടുടുപ്പുള്ളവൻ സോദരനൊന്നേകി-
ക്കുണ്ഠിതം തീർക്കണം തർക്കമെന്യേ.

ഭക്ഷ്യപദാർത്ഥങ്ങൾ ധാരാളമുള്ളവൻ
ക്ഷുത്തോറും മിത്രങ്ങൾക്കേകിടേണം"

സങ്കോചം കൂടാതെ പാന്ഥരെ ദ്രോഹിച്ചു
ചുങ്കം പിരിക്കുന്നോൻ സംശയിക്കെ,.

"കല്പനയ്ക്കൊപ്പം നീ ചുങ്കം പിരിക്കണ-
മല്പവും വഞ്ചിച്ചു വാങ്ങിടൊല്ല.

വ്യാജപ്രവൃത്തിയാൽ നാട്ടമുടിക്കുന്ന
രാജാവിൻ ഭൃത്യരും ചോദിച്ചപ്പോൾ

"മുഷ്ക്കേറി നിങ്ങളോ കൈയേററം ചെയ്യുന്നു
ദുഷ്യമുരയ്ക്കുന്നു നീതിയില്ല.

ഊഴിയം ചെയ്തിട്ടു ശമ്പളം വാങ്ങണം
കോഴയെ വർജ്ജിച്ചു വാഴ്കെന്നും."

മാമുനിതന്നെയോ ക്രിസ്തുവെന്നാജ്ജന-
മാമന്ദം ശങ്കിച്ചു നിന്നനേരം

ഉത്തരിച്ചീടുന്നു "സാക്ഷാൽ ജലം കൊണ്ടു
മാത്രമേ ഞാൻ സ്നാനം നല്കുന്നുള്ളു.

എന്നെക്കാളുന്നതൻ മുൻഗാമിയായവ-
നെന്നുടെ പിന്നാലെ വന്നിടുന്നു.

തൻ ചെരിപ്പിൻ വാറിൻ കെട്ടഴിച്ചീടുവാൻ
തന്നെയും യോഗ്യതയില്ലെനിക്കു്.

ദൈവത്തിന്നാത്മാവുമഗ്നിയും കൊണ്ടവ-
നേവനും നല്കിടും ജ്ഞാനസ്നാനം.

പാവനൻ തൻ കൈയിലേന്തുന്ന ശൂർപ്പത്താൽ
പാററി നല്കോതമ്പു വേർതിരിക്കും.

ശേഖരിച്ചീടും താൻ കോതമ്പിൻ നന്മണി,
നിത്യാഗ്നിയിൽ പതിരിട്ടു മൂടും."

ഓറശ്ലേം യൂദന്മാർ കേട്ടപ്പോൾ ലേവ്യരേ
യോഹന്നാൻ പക്കലയച്ചിടുന്നു.

സത്യം ഗ്രഹിപ്പാനായ് വന്ന ജനത്തോടു
ക്രിസ്തുതാനല്ലെന്നങ്ങുച്ചരിച്ചു

മോശ താനല്ലെന്നുമേലിയാസല്ലെന്നു-
മേശായ ചൊന്നപോൽ കാനനത്തിൽ

"കർത്താവിൻ വീഥിയെ വിസ്തൃതമാക്കുവാ-
നാർത്തുവിളിക്കുന്ന ശബ്ദം മാത്രം."

നാരിതൻ ഗർഭത്തിൽ നിന്നു ഭവിച്ചോരിൽ
പേരെഴും മാഹാത്മ്യം പൂണ്ടോനവൻ

സത്യമറിഞ്ഞീടാനെത്തും ജനത്തോടും
ഭക്തരായ് നില്ക്കുന്ന ശിഷ്യരോടും

മാറേറവും ത്യാഗത്താൽ ചൊല്ലുന്നു താൻ വെറു-
മേറവുപറഞ്ഞിടും നാദമെന്നായ്.

സ്വീകൃതമായൊരു സന്ന്യാസ ജീവിതം
പ്രാകൃതമാക്കുന്നു പാരിൽ ചിലർ.

ഉള്ളതു ചൊല്ലിയാലായതിൻ കാരണം
"കള്ളസ്സന്ന്യാസികൾ" തന്നെയല്ലോ?

ഉത്തരവാദിത്വമേറുന്ന മർത്ത്യൻ തൻ
പുത്രകളത്രാദി കൈവെടിഞ്ഞു

വേലയെടുക്കാതെ മാനമായ്ത്തെണ്ടുവാൻ
നല്ലതാം പ്രായത്തിൽ നാടുവിട്ടു

കാഷായവേഷമാർന്നുച്ചത്തിലോരോന്നു
ഘോഷിച്ചാലേവനും യോഗിയാമോ?

ലോകം ത്യജിച്ചെന്നും സന്തതധ്യാനത്താൽ
ലോകേശപ്രീണനം സാധിച്ചെന്നും

വേദവും ശാസ്ത്രവും നന്നായ് ഗ്രഹിച്ചെന്നും
വാദിച്ചാൽ സന്ന്യാസിയാകുമെന്നോ?

സന്ധ്യാഗനാട്യത്തോടോരോനിമേഷവും
മന്ത്രം ജപിച്ചെന്നാൽ മാമുനിയോ?

പുണ്യകർമ്മങ്ങളാൽ പൂർണ്ണനായ്ത്തീരുവാൻ
തന്നുള്ളിൽ കാംക്ഷിക്കും യോഗിവര്യൻ

സാധുക്കൾക്കായിത്തൻ വിത്തം വിതറിക്കൊ-
ണ്ടെന്തും സഹിക്കുന്നു സന്മനസ്സാൽ.

ഈശ്വര നിർദ്ദേശം ചിന്തിച്ചറിഞ്ഞവൻ
ക്ലേശമാം "ക്രൂശിനെ" തോളിലേററി,

ഉത്തമമാതൃകാദീപത്താൽ ലോകത്തെ
മുക്തിക്കായ് നിത്യവുമാനയിച്ചും,

സ്വാത്മരതി വെടിഞ്ഞാർത്തരെ രക്ഷിച്ചും
ധാത്രിയിൽ സൂക്തി വിതച്ചുകൊണ്ടും,

സന്തതം ശാന്തത ശീലിച്ചുകൊണ്ടും താ-
നെന്തിലും താഴെയാണെന്നുറച്ചും,

സമ്മോദമേന്തുന്ന യോഗിമാരുണ്ടെങ്കി-
ലിമ്മഹീദേവി താൻ ഭാഗ്യലക്ഷ്മി.

## ഭാഗം 8.

മർത്ത്യന്റെ പാപത്തിൽ താപം വരുത്തുന്ന
സത്തമൻ കൈകളാൽ സ്നാനമേല്പ്പാൻ

യോഹന്നാനെങ്ങെന്നു യോർദ്ദാനിലെത്തുന്നു
മാഹാത്മ്യമേറുന്ന കന്യാപുത്രൻ.

"നിൻ കൈയാലിന്നു ഞാൻ സ്നാനമേല്ക്കേണ്ടവൻ
പിന്നെ നീയെന്തിനെൻ പാർശ്വമെത്തി?"

ഭക്തനാം യോഗീന്ദ്രൻ സാദരം ചോദിച്ചു
ക്രിസ്തു ചൊല്ലുന്നു "നീ സമ്മതിക്ക

ഈവിധമോരോരോ നീതിയും വേണ്ടപോൾ
നിർവ്വഹിച്ചീടുവതൗചിത്യം താൻ."

ദിവ്യന്നുപദേശമേവനും ഭൂമിയിൽ
പാവനമാകുന്നൊരാദർശം താൻ.

കേട്ടൊരു മാത്രയിൽ യോഹന്നാൻസ്നാപക-
നൊട്ടും മടിക്കാതെ സന്നദ്ധനായ്.

വാനിന്നധിപതി പാപിയെപ്പോലിതാ
സ്നാനം കഴിക്കുന്നിതെന്തിനെന്നോ?

നിത്യമായ് മർത്ത്യരെ ത്രാണം ചെയ്തീടുവാൻ
പൃഥ്വിയിലെത്തിയ സത്യദൈവം

ഉത്തമമാതൃകാജീവിതം നല്കുവാൻ
മുക്തിക്കുതകുന്ന സൽകൃത്യങ്ങൾ

ഓരോന്നോരോന്നായിക്കൈവരിച്ചീടുന്നു
പാരിൻപതി വെറും പാപിയെപ്പോൽ.

ആററിലിറങ്ങുന്നു ജ്ഞാനമാം സ്നാനമ-
ങ്ങേററു കരയ്ക്കു താൻ കേറിയപ്പോൾ

സ്വർഗ്ഗകവാടങ്ങൾ താനേ തുറക്കുന്നു
സ്വർഗ്ഗസ്ഥൻ ചൈതന്യം പ്രാവുപോലെ

മെല്ലേയിറങ്ങി വരുന്നതു കാണാറാ-
യെല്ലാരും വിസ്മയമാർന്നനേരം

"ഇന്നിവനെന്നുടെ വത്സല പുത്രനാ-
ണെന്നൊരശരീരി വാക്കു കേട്ടു.

കാണികൾ സ്തംഭിച്ചിതത്ഭുത ദർശനാൽ
പ്രാണൻ വെടിഞ്ഞപോൽ വീണു ചിലർ

ഭോഷനും ഭീരുവും സത്വരം മണ്ടുന്നു
ശേഷിച്ച ജീവൻെറ രക്ഷതേടാൻ.

വീക്ഷിച്ചു യോഗികളും രോമാഞ്ചമാണെങ്കിൽ
ശിഷ്യൻെറ വൃത്താന്തമെന്തുപിന്നെ?

മാനുഷജന്മത്തെയാർന്ന ദേവാത്മജൻ
സ്നാനം ചെയ്തെങ്കിലും പാപിയല്ല.

മർത്ത്യൻെറ പാതകം തീർപ്പാനെത്തിയോൻ
സത്യമായ് ദൈവത്തിൻ പുത്രനെന്നും

വിശ്വസിച്ചീടുവാൻ ശ്രീയേശുക്രിസ്തുവെ,
വിശ്വാധിനായകൻ വ്യക്തമാക്കി.

യൂദന്മാർ കശ്മലർ നാസ്തികലോകവു-
മാദിനം വീക്ഷിച്ചൊരത്ഭുതത്താൽ

സത്യം ഗ്രഹിച്ചിട്ടുമുള്ളിലൊതുക്കുന്നു
മർത്ത്യരെ വഞ്ചിപ്പാൻ യത്നിക്കുന്നു.

തല്പരനായീശൻ വൻ മരുഭൂമിയിൽ
നാല്പതുനാളുപവാസമാന്നു.

തന്നെപ്പരീക്ഷിക്കാനെത്തിയൊരന്തകൻ
താനേ വിറച്ചു പരാജയത്താൽ.

ആരോടും നേരിട്ടു പോരാടി നേടുവാൻ
ധീരരായെത്തുന്ന നാരകീയർ

ധ്യാനമാമായുധമേന്തുന്ന മർത്ത്യനെ-
ത്താനേവെടിഞ്ഞു വിറച്ചു മണ്ടും.

ശിഷ്യന്മാരോടൊത്തു ജോലി തുടരുന്നു
തുഷ്ടനായ് യോഹന്നാൻ രാജ്യമാകെ.

ദേവസഞ്ജാതനെക്കൈവരിച്ചീടുവാ-
നേവനും സൽപഥം വെട്ടിവെച്ചു.

മർത്ത്യനു കല്മഷ ബോധം കൊടുത്തവൻ
നിത്യവും ചെയ്യിച്ചു പ്രായശ്ചിത്തം.

"കണ്ടാലും ഭൂലോക പാപം ഹനിക്കുന്ന
"ദിവ്യമാം കുഞ്ഞാടി"താ വരുന്നു"

ശസ്തമാം ഗീരുകളേവമുദ്ഘോഷിച്ചു
ക്രിസ്തുവിൻ നൈർമ്മല്യം വ്യക്തമാക്കി.

* * * * * *

അന്നാടു വാഴുന്ന ഹേറോദേസ് മന്നവൻ §
തന്നുടെ ദുർഭഗജീവിതത്താൽ

---

§ റോമ്മാ ചക്രവർത്തിയുടെ സാമന്തനായി ഗലീലെ ഭരിച്ചിരുന്ന ഹേറോദേസ് അൻറിപ്പാസ്. (Herod Antipas)

ദുഷ്കീർത്തിയാർജ്ജിച്ചു തൻ പ്രജാവൃന്ദത്തെ
ദുഃഖാംബുധിയിലേയ്ക്കാഴ്ത്തി നിന്നു.

നന്മയില്ലാത്തൊരു മന്നൻെറ ജീവിതം
തിന്മചെയ്തീടുവാൻ പ്രേരകം താൻ

ദുഷ്ടരെശ്ശിക്ഷിച്ചു ശിഷ്ടരെക്കാക്കേണ്ടോൻ
ദുഷ്ടരിൽ ദുഷ്ടൻ പിന്നെന്തുചെയ്യും?

വെള്ളയടിച്ചതാം പ്രേതാലയത്തിൻെറ
വിള്ളലിൽ നിന്നെഴും ദുർഗ്ഗന്ധം പോൽ

ആക്കശ്ശേലൻ തൻെറ ദുഷ്കീർത്തി, പത്തന-
ദുർഗ്ഗങ്ങൾ വിട്ടു നിറഞ്ഞു പാരിൽ.

ഈശ്വരൻ നല്കിയ രാജാധികാരത്താൽ
ശാശ്വത ക്ഷേമം പുലർത്തിടാതെ,

ധർമ്മവും സത്യവും പാടേ വെടിഞ്ഞഹോ!
കല്മഷദുർഗ്ഗം പടുത്തുകൊൾവാൻ

സന്തതം യത്നിക്കും ദുഷ്ടൻെറ മസ്തകം
ചെന്തീക്കനലിനാൽ മൂടുമീശൻ.

ആദ്യന്തഹീനൻെറ കല്പന ലംഘിച്ചു
കാർത്തവീര്യം കൈക്കൊണ്ട പാതകികൾ

"സോദോം ഗോമാറാകൾ" നാശത്തിലായതും
വേദത്തിൽ കാൺക ലോകമേ! നീ.

അജ്ഞനാം മന്നൻെറ ശുദ്ധിയ്ക്കു സാദ്ധ്യമോ
രാജ്ഞിതന്നാകുല ബാഷ്പതീർത്ഥം?

കാമക്രോധാദിയാലന്ധനായ്ത്തീർന്നോൻെറ
നാമം പുകഴ്ത്താനുണ്ടാളസംഖ്യം.

പാടി സ്തുതിക്കുന്നു പാർത്ഥിവ മാഹാത്മ്യം
പേടമാൻ കണ്ണികളുന്മോദം.

കങ്കണ ഭാരത്താൽ രാജ്ഞിയെക്കൂപ്പുവാൻ
മങ്കമാർക്കൊന്നിനും സാദ്ധ്യമല്ല.

കാടി കുടിക്കുവാൻ കാത്തു കിടന്നവർ
കാഞ്ചനക്കുന്നുകളായി മാറി.

ചാരിത്ര്യം മന്നനു കാഴ്ചയായർപ്പിച്ചാൽ
ദാരിദ്ര്യം ബാധിക്കും നാരിയുണ്ടോ?

കൂട്ടുപിരിഞ്ഞതാം പ്രാവിനെപ്പോലെയാ-
പ്പട്ടമഹിഷിയാൾ ദീനയായി.

ഹേറോദേസ് ഭൂപാലൻ യാത്രയ്ക്കൊരുങ്ങിനാ-
നേറിയ ദുർവൃത്തനുല്ലസിപ്പാൻ.

നാണ്യങ്ങൾ തീർന്നപ്പോൾ കൈവശത്താക്കിനാൻ
ഭണ്ഡാഗാരത്തിലെ സ്വർണ്ണമെല്ലാം.

സഞ്ചാരം ചെയ്തവൻ റോമ്മായിലെത്തുന്നു
പഞ്ചമാപാതകിയെന്തിനാവോ?

പീലിപ്പോസെന്നുള്ള സോദരൻ റോമ്മായിൽ
സത്ക്കരിച്ചീടുന്നു സ്നേഹപൂർവ്വം.

പീലിപ്പോസിൻ ഭാര്യ ഹേറോദ്യായോടവൻ
സല്ലപിച്ചീടുന്നു സാന്ദ്രമോദം!

എന്തിനു ചൊല്ലുന്നു ദുർമ്മോഹി ഹേറോദേസ്
ചിന്തപതിച്ചതാം കാന്താംഗിയോ

ശൃംഗാര ദുർഭഗ താരുണ്യം വിൽക്കുവാൻ
രംഗത്തിറങ്ങിയ വേശ്യ തന്നേ.

ഏകദാഗ്രദ്ധമായോതിനാൻ ഹേറോദേ-
സാകമ്രഭാഷിണി തന്നോടേവം:—

"ലോലവിലോചനേ! പോകാം രഹസ്യമായ്
"ഗാലീല"നാട്ടിലേയ്ക്കിന്നിവേഗം

നിന്നെപ്പിരിഞ്ഞങ്ങു ചെല്ലാനശക്തൻ ഞാ-
നുല്ലസിച്ചീടാം നമുക്കു മേലിൽ."

ആശിച്ച ഭേഷജം വൈദ്യൻ കുറിക്കുകി-
ലാരോഗ്യഹീനൻെറ മോദമെന്താം?

ഹന്ത! നൃശംസത തിങ്ങിയ ഹേറോദ്യാ
സ്വന്തം കണവനെ സന്ത്യജിച്ചു.

ജ്യേഷ്ഠനെ മോഹിച്ചു പിന്നാലെ പാഞ്ഞെത്തി
കഷ്ടമാദുഷ്ടയാം ഗാലീലയിൽ.

തേനോലും വാക്കോതി പ്രേമം നടിക്കുന്ന
മാനിനിമാരെത്രയില്ല മന്നിൽ?

പൂരുഷന്മാർക്കിതു പാഠമായ്ത്തീരട്ടെ
നാരിതൻ മാനസമാരറിഞ്ഞു?

തന്മെയ്യിൽത്തൈലങ്ങൾ പൂശുന്ന വേശ്യയാം
കമ്മട്ടർവാസന മാറുവാനോ?

പട്ടമഹിഷിയെ ബ്ഭോഗിനി നിന്ദിച്ച-
തിഷ്ടമായ് വീക്ഷിക്കും ഹേറോദേസും

ആഗാരം തന്നിലങ്ങേററവും ഗോപ്യമാം
ശൃംഗാര വൈകൃത ചാപല്യങ്ങൾ

പ്രാകാരം ഭേദിച്ചു, കാലിൽ പതിഞ്ഞൊരു
കാകോളം പോലെ പരന്നു ശീഘ്രം-

കർണ്ണേജപന്മാരും ലാലാടികന്മാരും
മണ്ഡനം ചാർത്തിയ തോഴിമാരും

ഒട്ടുമൊതുക്കാതെ കൊട്ടാരവാസികൾ
കൊട്ടിഗ്ഘോഷിക്കുന്നു നാട്ടുനീളെ.

കുറുമ്പൻ. പാർത്ഥിവനായാലും പാതകം ചെയ്വതു
പാട്ടായിത്തീർന്നുപോം പാരിടത്തിൽ.

# ഭാഗം 9.

ദുഷ്ടനാം മന്നൻെറ ദുർമ്മാർഗ്ഗ ജീവിതം
ശിഷ്ടന്മാർ കേൾപ്പിച്ചു യോഗിന്നാനെ.

വേടൻ വ്യാധൻെറ ക്രൂരമ്പാൽ മർമ്മം പിളർന്നൊരു
മാൻ സാരംഗം പോലവൻ സന്തപിച്ചു.

ഉറയ്ക്കുന്നു. രക്തം പിണർക്കുന്നു, സ്വേദമൊലിക്കുന്നു
ഭക്തന്നു നിശ്വാസമേറിടുന്നു.

മുട്ടുന്നി പ്രാർത്ഥിച്ചു സാഷ്ടാംഗം വീഴുന്നു
പെട്ടെന്നെഴുന്നേററു ധൈര്യപൂർവ്വം.

പാതകഗൗരവം ക്രൂരനാം മന്നനോ-
ടോതുവാൻ താപസൻ യാത്രയായി.

ചെന്നായുടെ മുമ്പിൽ ഭീരുതയെന്നിയേ
ചെന്നായുമാടേ! നിൻ ഭാവിയെന്താം?
ഉചിതം

പ്രാഗത്ഭ്യമേറുന്ന യോഹന്നാൻ സന്നദ്ധൻ
ത്യാഗത്തിനേതിനും സൗമ്യശീലൻ.

"അന്നപ്രദാതാവാമങ്ങയോടൊന്നിവ-
നഞ്ജലി ബന്ധത്തോടർത്ഥിക്കുന്നേൻ.

നാട്ടിന്നു നായകാ! ശാന്തമായ്ച്ചിന്തിക്ക
കഷ്ടംതാങ്കജ്ജീവിതം ശോചനീയം!

ഒട്ടും മടിക്കാതെ രാജ്ഞിയെ വിട്ടു ത-
ന്നിഷ്ടത്തിനൊത്തൊരു പുംശ്ചലിയേ,

കൂട്ടായി വെച്ചങ്ങു വാഴ്വതുതെല്ലുമീ
നാട്ടിൻെറ നന്മയ്ക്കു ചേർന്നതല്ല.

നല്ലൊരു കാന്തനെക്കൈവെടിഞ്ഞെത്തിയ
മല്ലാക്ഷീമൌലിയാം കുട്ടിനിയെ

നാടു കടത്തണം, നീതി നടത്തണം
നാട്ടിൽ ശമം നടമാടിടേണം.

വിശ്വത്തിലിജ്ജനം താവകപാപത്താ-
ലീശ്വരകോപത്തിൽ പെട്ടിടായ്വാൻ

ഇക്ഷണം തേറണം നാശത്തിൽ വീഴ്ത്തുന്ന
ദുഷ്കൃത ഹേതുക്കൾ പോക്കിടേണം."

സാമവാക്കിങ്ങനെ കേട്ടപ്പോൾ ക്രോധത്തിൻ
കോമരം പോലവൻ തുള്ളുകയായ്.

മേശയ്ക്കടിക്കുന്നു; പല്ലു കടിക്കുന്നു;
മീശ പിരിക്കുന്നു; ഗർജ്ജിക്കുന്നു.

വൻപിച്ച ശിഷ്യരാൽ പൂജിതനായോനെ-
ക്കല്ലിച്ചു ശിക്ഷിക്കാൻ ഭീരുമന്നൻ.

ഉള്ളം വിറച്ചിട്ടാ യോഗിയെത്തൽക്ഷണം
തള്ളിപ്പുറത്താക്കാനാജ്ഞാപിച്ചു.

സന്മാർഗ്ഗഭാഷണം കേട്ടു സഹിക്കാതെ
ദുർമ്മാർഗ്ഗചാരിണി വാരനാരി

കട്ടിൽ പര്യങ്കം തന്നിലെപ്പാല്പത പോലുള്ള
ശയ്യയിൽ നിന്നു പിടഞ്ഞെണീററു.

ചാടിയിറങ്ങിത്തൻ ദൃഷ്ടിയിൽ പെട്ടവ
പാടേ വലിച്ചെറിഞ്ഞാത്തരോഷം.

മൂർഖദുർഭാഷിണി മുന്നാഞ്ഞുകൊണ്ടീററു-
മൂർഖനെപ്പോലപ്പോൾ ചീറിയെത്തി.

സജ്ജനനിന്ദ്യയാം ഹേറോദ്യാ തൽക്ഷണം
ലജ്ജകൂടാതേവമോതുകയായ്:—

"കണ്ണിണജപന്മാരെപ്പോററുന്ന ഭൂപതേ!
നിർണ്ണയം ഞാനിനി വാഴുന്നില്ല.

എന്നെക്കൊണ്ടാക്കണം വേഗമെൻ രാജ്യത്തി-
ലെന്നെക്കൊണ്ടിന്നാരും ദണ്ഡിക്കേണ്ടാ,

സുന്ദരി റാണിയോ വേറെയൊന്നുണ്ടുപോൽ!
മന്ദിരം വിട്ടു ഞാൻ ദുഷ്ടതന്നേ.

ഈ വിഡ്ഢിയെന്തെല്ലാം ജല്പിച്ചു നിർല്ലജ്ജം
ജീവിച്ചിരിക്കുന്നതെന്തിനയ്യോ!

കൗശലമേറിയോൾ കാമുകൻ കൺമുന്നിൽ
വാശിയാൽ ചീന്തുന്നു പട്ടുസാരി.

"ചീങ്കണ്ണിക്കണ്ണനീ" രശ്ലീല വാക്കുകൾ
ചങ്കിൽത്തറച്ചവനസ്ത്രം പോലെ.

ചാഞ്ചാടിച്ചെന്നവൾ സ്ത്രീജിതൻ തന്നുള്ളിൽ
ചാഞ്ചല്യമേശാതെ നൃത്തമാടി.

സീമാതിരിക്തമാം വിപ്ലവം പാർത്തിട്ടോ
ഭാമിനിക്കാശ്വാസം നല്കി മന്നൻ.

വേശ്യയെസ്സാന്ത്വനം ചെയ്യുകിൽ നിശ്ചയ-
മാശിച്ചപോലവൾ പാട്ടിലാകും.

വീട്ടുവിട്ടെത്തിയ തേവിടിപ്പെണ്ണവൾ
നാട്ടു മുടിക്കുന്നു പാടവത്താൽ.

കഷ്ടമക്കാമിനീ ദാസനോ ദുഷ്ട ത-
ന്നിഷ്ടത്തിനൊത്തങ്ങു മട്ടുമാറി.

ചിത്തമറിഞ്ഞപ്പോൾ സ്ത്രീലമ്പടൻ മുന്നിൽ
കത്തിജ്ജ്വലിക്കുന്ന കോപാഗ്നിയാൽ

കാമുകി കല്പിച്ചു, യോഗിയെ ദുന്നയ-
കാമുകൻ കാരാഗൃഹത്തിലാക്കി.

പാതകി വാഴുന്ന കൊട്ടാരം തന്നില-
ന്നീതിമാനീശ്വരാ! പാറാവിലും!!

അന്തഃകരണവുമാത്മാഭിമാനവു-
മെന്തിനും കൈവിടാൻ സന്നദ്ധനായ്

ചിന്തിക്കാതീവിധം കല്പിക്കും ഭൂപാലൻ
സ്വന്തം ജനത്തിനൊരന്തകൻ താൻ!!

വിശ്വമേ! നീ താങ്ങും ദുർഭഗജീവിത-
ക്കീശ്വരൻ നല്കേണം ജ്ഞാനദീപം.

ശാശ്വത തത്വവും മർത്ത്യന്റെ കൃത്യവും
നശ്വര ലോകമേ! ചിന്തിച്ചാലും!!

കല്യാണ ശീലനാം നല്ലൊരു മാമുനി
മല്ലൻെറ കൈകളാൽ ബദ്ധനായി.

അന്യായമായ് വന്നൊരേകാന്ത ജീവിതം
ധന്യനാം യോഗിക്കു കൗതുകാർഹം.

ആ വാരസ്ത്രീ കാന്തൻ കല്പിച്ചൊരേകാന്ത-
ജീവിതം ചിന്തിപ്പാൻ സാദ്ധ്യമാമോ?

കാരുണ്യം കാണാത്ത ഭൂപാല കിങ്കരർ
കാരാലയത്തിനു കാവൽ നിന്നു.

വക്ത്രവും നേത്രവും ദാരുണ ദാരിദ്ര്യ-
മെത്രയും വ്യക്തമായ് സൂചിപ്പിച്ചു.

ചാരത്തടുത്തങ്ങു ദംശിക്കും മൂട്ട തൻ
ദാരിദ്ര്യം തീർക്കുന്നു യോഗിവര്യൻ!

ശേഷിച്ച രക്തവുമൂററിക്കുടിക്കുവാൻ
ശോഷിച്ച പാഴ്മശകങ്ങളെത്തി.

'ക്രൂറ' കടിച്ചു തൻ ദേഹം തടിക്കുന്നു
നീവുന്നു; നീരസം യോഗിക്കില്ല.

ഊർദ്ധ്വഭാഗങ്ങളിൽ ചാടുന്നു കീടങ്ങൾ
മൂർദ്ധാവിൽ വീഴുന്നു പല്ലികളും.

പററിപ്പിടിച്ചങ്ങു സോല്ലാസം വാഴുന്നു
പാററാ, ചെ,ള്ളീയൽ, പേൻ, മൂർദ്ധജത്തിൽ.

പുണ്യാംബു പൂരത്തിൽ നീന്തിക്കുളിച്ചവൻ
തണ്ണീരു കാണുവാൻ വാഞ്ഛിക്കുന്നു.

ദാരിദ്ര്യം ശീലിച്ചു പോരുമിത്യാഗിക്കു
കാരാധി വാസമസഹ്യമാമോ?

പാരിൽ പിറന്നതേ കാന്താരശാന്തിയിൽ
പോരെങ്കിൽ കന്ദരമന്ദിരത്തിൽ.

വത്സലശിഷ്യന്മാർ വാതുക്കലെത്തുന്നു-
ണ്ടുത്സുകരായെന്തും ചെയ്തിടുവാൻ.

സുസ്മേരമാം മുഖം ശാന്തിനികേതനം
വിസ്മയം നല്കുന്നു ശിഷ്യർക്കെല്ലാം.

സജ്ജനസമ്മതൻ സൂക്തിരത്നങ്ങളാ-
ലാർജ്ജിച്ചു ശിഷ്യരെപ്പാറാവിലും.

മാമുനി പാടുന്ന പാട്ടു കേട്ടീടുവാൻ
ധാമം വിട്ടെത്തുന്നു ഭക്തവൃന്ദം.

പ്രാർത്ഥിച്ചാൻ താപസൻ പിന്നെയും പിന്നെയും
പാർത്ഥിവൻ പശ്ചാത്തപിച്ചുകൊൾവാൻ.

ദുഷ്യതാഹേതുക്കൾ സന്ത്യജിച്ചീടാതെ
ശിഷ്യരും പ്രാർത്ഥിച്ചാലെന്തു ലാഭം!?

മംഗളാത്മാവിലും മാപാപിതന്നിലും
തൻ കതിർ വീശുന്നിതംശുമാലി;

ലോകമനോജ്ഞമാമക്കാഴ്ച കാണുവാൻ
ലോചന രോഗിക്കു സാദ്ധ്യമാമോ?



## ഭാഗം 10.

ഗാലിലനാടൊട്ടലങ്കരിച്ചീടുന്നു
ചാലവൃക്ഷങ്ങളിൽ തോരണങ്ങൾ.

കൂലിക്കാർ പാതകൾ ചെത്തിയൊരുക്കുന്നു
ചേലിൽ നനയ്ക്കുന്നു രാജവീഥി.

അന്തരീക്ഷത്തിൽ പറക്കുന്നു കൂറകൾ
ചന്തത്തിലാറേഴ വർണ്ണങ്ങളിൽ.

ഭംഗിയുള്ളാർക്കുകൾ പാർശ്വഭാഗങ്ങളിൽ
മംഗലസ്വാഗതമോതിടുന്നു.

വാതുക്കൽ പൂമാല പൂച്ചട്ടി ചിത്രങ്ങൾ
വാതായനങ്ങളിൽ പട്ടുശീല

മേശമേൽ ചെണ്ടുകൾ കത്തുന്ന സാമ്പ്രാണി
വീശുന്നു സൗരഭ്യം ശ്രീപഥത്തിൽ.

ഭൂപാലജന്മർക്ഷവാസരം ഘോഷിപ്പാ-
നാബാലവൃദ്ധമൊരുക്കമത്രേ.

രാജനികേതത്തിലെത്തുന്ന മിത്രങ്ങൾ
പൂജിച്ചു സേവകരാദരിപ്പൂ.

വീഴ്ചകൂടാതോരോ സ്ഥാനത്തിനൊത്തപോൽ
കാഴ്ചയർപ്പിക്കുന്നു രാജഭക്തർ.

സ്ഥാനമാനാദികൾ കല്പിച്ചു നല്കുന്നു
മാനാർഹൻ, മന്ത്രിക്കുമിഷ്ടന്മാർക്കും.

അശ്വങ്ങൾ പൂട്ടിയ വണ്ടിയിൽ മിന്നുന്നു
വിശ്വം ഭരിക്കുന്ന വേശ്യാവൃന്ദം —

ഹേയനാം ഹേറോദേസ്, ഹേറോദ്യാ, പുത്രിയും
സായാഹ്നസഞ്ചാരം ചെയ്തീടുന്നു.

പട്ടമഹിഷിയായ്ത്തന്നെ പുകഴ്ത്തുമെ-
ന്നൊട്ടേറെയോർത്തു ഞെളിഞ്ഞു മേന്മേൽ

മേവുമാവേശ്യതന്നാനന്ദം വർണ്ണിപ്പാൻ
നാവില്ലയല്ലോ ഞാനെന്തുചെയ്യാം?

പെണ്ണുങ്ങൾ ഭൂഷണമാഹാത്മ്യമോരോന്നും
വർണ്ണിച്ചു വാഗസ്ത്രവൃഷ്ടി ചെയ്തു.

കണ്ണുകൾക്കാനന്ദ ദീപങ്ങൾ രാത്രിയിൽ
നിർണ്ണയിച്ചീടുക സാദ്ധ്യമല്ല.

"കോട്ട, കുടച്ചക്രം, വാണം, നിലാത്തിരി"-
യൊട്ടേറെ നാണയം ധൂമമാക്കി.

കാമിനീസഞ്ചയം സംഗീതഘോഷത്താൽ
യാമിനീശാന്തത ഭഞ്ജിക്കുന്നു.

പാർത്തട്ടിളക്കുമൊരാർപ്പു വിളികളു-
മാർത്തനാദങ്ങളുമെന്തു ചൊല്ലാം!

മത്തന്മാർ വീഥിയിലാടി നടക്കുന്നു
പത്തനം കുത്തിക്കവർന്നിടുന്നു

ശങ്കയില്ലാതെയാ ബ്ഭൂപന്റെ കിങ്കരർ
സങ്കടം ചെയ്യുമനീതിപാർത്താൽ.

ഹാർദമായ് കല്പിച്ചിട്ടുദ്യോഗസ്ഥൗഘത്തെ
സാദരം സദ്യയ്ക്കു സ്വീകരിച്ചു.

സ്ഥാനമാനാദികൾ സിദ്ധിച്ച യോഗ്യരേ
മാനമായ് മന്ത്രിയുമാനയിച്ചു.

ഗോപുരവാതുക്കലെത്തും ഭിക്ഷാർത്ഥിയെ-
ബ്ഭൂപാലസേവകർ പായിക്കുന്നു.

ഉണ്ടു നിറഞ്ഞു സുഖിച്ചു ശയിക്കുന്നോ-
രുണ്ടാമോ പൈദാഹബോധലേശം!?

ഭക്ഷണശാലയിൽ ദുർഭിക്ഷമില്ലത്രേ
ലക്ഷക്കണക്കിനു കുപ്പികളിൽ

കോരിനിറച്ചു നൽ മുന്തിരിച്ചാരായ-
മാരേയുമക്ഷണം ഭ്രാന്തനാക്കും.

ഭക്ഷ്യപദാത്ഥങ്ങൾ ധാരാളം ശേഷിച്ചു
ലക്ഷ്യമില്ലാതവർ ഭക്ഷിച്ചിട്ടും

പ്രാശനവേളയിൽ സേവിച്ച വീഞ്ഞൊട്ടു-
മോശമില്ലെന്നവർ മന്ത്രിക്കുന്നു.

മദ്യം കുടിക്കുവാൻ ഭാഗ്യം ലഭിച്ചത-
ന്നാദ്യമെന്നോത്തു നിന്നാടി മന്ത്രി.

പൃഥ്വീപതീന്ദ്രന്റെ വൈഭവം വണ്ണിച്ചു
കീത്തനം നിമ്മിച്ചു കാവ്യകാരൻ.

മംഗളശ്ലോകങ്ങൾ ചൊല്ലുന്നു പണ്ഡിതൻ
സംഗീതം ഗായകനാലപിപ്പൂ.

പണ്ഡിതന്മാരുടെ മത്സരം തീന്നപ്പോൾ
പെൺമണിമാരുടെ രംഗമായി.

പഞ്ചവാദ്യങ്ങളും താളമേളങ്ങളും
കൊഞ്ചിക്കുഴഞ്ഞുള്ള പാട്ടുകളും

വാമാക്ഷിയാമവൾ—ഹേറോദ്യാ തന്നുടെ-
യോമനപ്പുത്രിയാം 'സാലോമിയാൾ'

പാടവം കാണിച്ച മന്നന്റെ മുമ്പില-
ങ്ങാടുവാനെത്തുന്നു മോഹിനിയായ്.

മല്ലാക്ഷികാർവേണി ചീകിപ്പിണഞ്ഞങ്ങു
മല്ലിക മൊട്ടു പൊതിഞ്ഞു ചെമ്മേ

മഞ്ജുവാം പൊട്ടൊന്നു തൊട്ടു ലലാടത്തിൽ
മഞ്ഞയാം 'പൌഡറു'മൊട്ടുപൂശി.

കങ്കണം കിങ്കിണി കാഞ്ചന മാലയും
തങ്കക്കാശുള്ളൊരു കെട്ടരയ്ക്കും

മാണിക്യം വൈഡൂര്യം ചെത്തിപ്പതിച്ചതാം
കുണ്ഡലം ഞാത്തുകളംഗുലീയം

വർണ്ണപ്പകിട്ടേറും നൂപുരാദ്യങ്ങളും
സ്വർണ്ണനൂൽ നീരാളപ്പട്ടുസാരി

നന്നായ് ഞൊറിഞ്ഞു ചമഞ്ഞു കഴിഞ്ഞിതാ
നന്ദിനി നില്ക്കുന്നു നൃത്തം ചെയ്‌വാൻ.

മുന്നം നമിച്ചിട്ടു മന്നനെ കൂപ്പുന്നു
വന്ദനം ചെയ്യുയായാഗതരേ.

കല്യാണരൂപിണി പാടിത്തുടങ്ങുന്നു
നല്ലൊരു രാഗത്തിൻ നാന്ദിയായി:—

"ബാലികയാടുവാൻ പോകുന്നു മന്നവാ!
പാലിക്ക ദാസിയെ തൃക്കടാക്ഷാൽ."

ഗായികമാരെല്ലാമേററു പാടീടുന്നു
ശ്രീയെഴും നൃത്തം തുടങ്ങിടുന്നു.

വെള്ളക്കരാം ശുകം വീശുന്നു കണ്ടില്ലേ?
താളം മുറുക്കുവിൻ തോഴിമാരേ!

നെഞ്ചകം മുററിയൊരാനന്ദം കൊണ്ടല്ലോ
പുഞ്ചിരി തൂകുന്നു ചഞ്ചലാക്ഷി.

നേത്രമിളക്കിക്കടക്കണ്ണാലൊന്നാകെ-
ത്തത്രത്യരേ നോക്കിപ്പെൺകൊടിയാൾ

നെററിചുളിപ്പിച്ചു പീലി വിറപ്പിച്ചു
ചുററും തിരിഞ്ഞങ്ങു നൃത്തമാടി.

പാദം ചലിപ്പിച്ചു താളം ചവുട്ടുന്നു
നാദം ചിലമ്പിനാൽ കേൾപ്പിക്കുന്നു.

കൈകളുയർത്തിക്കൊണ്ടന്തൊരഭിനയം
കൈവള മേന്മേൽ കിലുക്കിടുന്നു.

കന്നൽക്കാർവേണിയാൾ തെന്നുന്നു മാറുന്നു
മിന്നുന്നു കുണ്ഡലാദ്യാഭരണം.

ഭള്ളേറിയാടുന്നു പാടിക്കുഴയുന്നു
പുള്ളിമാൻ ലോചന സാലോമിയാൾ.

ധൂളിയാളാടുന്നു താളം പിഴച്ചിട്ടു-
മാളുകളാരുമറിയുന്നീല.

ഹസ്തത്താൽ മേശമേൽ താളം പിടിച്ചപ്പോൾ
പാത്രങ്ങൾ വീഴുന്നിതാരറിഞ്ഞു?

നൃത്തം സ്വദിച്ചിട്ടോ മദ്യം കുടിച്ചിട്ടോ
ഭിത്തിയിൽ തട്ടുന്നിതുത്തമാംഗം.

മേളങ്ങൾ കണ്ടിട്ടോ ബോധം മറിഞ്ഞിട്ടോ
താളം നിറുത്തീട്ടുമാടി ചിലർ.

മദ്യവും മങ്കയും നൃത്തവും ചേർന്നപ്പോൾ
മത്തനായ്ത്തീൻപോയ് മാനവേന്ദ്രൻ.

“ചോദിക്ക സാലോമേ! കാമിതമേതും നീ
മോദമോടിന്നു നിനക്കു നല്കാം.”

എന്തുചോദിക്കണമെന്നറിയാതവൾ
ചിന്തിച്ചകത്തേക്കു നിഷ്ക്രമിച്ചു.

ഹേറോദ്യാ ചൊല്ലിക്കൊടുക്കുന്നു “സാലോമേ!
വേറൊന്നും വേണ്ട കേൾ യോഹന്നാന്റെ

കണ്ഠമറുത്തൊരു താലത്തിൽക്കിട്ടണം
കുണ്ഠിതം മാമകം തീരുമപ്പോൾ.

ഈ മോഹം സാധിപ്പാൻ ശാഠ്യം പിടിക്കണം
സാമർത്ഥ്യമേറിയോളല്ലയോ നീ!”

കാപഥപാലികേ; ഭോഗിനി ദുർഭഗേ;
കാപട്യം കൊണ്ടു നീ യോഹന്നാനെ

നിഷ്കൃപം ബന്ധിച്ചു പാറാവിൽ വേണ്ടപോൽ
നിഷ്കർഷ നല്കീട്ടും വൻകുടിലേ!

കഷ്ടം! നിഷൂദനം ചെയ്തീടാൻ കാമിച്ചോ? വധം.
ദുഷ്ടേ! നിൻ കൂട്ടാളിയേതസുരൻ?!

ഉത്തമചാരിത്ര്യം വേണ്ടാത്ത വേശ്യേ! നീ
ചത്താൽ വലിക്കുന്ന കാലനേതോ?!!

ചിന്തപിഴച്ചൊരു ബന്ധകിമാരുടെ-
യന്ധത തീർക്കണേ ദേവദേവാ!!

# ഭാഗം 11.

വാരസ്ത്രീ തന്നുടെ വത്സലപുത്രിയാം
ചാരുസ്വരൂപിണിയെങ്കിലെന്താം?

പോരുമവളുടെ കൺമുന മാത്രമി-
പ്പാരിടം നാരകമായിമാററാൻ.

മാതാവിൻ നിർദ്ദേശം രാജസവിധത്തി-
ലോതാൻ തുനിഞ്ഞിതു തന്വി പിന്നെ.

സത്തമന്മാരുടെ രക്തം കുടിക്കാനോ
നർത്തനം ചെയ്യുന്ന രാക്ഷസി നീ!?

ഉന്മദം തള്ളുന്ന ദുർമ്മോഹം പൂണ്ടവ-
ളമ്മഹീനാഥനോടോതിയേവം:-

"ഭൂലോകരംഭയെന്നല്ലയോ ഭൂപതേ!
സാലോമിയെന്നെ നീ സംബോധനം

സന്തുഷ്ടചിത്തനായ് ചെയ്യുന്നല്ലോ പിന്നെ-
യെന്തിനെനിക്കു വിഭൂഷ വേറെ!?

നീറുന്ന മാനസമോക്കുമ്പോഴും പാർത്ഥിവാ!
പാറാവിൽപ്പാർക്കുന്ന യോഹന്നാൻെറ

കണ്ഠമറുത്തൊരു താലത്തിൽക്കിട്ടണം
വേണ്ടതിവൾക്കിന്നിതൊന്നു മാത്രം?"

തന്വി തൽ കൈത്തണ്ടു തൻ കൈയിൽച്ചേർത്താടാ-
നന്നി നിന്നീടുമപ്പാപശീലൻ

മാരണം ചെയ്യുവാൻ നീരസം കാണിച്ചു
നാരി ശഠിച്ചപ്പോൾ ഭീരുവായി.

തേവിടിയാട്ടം കണ്ടാടിയ മന്ത്രിയും
നേർവഴി വിട്ടുള്ള തോഴിമാരും

യുക്തിയായ് വാദിച്ചു, വായാടിപ്പെണ്ണുങ്ങൾ
ശക്തിയായ് വർഷിച്ചു ദൂഷണങ്ങൾ.

വാഗ്മിയാമുന്മത്തനേകനരയ്ക്കുന്നു
"വാഗ്ദാനം ചെയ്തപോൽ പാലിക്കേണം"

ദുർമ്മോഹിനിയോടു ദുർമ്മന്ത്രിയും ചേർന്നാൽ
ദുർമ്മതിഭൂപൻെറ കർമ്മമെന്താം!

കോപിക്കും കാമുകി, നിന്ദിക്കും സജ്ജനം
ഭൂപാലൻ കേവലം പാവയായി!

ചിത്തമിളക്കുവാൻ നർത്തകിയ്ക്കുക്ഷണം
മത്തനെപ്പോലൊരു ഭാവഭേദം.

സ്ത്രീപരൻ കാണുന്നു നാരിതൻ ചേഷ്ടകൾ
ഭൂപതിമാർക്കഭിമാനമില്ലേ!?

ആഭിചാരം തന്നെ; ഭൂഷണമോരോന്നും
സംഭിന്നമാക്കുന്നു സമ്മോഹിനി.

ശോണഗണ്ഡങ്ങളിൽ കണ്ണീരൊലിപ്പിച്ചും
ചേണുററവാണിയുരച്ചുകൊണ്ടും

മണ്ഡനമോരോന്നും പൊട്ടിച്ചെറികയായ്
മണ്ഡലാധീശൻെറ സന്നിധിയിൽ.

നാണമില്ലാതവൻ കുത്തിയിരുന്നിതൊ-
രാണി തറച്ചപോൽ മണ്ഡപത്തിൽ.

താണ്ഡവക്കാരി തൻ പ്രേമം നശിക്കായ്വാൻ
ദണ്ഡിതനായൊരു കാമരാജൻ

മണ്ഡിതപിണ്ഡമാം ചണ്ഡാലൻ ചാടുന്നു
മണ്ഡൂകയാനം പോൽ ലംബോദരൻ!

പൊണ്ണനാം മന്നവൻ കല്പിച്ചു, ദൈവമേ!
പെണ്ണിന്റെയിംഗിതം സാധ്യമാക്കാൻ.

പ്രാണപ്രയാണവും നീതി തൻ നാശവും
കാണുന്നോ വാണിനീ, ദാരികേ, നീ.

ധർമ്മത്തെക്കൈവിട്ട ദുർമ്മോഹി നാഥനെ-
ധർമ്മത്തെ വീക്ഷിക്കും ലോകമേ! നീ

എന്തും സഹിക്കണമന്ധത തീരുവാൻ
ചിന്തണം നിൻനിണം വേണ്ടി വന്നാൽ.

കാരാലയത്തിൻ കവാടം തുറക്കുന്നു
ശൂരന്മാർ ഖഡ്ഗങ്ങൾ തേച്ചൊരുക്കി.

കാര്യം ഗ്രഹിച്ചുടൻ പ്രാർത്ഥിച്ചു, താപസ-
വര്യനധ്യാനത്തിലാണ്ടുപോയി.

വാളുമായി ചെന്നവർ താപസൻ തൻ ഗള-
നാളം!! ഹാ!! ദൈവമേ! വയ്യ, ചൊൽവാൻ!!

നർത്തകി കൈനീട്ടി വാങ്ങിച്ചു, യോഗീന്ദ്ര-
മസ്തകമമ്മയ്ക്കു കാഴ്ചവെപ്പാൻ

മന്ദിരശുദ്ധിയ്ക്കായ് സിദ്ധന്റെ ശോണിത
ബിന്ദുക്കളീശ്വരൻ വീഴ്ത്തിടുന്നു.

കണ്ടപ്പോൾ വൻജയം നേടിയ വേശ്യാംബ-
യ്ക്കുണ്ടായൊരാനന്ദമെന്തുമാത്രം!

പാടവം പാർത്തിട്ടാം പുത്രിയെ ചുംബിച്ചു;
ചേടിയും വാഴ്ത്തിനാൾ സാലോമിയെ.

കല്മഷഹീനനെ ക്രൂരമായ് പുച്ഛിച്ചു
തിന്മയെപ്പേറിയോരം പോർവിളിച്ചു.

ദുർമ്മതി മൂത്തിട്ടു മൂർദ്ധാവു മർദ്ദിച്ചു
ദുർവാക്യമൊന്നൊന്നായോതിടുന്നു.

"ചത്തൊരു വസ്തുവേ കത്തുന്ന ജന്തു നീ!
ചത്താലും ചീയുമോ പാത്തലത്തിൽ!!?"

മർത്ത്യനെ ദംശിച്ചു സംതൃപ്തി തേടുന്ന
സർപ്പത്തെപ്പോലമ്മ സന്തുഷ്ടയായ്.

നാരകദ്വാരം തുറന്നു കൊടുക്കുന്നു
നാരി, തന്നോമന നന്ദിനിക്കായ്.

ഹേറോദേസ് മന്നന്റെ ജന്മദിനത്തില-
പ്പാറാവിൽ നിന്നു വിമുക്തനാകും

യോഹന്നാനെന്നൊട്ടങ്ങാശിച്ച ശിഷ്യന്മാർ
ഹിംസാവൃത്താന്തത്താൽ മൂർച്ഛിതരായ്.

അത്യയം കേട്ടെത്തി കണ്ണുനീർ വാർത്തുകൊ-
ണ്ടത്യാർത്ഥം ഭക്തരായ് പാദം മുത്തി.

ആരണ്യവാസിയാം നീതിപ്രസക്തനേ-
കാരുണ്യവാനായ മാമുനിയേ—

ഹിംസിച്ച ദുഃഖത്താൽ പൊയ്കയിൽ നീന്തിയ
ഹംസം കരയ്ക്കേറിത്തൂങ്ങിനില്പൂ.

ദാരുണ സൂദനം വീക്ഷിച്ചു സൂരനും
പാരമശക്തനായ് മങ്ങിവാഴ്വൂ.

സത്തുക്കൾക്കുത്തമൻ മർദ്ദിതനായെന്നാൽ
നേത്രാംബു ചിന്താത്തതാരിഹത്തിൽ?

നീറുന്ന നെഞ്ചുമായ് ബന്ധുമിത്രാദികൾ
മാറത്തടിക്കുന്നു, മാഴ്കിടുന്നു.

പാവനനാരികൾ വാർത്തകേട്ടെത്തുന്നു
വാവിട്ടു കേഴുന്നു പെണ്ണാട്ടുപോൽ.

തോരാതൊലിക്കുന്ന കണ്ണുനീർദ്ധാരയാൽ
ചാരത്തണഞ്ഞുള്ള സജ്ജനങ്ങൾ

മൃഷ്ടമാക്കിത്തനു പൂഞ്ചേലയും ചുററി
ശിഷ്ടന്മാർ വാസന ദ്രവ്യം പൂശി.

മുററിയ ഭക്തരാം ശിഷ്യന്മാർ കണ്ണുനീ-
രിററിററു വീഴ്ത്തിയും മുട്ടുകുത്തി,

ഉള്ളിൽ തുളുമ്പിടും പ്രേമത്താൽ പ്രേതത്തെ
തോളിൽ വഹിച്ചവർ യാത്രയായി.

ചേതോഹരമാക്കി നിർമ്മിച്ചു നിർമ്മല-
പ്രേതാലയം തൻെറ യാത്മമിത്രർ.

സംസ്കൃതമാനസനല്ലേ പിന്നെന്തിനു
സംസ്ക്കാരം ചെയ്യുന്നു കാർമ്മികന്മാർ?

നീതിജ്ഞൻ സ്വർഗ്ഗത്തിൽ വാഴുന്നു ശിഷ്ടരാ
പൂതമാം തന്നുടൽ സംസ്ക്കരിച്ചു.

* * * * * *

ഇമ്മഹീപാലർക്കുമെന്നു വേണ്ടേവർക്കും
നമ്മുടെ മാമുനി മാർഗ്ഗദർശി.

സന്മാർഗ്ഗ സംഗ്രാമം ചെയ്യോരു യോദ്ധാവേ!
ദുർമ്മാർഗ്ഗം ഞങ്ങളും വിട്ടുനീങ്ങി

കണ്ടകന്മാരോടു പോരാടി നേടുവാൻ
കൎമ്മപ്രഭാവമിങ്ങേകിടേണം.

ദാരിദ്ര്യ ദുഃഖിതർ ദുർബല കായരും
പാരിൽപ്പിറക്കുന്ന മർത്ത്യരെല്ലാം

വിണ്ണുവക്കീശൻെറ യാനനം വീക്ഷിപ്പാൻ
മന്നിൽ നിൻ മാദ്ധ്യസ്ഥ്യമർത്ഥിക്കുന്നു.

ഭൂജാതരായോരിലേററം സമുന്നതൻ
പൂജാർഹൻ യോഹ നാൻ പുണ്യമൂൎത്തി.

ഏന്നേവമല്ലയോ കീൎത്തിച്ചു രക്ഷകൻ
കന്യാതനൂജനാം ക്രിസ്തുദേവൻ.

പൂരിതപുണ്യൻെറ മാഹാത്മ്യം വൎണ്ണിപ്പാൻ
സൂരികുലത്തിലിന്നാക്കു സാദ്ധ്യം?

# ഭാഗം 12.

ദുർവൃത്ത ഭൂപാലൻ നീണാരം ഭരിച്ചെന്നാ-
ലുൎവ്വിയിൽ വാഴുമോ നീതിജ്ഞന്മാർ?

ശിഷ്ടരെ മർദ്ദിച്ചു വാഴുന്നവൎക്കെന്നും
സ്രഷ്ടാവു നല്കുമോ കാമിതങ്ങൾ?

ദുഷ്കൃത രംഗങ്ങൾ സിംഹാസനങ്ങളെ
നിഷ്കാസനം ചെയ്യും സൎവ്വശക്തൻ!

ശ്രേഷ്ഠാധികാരിയെ ദ്രോഹിപ്പാൻ പിന്നെയാ-
ദ്ദുഷ്ടനാം ഹേറോദേസുദ്യമിച്ചു.

ശത്രുവിൻ പാർശ്വത്തിൽ ചേന്നവൻ ഗോപ്യമായ്
സൂത്രങ്ങളോതിക്കൊടുത്തു കഷ്ടം!!

ഗൂഢമായ് വഞ്ചിക്കും വിഡ്ഢി തൻ കാപട്യം
താഡനമേററാലും കൈവിടുമോ?

ശീലിച്ച ദുഷ്കർമ്മം നാശത്തിൽ വീഴ്ത്തുമ്പോഴും
കാലക്കേടെന്നു ചൊന്നാശ്വസിക്കാം.

സമ്രാട്ടു പ്രവീരനാം തന്നെത്തകക്കുവാൻ
ദുർമ്മതി ഹേരോദേസാന്നു യത്നം

കേസരി തുല്യനായ് റോമ്മായിൽ വാഴുമാ-
ക്കേസർ ഗ്രഹിച്ചുടൻ കാലുഷ്യത്താൽ

* ഗാലീലയിൽനിന്നങ്ങാട്ടിയോടിക്കയാൽ
മാലേറി മണ്ടുന്നു നീചനിചൻ!

നാടുകടന്നിട്ടും ബന്ധനഭീതിയാ-
ലോടുന്നു തീപ്പെട്ടോരി പോലെ ദുഷ്ടൻ!

പ്രാണനെപ്പാലിപ്പാൻ പ്രാകാരം വിട്ടോടും
'വീണനെ'ക്കാണണം മദ്ധ്യേ മാർഗ്ഗം.

പിന്തിരിഞ്ഞീടാതെ മണ്ടുന്ന മന്നനെ
പിന്തുടർന്നീടുന്നാ ഭോഗിനിയാൾ.

തങ്ങാതെ പായുന്ന കാമുകശ്രേഷ്ഠനെ-
യെങ്ങാനും കാണുമോ കാമിനിമാർ?

---

* ക്രിസ്തബ്ദം 39-ാമാണ്ടു് ഹേറോദേസ് അൻറിപ്പാസിനെ റോമ്മൻ കൈസർ നാടുകടത്തി.

നഷ്ടസർവ്വസ്വനാം കാശ്യപീനാഥൻെറ
കഷ്ടത വർണ്ണിച്ചാൽത്തീരുകില്ല.

പോരെങ്കിലീനൃപൻ പ്രാകൃതന്മഴിയി-
ലാരാലും വഞ്ചിതൻ ദുർമ്മദാന്ധൻ.

സച്ചിന്മയൻ തന്ന ശേഷിച്ച ജീവിതം
പശ്ചാത്താപത്തിനെന്നോർക്ക് മൂഢാ!

നാസ്തികൻ സന്താപസിന്ധുവിൽ താഴമ്പോ-
ളാസ്തികനാമോ, നിരാശനാമോ?

ഏതുവശത്തേക്ക ചായുമോ വൃക്ഷങ്ങ-
ളാവശത്തേക്ക താൻ വീഴവതും.

ലോലാംഗീമൗലിമാരൊന്നിച്ചു മേളിച്ചും
"ഭൂലോകരംഭയെ"ത്താലോലിച്ചും

കാലം കഴിച്ചതാം ഭൂപാലനിപ്പാരിൽ
കാലുകുത്തീടുവാൻ ഭൂമിയില്ല.

ചാരത്തണഞ്ഞതി ഭക്തയായ് മന്നനെ-
ദ്ദാരിദ്ര്യദേവത പൂജിക്കുന്നു.

പാർപ്പിടമില്ലാതെ താന്തനായ് നാടെങ്ങും
പേപ്പട്ടിപോലലഞ്ഞലഞ്ഞു നീളെ.

ആരോഗ്യം, ചൈതന്യമിത്യാദി വേർവിട്ട-
ബ്ഭൂരിനികൃഷ്ടൻ വെടിഞ്ഞു ലോകം!!

*   *   *   *   *   *

ആളിമാർ കൈക്കൂപ്പിപ്പൂജിച്ച ഹേറോദ്യാ
ലാളിച്ച തന്മകൾ സാലോമിയും

പട്ടണപ്പാതയിൽത്തെണ്ടിനടക്കുന്നു
പട്ടിണികൊണ്ടു വലഞ്ഞു മേന്മേൽ.

ആട്ടിയോടിക്കുന്നു, വീട്ടുകാരിൽ ചിലർ
പട്ടിയെപ്പിന്നാലെ പായിക്കുന്നു.

കാമുകി കൈനീട്ടിക്കേണിതാ കെഞ്ചുന്നു
കാമുകവീരന്മാരന്ധരായോ?

മാളിക തൻ മുകളേറിസ്സുഖിച്ചവരം
മാറാപ്പും പേറി നടന്നിടുന്നു.

ധൂളിപ്പെൺ നല്''പൌഡർ' പൂശിയ കാലംപോയ്'
ധൂളി പുരട്ടുന്ന കാഴ്ചയിപ്പോൾ.

പൊൻതളിർപ്പൂവുടയാടയണിഞ്ഞാലും
സംതൃപ്തി ചേരാത്ത സുന്ദരിയാൾ

കീറവുതുണിക്കായിക്കെഞ്ചുന്നു, ചുററാനൊ-
രററം ലഭിച്ചാലും തൃപ്തയാകും.

ഇച്ഛിച്ചതൊക്കയും തിന്നുമദിച്ചവ-
ളെച്ചിലിലയ്ക്കു കൊതിച്ചിടുന്നു.

കഷ്ടമാദുഷ്ടയാമമ്മ തൻ ഗാത്രത്തിൽ
കുഷ്ഠമല്ലാതൊന്നും കാണുന്നില്ല.

കുത്തിയിരുന്നു നിരങ്ങും തന്നമ്മയെ
നത്തകി കാണിപ്പൂ പിച്ച വാങ്ങാൻ.

ലക്ഷക്കണക്കിനു ഭിക്ഷുക്കളെത്തിയാൽ
ദാക്ഷിണ്യമാകെയും കുറഞ്ഞു പോകും.

പൂമേടയേറിയ കുട്ടിനിമാരുടെ
പൂമെയ്യും പുഞ്ചിരിച്ചാർത്തുമെങ്ങോ?

സവ്വേശൻ നീതിജ്ഞനാണെന്ന വാസ്തവം
സവ്വ ജനത്തിനും വ്യക്തമാക്കി.

ദുർഗ്ഗന്ധമേററിട്ടു പത്തനവാസികൾ
മാർഗ്ഗം നിരോധിച്ചു ദൂരത്താക്കി.

ഇഷ്ടയാം പുത്രിയുമമ്മതൻ സമ്പാദ്യം—
കഷ്ടം, പകുത്തു മുറയ്ക്കുവാങ്ങി.

വില്ലീസു മെത്തകൾ കീറിയ ദുർഭഗേ!
കല്ലിൽ കിടക്കുവാൻ കാലം വന്നു.

മസ്തകം തല്ലിത്തകൎന്നോ! പണ്ടു നീ
'മൂർദ്ധാവുമർദ്ദിച്ചു'തീവിധമോ?

വാച്ചകുതൂഹലാൽ ചോര കുടിക്കുവാ–
നീച്ചകളാർത്തു പൊതിഞ്ഞിരുന്നു.

കീടങ്ങളോരോന്നായ് ചാടിയിറങ്ങുന്നു
കൂടുന്നു പക്ഷികളൊട്ടധികം.

ഊൎദ്ധ്വഭാഗങ്ങളിൽ കാകൻ, കഴുകനും
ബന്ധകിമാക്കൊരു പന്തൽപോലെ

വൃത്തത്തിൽ ചൂഴുന്നു, കാവലിരിക്കുന്ന
പുത്രിയെക്കൊത്തിപ്പറിച്ചിടുന്നു.

വാടിത്തളൎന്നപ്പോൾ 'ഭൂലോകരംഭയു'–
മാടുന്നമഞ്ചമില്ലാതുറങ്ങി.

ലോലാക്ഷിമാരുടെ തല്പത്തിൻ ചുററുമായ്
താലവൃന്തങ്ങളും കൈയിലേന്തി

ലേശമുറങ്ങുവാൻ സന്ദർഭം കിട്ടാതെ
വീശിക്കുഴഞ്ഞൊരാത്തോഴിമാരിൽ

ആരുമീനാരികൾക്കാശപാസം നല്കുവാൻ
ചാരത്തുകാണുന്നീലെന്തു കഷ്ടം!!

വാലാട്ടി വീശുന്ന ശ്വാനരെക്കണ്ടപ്പോൾ
ഭൂലോകസുന്ദരിമാർ ഞരങ്ങി.

കാലഗതിക്കല്പം താമസം പാർത്തിട്ടാം
കാലനെക്കൂവിയുണർത്തിമേന്മേൽ

കുഷ്ഠത്താൽ വേർവിട്ട പാദാദിരാത്രിയിൽ
കട്ടുകൊണ്ടോടുന്നു ജംബുകങ്ങൾ.

ഏകമാം പാപത്താൽ പ്രാകൃതരൂപരായ്
നാകത്തെ കൈവിട്ട നാരകീയർ

വാരസ്ത്രീക്കേററവും യുക്തമാം നാരക-
മാരാഞ്ഞാശപ്പന്മാരമ്പരന്നു!!

ഗണ്ഡങ്ങളൊട്ടിയും ദന്തങ്ങളുന്തിയും
കണ്ണുകൾ തള്ളിത്തുറിച്ചുമയ്യോ!!

നാസിക നീണ്ടും കറത്തുള്ള ചുണ്ടുകൾ
മാംസങ്ങൾ വേർവിട്ട കാൽ കരങ്ങൾ

നട്ടെല്ലിളകിയും വാരിയെല്ലുന്തിയും
നാഡികൾ മന്ദിച്ച വേശ്യതാനം

അന്തരിച്ചീടുന്നു; പാതാളരാജ്ഞിയാ-
യന്തകന്മാർ മുടി ചൂടി വാഴ്ത്തി.

അംബുജനേത്ര തൻ ഗാത്രം പകുക്കുന്നു
ജംബുകശ്രേണികൾ സംസ്ക്കരിപ്പാൻ.

നേരം വെളുത്തപ്പോളമ്മയെക്കാണാഞ്ഞി-
ട്ടാരാഞ്ഞിഴഞ്ഞവൾ സാലോമിയാൾ.

'ഓമനേ!' മാറത്തലച്ചു നീ മൂർച്ഛിച്ചോ?
"സാമത്ഥ്യമേറിയോളല്ലയോ നീ"?

കണ്ണിലിരുട്ടേറിത്താഴെപ്പതിച്ചൊര-
പ്പെണ്ണിനു വർദ്ധിച്ചു ദാഹം പിന്നെ.

തണ്ണീർ ലഭിക്കുവാനാരോടു ചോദിപ്പൂ?
താണ്ഡവലക്ഷ്മി നിരങ്ങി മെല്ലെ.

വെള്ളമൊലിക്കുന്ന പൊയ്കയെക്കാണുന്നു
തള്ളുന്നൊരാശയാൽ തീരത്തെത്തി.

ദാരിക കൈകൊണ്ടു തൊട്ടപ്പോളത്ഭുതം
വാരിയോ പെട്ടെന്നുറഞ്ഞുപോയി.

അത്ഭുതം കണ്ടിട്ടുമാത്മാവിൽ ചൈതന്യ-
മുത്ഭുതമായില്ലേ വേശ്യാപുത്രി?

പാറപോലജ്ജലം വീക്ഷിച്ചു നേരത്തു
കേറിനിരങ്ങുന്നു ദുർമ്മോഹിനി.

പൊട്ടുന്നു പാറകൾ വിള്ളലിൽ വീഴുന്നു
ദുഷ്ടയാളാകണ്ഠമക്ഷണത്തിൽ

രണ്ടായി വേർവിട്ട തുണ്ടങ്ങളോരോന്നും
കണ്ടാലും! കാൽക്ഷണമൊന്നുചേന്നു.

കണ്ഠം തെറിച്ചുപോയ്, സവ്വേശനീതിയാൽ
"വേണ്ടതിവൾക്കിന്നിതൊന്നുമാത്രം"

ആടിക്കുഴഞ്ഞൊരത്തേവിടിപ്പെൺകിളി
പാടിക്കളിക്കട്ടെ പാതാളത്തിൽ!!

× × × × × ×

തമ്പുരാൻ തൻ പുരോഗാമിയായെത്തിയ
സമ്പൂജനീയനാം മാമുനീന്ദ്രാ!

നിത്യം തുണയ്ക്കണം നിൻ മക്കളെല്ലാരും
സത്യസ്വരൂപനോടൊത്തു ചേരാൻ.

സാധുവാമെന്നെയും കാക്കണേ! നാഥാ! ഞാൻ
ബാധിയ്ക്കബാധിതൻ പഞ്ചപാപി.

പോരെങ്കിൽക്രൂരനിൽക്കരുവെന്നപോലവേ
നീരിനാൽ വർണ്ണിച്ചു കാലുമിപ്പോം.

രക്തവാതാമയമെന്നെപ്പിടിച്ചൊരു
കട്ടിലിലലയ്യോ! കിടത്തി കഷ്ടം!!

നെയ്യും തളങ്ങളും തൈലവും നിത്യമീ
മെയ്യിൽ മുടങ്ങാതെ പൂശുകയാൽ

ചൂഴവും കുന്നിച്ചു കൂട്ടമെറുമ്പുക-
ളേഴയാമെന്നെ വലച്ചിടുമ്പോം

മർദ്ദിതമാമുനി തൻ കഥയിങ്ങനെ
കുത്തിക്കുറിച്ചു ഞാൻ; കുററമുണ്ടോ?

ശുഭം.

# ഇതര കൃതികൾ.

**നാഗമർദ്ദിനി.** ഉള്ളൂർ, വള്ളത്തോൾ തുടങ്ങിയ മഹാകവികളാലും ആർ. ഈശ്വരപിള്ള ബി. ഏ. തുടങ്ങിയ പണ്ഡിതവരേണ്യന്മാരാലും പ്രശംസിക്കപ്പെട്ട ഒരു ഖണ്ഡകാവ്യം. നല്ല മേനിക്കടലാസിൽ മുദ്രണം ചെയ്യപ്പെട്ട ഈ പുസ്തകത്തിൽ, ആർട്ട് പേപ്പറിൽ അടിച്ച പത്തു ചിത്രം കൂടി ചേർത്തിരിക്കുന്നു.

വില 6 ണ. മാത്രം.

**സുകൃതീന്ദ്രൻ.** 'ചിന്താമണിയിലെ' അഭിനവ ഗാനങ്ങളുടെ രീതിയിൽ നിർമ്മിതമായ ഒട്ടേറെ പാട്ടുകളോടും, കീർത്തനങ്ങളോടും കൂടിയതും, അദ്ധ്യാത്മികതത്വ പ്രതിപാദകവും കാലാനുകൂലവും, ഏവരേയും ആനന്ദിപ്പിക്കാൻ പര്യാപ്തവുമായ ഒരു നവീന പ്രഹസന പ്രകാണ്ഡം.

വില 4 ണ.

**മേരീദാസൻ.** "വായിച്ചറിയേണ്ടതും അഭിനയിച്ചുകാണേണ്ടതുമായ ഒരു സംഗീത പ്രഹസനം."

വില 4 ണ. മാത്രം.

**സത്യാത്മജൻ.** സംഗീത പ്രഹസനം.

വില 4 ച. മാത്രം.

**സ്ലീവാപ്പാഥാഗാനം.** ജപങ്ങളോടും ചിത്രങ്ങളോടും ചേർന്നതു്.

വില 1 ണ. മാത്രം.

N. B. ഗ്രന്ഥകർത്താവിൽനിന്നു നേരിട്ടും, കോട്ടയം, മാന്നാനം, എറണാകുളം, മംഗലപ്പുഴ ആദിയായ സ്ഥലങ്ങളിലുള്ള ഡിപ്പോകളിൽ നിന്നും ലഭിക്കാവുന്നതാണു്.

Bishop's House, Quilon, (S. India)

*No. 1825/39.* *4th July, 1939.*

Dear Rev. Father Nedumchira,

I received with thanks not long ago the complimentary copy of your booklet "Nagamardhini". As a dutiful and devoted child of Mary you have sung the praises and perfections of the Immaculate Mother in verses very appropriate and in images highly poetic, as many a bygone bard has sung from the dawn of Christianity. The marvels of the Mother of God are so transcendental and appealing to artistic imagination that there is no danger of any one poet exhausting them by adequately chanting the Marian Glories. The Serpent-Crusher and God-Begetter will perpetually remain an unfailing, fertile and active theme to enliven christian piety and art throughout the ages. I am sure the Heavenly Queen will accept your filial homage and bless your literary work, granting it the prevalence and popularity it deserves among our people.

With my best blessing,

Yours sincerely in Jesus & Mary,

✠ **MGR. JEROME M. FERNANDEZ,**

*Bishop of Quilon.*

# നാഗമർട്ടിനി.

---

# അഭിപ്രായങ്ങൾ:-

## മഹാകവി വള്ളത്തോൾ.

"ദിവ്യശ്രീ ഫാദർ ജോസഫ് നെടുഞ്ചിറ അവർകളുടെ നവീന കൃതിയായ "നാഗമർട്ടിനി" എന്നെ തുലോം സന്തോഷിപ്പിച്ചു.

രണ്ടായിരം വർഷങ്ങൾക്കു മുൻപ് ഭൂദേവിയാൽ അഭൂതപൂർവമായ പ്രേമാദരപ്രകർഷത്തോടെ ചുംബിക്കപ്പെട്ട ആ ദിവ്യപാദങ്ങൾ കൊണ്ടു് നാഗത്തിൻെറ—സർപ്പരൂപിയായ ചെകുത്താൻെറ പൊക്കിപ്പിടിച്ച പടത്തെ ചവുട്ടി മെതിച്ച ലോകരക്ഷകൻ യാതൊരു വിശുദ്ധ കന്യകയിൽനിന്നു സംജാതനായോ, ആ ശ്രീ മേരിയുടെ പുണ്യചരിതമാകുന്നു "നാഗമർട്ടിനി" ഗാഥയിലെ ഇതിവൃത്തം.

ക്രിസ്തുമാതാവിൻെറ മധുരോദാരമായ മഹിമയെ ഒരു വാസനയും വൈദുഷിയുമുള്ള ക്രൈസ്തവപുരോഹിതൻ ഭക്തചോദിതനായി ഗാനം ചെയ്താലത്തെ അസാമാന്യമായ ആനന്ദവിശേഷം നമുക്കു് "നാഗമർട്ടിനി"യിൽനിന്നു അനുഭവിക്കാം.

ബധിരനായ നമ്മുടെ ഗ്രന്ഥകാരൻ

"ദേവപ്രാണതെ നിങ്ങൾ ചെയ്യും വീണാഗാനം ശ്രവിക്കുവാൻ
ദേവലോകത്തിലെങ്കിലും ശക്തിനല്കേണേ."

എന്നിങ്ങനെ ദേവദൂതനോടു പ്രാർത്ഥിക്കുന്ന വരികൾ എൻെറ ഹൃദയത്തെ—ബാധിര്യത്താലുള്ള സമാനദുഃഖതകൊണ്ടു കൂടിയായിരിക്കാം—അത്യധികം സ്പർശിച്ചു. ഇങ്ങനെ രസസ്പൃക്കുണമുള്ള പല പദ്യങ്ങൾ ഈ ചെറുകാവ്യത്തിലുണ്ടു്..........."

## റാവുസാഹിബ് മഹാകവി ഉള്ളൂർ.

"അയച്ച കത്തും പുസ്തകവും കിട്ടി. ഒരാവൎത്തി വായിച്ചുനോക്കി. ആകപ്പാടെ നന്നായിട്ടുണ്ടു്. എല്ലായിടത്തും പ്രസന്നമായിത്തന്നെ നിങ്ങളുടെ കവിതാവാഹിനി പ്രവഹിക്കുന്നുണ്ടു്."

## ആർ. ഈശ്വരപിള്ള ബി. ഏ.

"സദയം അയച്ച "മേരീദാസൻ" "നാഗമർദ്ദിനി" എന്ന പുസ്തകങ്ങൾ രണ്ടും കിട്ടി. കണ്ണിന്റെ സൂക്ഷ്മക്കുറവു നിമിത്തം അല്പം പ്രയാസപ്പെട്ടെങ്കിലും വായിച്ചു നോക്കി. ഇവ രണ്ടും വേദപുസ്തകത്തെ അടിസ്ഥാനപ്പെടുത്തി എഴുതീട്ടുള്ള കൃതികളാണ്. അതു നിങ്ങളുടെ വൈദികവൃത്തിക്ക് അനുരൂപവുമാണല്ലൊ. എന്നല്ല, ക്രിസ്തീയ വായനക്കാരിൽ ഭക്തി ജനിപ്പിക്കുന്നതിനും ഇവ പൎയ്യാപ്തമാണ്. നിങ്ങളുടെ ഭക്തിയേയും ഇവ ദ്യോതിപ്പിക്കുന്നുണ്ടു്. ആദ്യം വന്നതു് ഒരു ഗദ്യനാടകമാണ്. അതിന്റെ രചനയിൽ നിങ്ങൾ അസാമാന്യമായ ശ്രദ്ധ പതിച്ചിട്ടുള്ളതായി കാണുന്നു. അതു ഭംഗിയാക്കീട്ടുമുണ്ടു്. രണ്ടാമത്തേതു് ഒരു വഞ്ചിപ്പാട്ടാണ്. അതു് ആപാദചൂഡം ഭക്തിമസൃണമാണ്. ഇവയിൽ രണ്ടിലും നിങ്ങളുടെ വാസനയും സാഹിത്യാഭിരുചിയും കാണ്മാനുണ്ടു്. ഭാഷാരീതി സരളവും അക്ലിഷ്ടവുമാണ്. നിങ്ങൾക്ക് സൎവ്വവിജയവും പുസ്തകങ്ങൾക്ക് വിപുലപ്രചാരവും ആശംസിച്ചുകൊള്ളുന്നു."

## ഭാഷാപോഷിണി.

............"നരകനാഗ"ത്തിന്റെ വക്ത്രഗഹ്വരത്തിൽ നിന്നു നരവംശത്തെ സമുദ്ധരിച്ച ക്രിസ്തുവിന്റെ ജനയിത്രി എന്ന നിലയിലും ക്രൈസ്തവ മതവിശ്വാസമനുസരിച്ചും "നാഗമർദ്ദിനി" എന്നു കന്യകാമേരിയ്ക്കു് അപരാഭിധാനമുണ്ടു്. ആ പേരുതന്നെ ഗ്രന്ഥത്തിനും നൽയിരിക്കുന്നു...........ഒരു വാസനയുള്ള കവിയുടെ മനോവ്യാപാരത്തിന്റെ പ്രതിഫലനം ഈ ചെറുകൃതിയുടെ പല ഭാഗങ്ങളിലും കാണാനുണ്ടു്..........."

"വാനിൽനിന്നു മന്നിലേക്കു...................."എന്നിങ്ങനെ ദൈവദൂതദൗത്യം വർണ്ണിക്കുന്ന ഭാഗം കവിയുടെ കല്പനാശക്തിക്കും, "അർദ്ധസുധാകരൻ മെല്ലെ..........." ഇത്യാദികൾ അലങ്കാരപ്രയോഗ ചാതുരിക്കും, "ഇടിനാദം വെന്നിടുന്ന..........." എന്നിങ്ങനെയുള്ള ഈരടികൾ ഉചിത പദപ്രയോഗലാഘവത്തിനും, "ജഗദീശ! തലചായ്ക്കാൻ..........." എന്നിവ തത്വചിന്തയ്ക്കും ലക്ഷ്യങ്ങളായി ഉദ്ധരിക്കാവുന്നതാണ്.

മേരിയുടെ ശൈശവം, യൂദയുവാക്കന്മാരുടെ "കന്യകാ" വരണസംരംഭം, ഹേറോദേസിന്റെ നിഷ്ഠുരാജ്ഞ മുതലായ കഥാഭാഗവർണ്ണനകളിൽ സഹൃദയന്മാർക്ക് ആസ്വാദ്യകരമായ കവിതരസം നിർല്ലീനമായിട്ടുണ്ട്...........രചനയിലൊ, മുദ്രണത്തിലൊ യാതൊരു ഭാഷാദൂഷ്യവും പ്രസ്താവ്യമായിട്ടില്ലെന്നുള്ളത് ഈ കൃതിയുടെ ഒരു മെച്ചമത്രെ. ഭാഷാരീതി ലളിതമെങ്കിലും ദുർലഭമായിട്ടു മാത്രം കാണപ്പെടുന്ന കഠിനപദങ്ങൾക്കു ഒരു ടിപ്പണിയും ചേർത്തിട്ടുണ്ട്. സന്ദർഭാനുസരണം ചേർത്തിരിക്കുന്ന ചിത്രങ്ങൾ ഗ്രന്ഥത്തിനു അലങ്കാരമായിരിക്കുന്നു.

ബാധിര്യദുഃഖമനുഭവിക്കുന്ന കവിയുടെ "കർണ്ണവേദനയാൽ തനു ..........." ഇത്യാദി ദയനീയ വിലാപങ്ങൾ സഹൃദയഹൃദയങ്ങളെ സ്പർശിക്കുന്നവയാണ്..........."

## നസ്രാണിദീപിക.

...........റവ. ഫാദർ ജോസഫ് നെടുഞ്ചിറ അവർകളാൽ വഞ്ചിപ്പാട്ടു രീതിയിൽ എഴുതപ്പെട്ട പ്രസ്തുത ഖണ്ഡകാവ്യം സാഹിത്യരസികന്മാരുടെ ശ്രദ്ധയെ ബലാദാകർഷിക്കുന്നതാണ്. കവി നല്ല വാസനാബലമുള്ള ആളാണെന്നു ഇതിലെ ഏതൊരു പുറമെടുത്താലും ലക്ഷ്യങ്ങൾ കാണാം.

"തട്ടുക്കൊന്നിൽ തറമേലങ്ങടുത്തായി കിടക്കുന്ന
മിട്ടുക്കിയെത്തിടുക്കത്തിലെടുത്തിട്ടമ്മ"

എന്നും മററുമുള്ള വരികൾ എഴുതുന്നതിന് ഒന്നാംതരം വാസനാസമ്പന്നന്മാരേക്കൊണ്ടേ സാധിക്കയുള്ളൂ. പണ്ഡിതപാമ

രന്മാരെ ഒരുപോലെ ആകർഷിക്കത്തക്കവണ്ണം ഹൃദയംഗമമായ ഒരു രീതിയിൽ ലളിതകോമളമായി ഈ കൃതി ആദ്യന്തം എഴുതപ്പെട്ടിരിക്കുന്നു. വാസനാബലത്തിന്റെ അവ്യാഹതമായ പ്രവാഹവും ഭാവനയും സമ്മേളിച്ച് വായനക്കാരെ രസധാരയിൽ ഒഴുക്കിക്കൊണ്ടുപോവുകയാണു് ചെയ്യുന്നതു്..........."

## മലയാളമനോരമ.

...........ഒട്ടാകെ ആയിരത്തിമുന്നൂറു വരികൾ അടങ്ങിയതാണു് ഈ ഗ്രന്ഥം...........ഒരു വിസ്തൃതമായ ഇതിവൃത്തത്തെ സംഗ്രഹിക്കുമ്പോൾ ത്യാജ്യഗ്രാഹ്യവിവേചനത്തിൽ ഗ്രന്ഥകാരന്മാർ വളരെ ശ്രദ്ധിക്കേണ്ടതുണ്ടു്. അദ്ധ്യായങ്ങളുടെ പൗർവാപര്യം, പരസ്പരബന്ധം, വിഷയങ്ങളുടെ അനുസന്ധാനം ഇത്യാദി കാര്യങ്ങളിൽ വളരെ നിഷ്കർഷിച്ചിട്ടുള്ളതിനാൽ കൃതിയിൽ ആകപ്പാടെ വിളങ്ങുന്ന ഒരു അന്യൂനാനതിരിക്തത്വം ഇതിന്റെ പല ഗുണങ്ങളിലൊന്നാണു്. ഈരടികളുടെ പ്രവാഹസൗഷ്ഠവവും ആശയലാളിത്യവും കൊണ്ടു് കുചേലവൃത്തം മുതലായ വഞ്ചിപ്പാട്ടുകൾ പോലെ ഈ ഖണ്ഡകൃതിയും ബാലികാബാലന്മാർക്കു് ഹൃദിസ്ഥമാക്കി പാടി രസിക്കുവാൻ കൊള്ളാവുന്നതാണു്. അലങ്കാരപ്രയോഗങ്ങളിൽ എഴുത്തച്ഛന്റെ കൃതിയുടെ ശാലീനരീതിയാണു് ഇതിൽ അധികവും അവലംബിക്കപ്പെട്ടിട്ടുള്ളതെന്നിരുന്നാലും

"കന്യകയുഷ്മംഗളമായ് പ്രഭാതത്തിൽ പാതതോറും
വാനിൽനിന്നു കുസുമങ്ങൾ വിതറിടും പോൽ

നിരവധി വെള്ളമലർ വള്ളിക്കെട്ടുകളിൽനിന്നും
തുരുതുരെ പൊഴിക്കുന്നു കാര്യമാരുതൻ.

അത്ഭുതമേ! തരുശാഖകുളിർകാററാൽ തലതാഴ്ത്തി
ഗർഭിണിയെക്കണ്ടനേരമഴലേറിട്ടോ,

മണ്ണിലേക്കു വീഴ്ത്തിടുന്ന ഹിമബിന്ദു പ്രഭാതത്തിൽ
കണ്ണിൽനിന്നു തുള്ളിയായി കണ്ണുനീർ പോലെ..........."

എന്നിങ്ങനെയുള്ള പല ഭാഗങ്ങളിലും സന്ദർഭോചിതങ്ങളായ അലങ്കാരങ്ങൾ പ്രയോഗിക്കുവാൻ കവി ശ്രമിച്ചിട്ടുണ്ട്. ഇതിനുംപുറമെ സന്ദർഭവശാൽ സ്ത്രീകളുടെ ആഭരണഭ്രമത്തെ ചിത്രീകരിച്ച് ഹാസ്യരസസ്ഫുരണത്തോടെ നിയന്ത്രിക്കുന്ന ഏതാനും വരികൾ ശാഖാചംക്രമണം ചെയ്യുമ്പോഴും പദ്യകാരനുള്ള മിതത്വബോധം സ്പഷ്ടമാക്കുന്നു. ഭക്തിദ്യോതങ്ങളായ പല ചിത്രങ്ങളും ഇടയ്ക്കിടക്കായി ചേർത്തിട്ടുള്ളത് ഗ്രന്ഥത്തിൻെറ ആകർഷകത്വം വർദ്ധിപ്പിക്കുവാൻ ഉപകരിക്കുന്നുണ്ട്. ബധിരനായ ഈ കവി ഭക്തിപാരവശ്യത്താൽ രോഗമോചനത്തിനു വേണ്ടി ചെയ്യുന്ന പ്രാർത്ഥനകൾ ഏററവും ഹൃദയംഗമങ്ങളാണ് ...........”

# മലബാർ മെയിൽ.

“............സർവ്വാംഗസുന്ദരമായ ഇതിവൃത്തമെടുത്ത് കലാപ്രണയിയും ഭക്തപരവശനുമായി ഫാദർ നെടുഞ്ചിറ അവർകൾ എഴുതിയിരിക്കുന്ന ഈ ഖണ്ഡകാവ്യം അതർഹിക്കുന്ന ശ്രേഷ്ഠതയെ പ്രാപിച്ചിട്ടുണ്ടെന്നും അതിലെ ഓരോ വരിയും വിശദമാക്കുന്നുണ്ട്. പ്രതിപാദ്യവിഷയത്തിൻെറ പാവനതയ്ക്കും മാഹാത്മ്യത്തിനും അനുയോജ്യമായ ഭാവന വൈശിഷ്ട്യവും ഭാഷാലാളിത്യവും ഈ ഗ്രന്ഥത്തിന്റെ മാററു വർദ്ധിപ്പിച്ചിട്ടുണ്ട്. വികാരോദ്ദീപങ്ങളായ വരികൾ വായിച്ചുപോരുന്നവർക്ക് ഇടയ്ക്കിടയ്ക്ക് ബധിരനായ കവിയുടെ ആത്മസ്മരണ ഹൃദയാവർജ്ജകമാണ്...........പാവനമായ ഈ കൃതി എല്ലാ ക്രിസ്തീയ ഭവനങ്ങളിലും പ്രചരിച്ചുകാണുവാൻ ആഗ്രഹിക്കുകയും......... സർവ്വ മംഗളങ്ങളും ആശംസിക്കുകയും ചെയ്യുന്നു.”

## പ്രകാശം.

“...........മഹാകവി കുമാരനാശാൻെറ കരുണയെ അനുകരിച്ച് നതോന്നതവൃത്തിയിൽ രചിതവും ആപാദചൂഡം ഭക്തിമസൃണവുമായ ഒരു ഖണ്ഡകാവ്യമാണ് ഞങ്ങളുടെ അഭിപ്രായത്തിന് വിഷയീഭവിച്ചിരിക്കുന്ന ‘നാഗമർട്ടിനി’ എന്ന

ചെറുഗ്രന്ഥം. ഗ്രന്ഥകാരനായ റവ. ഫാദർ ജോസഫ് നെട്ട ഞ്ചിറ അവർകളാകട്ടെ, സ്വതസ്സിദ്ധമായ വാസനാബലം,ഭാവ നാവിലാസം എന്നിവകൊണ്ടും പദസ്വാധീനതകൊണ്ടും പ രിശ്രമശീലത്താലും സർവ്വോപരി പരീക്ഷിതമായ ഭക്തിദാർഢ്യ ത്താലും ഏതാദൃശവിഷയങ്ങളിൽ കൈകാര്യം ചെയ്യുവാൻ സർവ്വഥാ അർഹനെന്ന് പ്രസിദ്ധി സമ്പാദിച്ചിട്ടുള്ള ഒരു വൈ ദികശ്രേഷ്ഠനുമത്രെ. സർപ്പരൂപമെടുത്ത സാത്താൻ മൂലം മനുഷ്യരാശിയെ ബാധിച്ച പാപാന്ധകാരം നീക്കാൻ അവത രിച്ച 'ലോകപ്രകാശ'മാകുന്ന ക്രിസ്തുനാഥന്റെ മാതൃപദം ലഭി ക്കാൻ ഭാഗ്യം ലഭിച്ച ദിവ്യജനനിയായ കന്യകമറിയാമിന്റെ പുണ്യ ചരിതപ്രതിപാദകമായ ഈ ഖണ്ഡകാവ്യത്തിന് നാഗ മർദ്ദിനി എന്ന നാമധേയം തന്നെ അന്വത്ഥമായിരിക്കുന്നു. ഇതിവൃത്തത്തിന്റെ മാഹാത്മ്യംകൊണ്ടും കവിതയുടെ ലാളി ത്യംകൊണ്ടും ആദ്യന്തം അനുഭവപ്പെടുന്ന ഭക്തിപ്രചുരിമയിലും ഈ കൃതി കത്തോലിക്കരെയൊ അകത്തോലിക്കരെയൊ മാത്ര മല്ല, കേരളീയ സഹൃദയലോകത്തെ ആകമാനം ആനന്ദിപ്പിക്കു വാൻ പര്യാപ്തമായിരിക്കുന്നുണ്ട്. മാത്രമല്ല,നമ്മുടെ ബാലവിദ്യാ ർത്ഥികൾക്കും ഒരു പാഠ്യപുസ്തകമായിത്തീരാൻ വേണ്ട സകല ഗുണങ്ങളും ഇതിനുണ്ടെന്നും കൂടി പറയേണ്ടിയിരിക്കുന്നു........ ....നാഗമർദ്ദിനിയിൽ സുലഭമായി കാണുന്ന വർണ്ണനകളുടെ ചാതുര്യത്തേയും ഉപമകളുടെ ഔചിത്യത്തേയും ആശയങ്ങളുടെ ഔൽകൃഷ്ട്യത്തേയും ഉപദേശങ്ങളുടെ നൈർമ്മല്യത്തേയും ആ സ്വദിക്കുവാൻ സകല മലയാളികളേയും ഞങ്ങൾ ക്ഷണിക്കു യും ചെയ്തുകൊള്ളുന്നു..........."

## കർമ്മലകുസുമം.

"...........ക്രിസ്ത്യാനികൾക്ക് ഭയം കൂടാതെ വായിക്കു വാൻ തക്ക നല്ല കവിതകൾ ഉണ്ടാക്കേണ്ടതു് ഇന്നത്തെ ഒരു വലിയ ആവശ്യമാണ്. ഈ ഉദ്ദേശ്യസാദ്ധ്യത്തിനായി പലേ ക്രിസ്തീയയുവകവികളും പരിശ്രമിച്ചുവരുന്നുണ്ട് എന്ന് സസ ന്തോഷം പറയേണ്ടിയിരിക്കുന്നു. അക്കൂട്ടത്തിൽ മുന്നണിയിൽ നില്ക്കുന്ന ഒരു യുവകവിയുടെ പരിശ്രമഫലമാണു ഞങ്ങളുടെ

മുമ്പിലിരിക്കുന്ന "നാഗമർട്ടിനി." ഇതിലെ ഇതിവൃത്തം ലോക രക്ഷകൻെറ മാതാവായ പരിശുദ്ധ കന്യകമറിയമാകുന്നു എന്നു കേൾക്കുമ്പോൾ തന്നെ ദൈവജനനിയുടെ വലിയ ഭക്തരെന്നു പരിശുദ്ധ സിംഹാസനത്താൽ പോലും പ്രശംസിക്കപ്പെട്ടിട്ടുള്ള കേരളീയകത്തോലിക്കർ ഇതു വായിക്കാൻ ബലമായി ആകർഷിക്കപ്പെടാതിരിക്കയില്ല. ഒരു വൈദികൻ ദേവമാതാവിനെക്കുറിച്ച് ഭാഷയിൽ ഇത്ര മനോഹരമായി കവനം ചെയ്യുന്നതു കണ്ടാൽ ആക്കാണ് അപാരമായ ആനന്ദമുണ്ടാകാത്തത്? സഹൃദയഹൃദയങ്ങൾക്ക് ആലോചനാമൃതങ്ങളായ തത്വചിന്തകളും വർണ്ണനകളും ഈ കൃതിയിൽ സുലഭങ്ങളാണ്. ഗ്രന്ഥകത്താവിൻെറ അകൃത്രിമമായ വാക്മാധുര്യത്തിനും വ്യുൽപത്തിദാർഢ്യത്തിനും കവിതാവാസനയ്ക്കും ഈ പുസ്തകം ഒരു ഉത്തമദൃഷ്ടാന്തമായിതീൎന്നിട്ടുണ്ട്. കേരളീയ കവികളിൽ കവിതാവിഷയത്തിൽ ഒരു ഉന്നതപദത്തെ അലങ്കരിക്കത്തക്ക കവിതാവാസനയാണ് നാഗമർട്ടിനിയുടെ കത്താവിൽ ഞങ്ങൾ കാണുന്നത്. ഇപ്രകാരമുള്ള യുവകവികളുടെ പരിശ്രമം കൊണ്ടു വേണം ഭാഷാപദ്യസാഹിത്യത്തിൽ നമുക്കുണ്ടായിട്ടുള്ള കോട്ടം പരിഹരിക്കുവാൻ. "നാഗമർട്ടിനി" തൽ കത്താവിൽ നിന്ന് ഭാഷയ്ക്കു സിദ്ധിയ്ക്കുവാനിരിക്കുന്ന അനേകം ഖണ്ഡകാവ്യങ്ങളുടേയും മഹാ കാവ്യത്തിൻെറ തന്നെയും നാന്ദിയായി തീരട്ടെ എന്നാണ് ഞങ്ങളുടെ പ്രാത്ഥന. ഒരു കത്തോലിക്ക പുരോഹിതനിൽ നിന്ന് കൈരളിക്ക് ലഭിച്ചിരിക്കുന്ന ഈ കാവ്യോപഹാരം ആശാതീതമായ വിധം രമണീയമായിരിക്കുന്നു എന്നു ചുരുക്കി പറയുവാനേ നിവൃത്തിയുള്ളു............"

## മദ്ധ്യസ്ഥൻ.

"............സ്ത്രീലോകത്തിൻെറ ആദർശമായ ദൈവമാതാവിൻെറ ലോകോത്തരമായ ജീവിതത്തെപ്പററി പ്രതിപാദിക്കുന്ന "നാഗമർട്ടിനി" ഭാഷാശുദ്ധിയിലും ആശയസംപുഷ്ടിയിലും അലങ്കാരസമൃദ്ധിയിലും ഒട്ടും പിന്നിലല്ലെന്നുള്ളത് സകല കേരളീയക്രൈസ്തവക്കും അഭിമാനകരവും ആഹ്ലാദപ്രദവുമാകുന്നു. മഹാകവിലഭ്യമായ ഭാവനാവൈദഗ്ദ്ധ്യത്തോടും അസാമാന്യമായ

കവിതാവാസനയോടും കൂടിയ ഫാദർ നെടുഞ്ചിറ ഇതുപോലുള്ള അനേകം കാവ്യങ്ങളാൽ ക്രിസ്തീയ സാഹിത്യത്തെ പോഷിപ്പിക്കുമെന്നു് നമുക്കു പ്രതീക്ഷിക്കാം. ശൃംഗാരത്തിൻെറ കൂമ്പാരങ്ങളാകുന്ന കൃഷ്ണഗാഥാദികാവ്യങ്ങൾ വായിച്ചു് ഇരുളടഞ്ഞിരിക്കുന്ന വിദ്യാത്ഥിലോകത്തിനു് "നാഗമർദ്ദനി"യാകുന്ന സുധാകരി പരിശുദ്ധാശയങ്ങളാകുന്ന സ്വച്ഛകിരണങ്ങളാൽ രക്ഷാകരമായ പ്രകാശവും പ്രസാദവും പ്രദാനം ചെയ്യുന്ന കാലം വേഗം ആഗതമാകുമാറാകട്ടെ..........."

## കുടുംബദീപം.

"............നതോന്നതാവൃത്തത്തിൽ ലളിതഭാഷയിൽ വിരചിച്ചിട്ടുള്ള ഒരു ഖണ്ഡകാവ്യമാണു് ഞങ്ങളുടെ മുമ്പിലിരിക്കുന്ന "നാഗമർദ്ദിനി". നരകനാഗമർദ്ദിനിയും ദൈവപ്രസൂവുമായ കന്യകമറിയത്തിൻെറ ജീവചരിത്രമത്രെ ഇതിവൃത്തം. കാവ്യത്തിൻെറ നാമം ഏററം അനച്ഛത്ഥമായിട്ടുണ്ടു്. പ്രതിപാദ്യരീതി അക്ലിഷ്ടമെന്നല്ല മനോഹരവുമാണു്.

"പങ്കജത്തെ ത്യജിച്ചർക്കൻ ശങ്കയെന്യേ കേറിവന്നോ
പങ്കംവിനാ ജനിച്ചൊരു കമലം തേടി"

എന്നും മററും കവിതാ സാമ്രാജ്യത്തു സഞ്ചരിച്ചുകൊണ്ടു് പാടിയുൽപ്രേക്ഷിക്കുവാൻ മാത്രം കല്പനാശക്തിയും വാസനാവൈഭവവുമുള്ള വൈദികർ അധികമുണ്ടൊ എന്നും സംശയിക്കണം

"ഇടിനാദം വെന്നിടുന്ന മുടിവേറും കഠോരാജ്ഞ
കിട്ടുകിടെ വിറപ്പിച്ചു ജനത്തെയെല്ലാം"

അദിയായ പദങ്ങളിലെ പദവ്യന്യാസം കവി വാസ്തവത്തിൽ വൈശ്യവചസ്സാണെന്നു തെളിയിക്കുന്നു............"

## നവജീവിക.

"ക്രിസ്തുമാതാവിൻെറ മഹനീയമഹിമയെ സരളലളിതമായ രീതിയിൽ, ശ്രുതിസുഭഗവും ഗാനോചിതവുമായ വൃത്തത്തിൽ റവ. ഫാദർ ജോസഫ് നെടുഞ്ചിറ ഒ. എസ്സ്. എച്ചു്.

എഴുതിയ "നാഗമർദ്ദിനി" ഞങ്ങളെ അതിയായി ആനന്ദിപ്പിച്ചു............സാഹിത്യരസം തുളുമ്പുന്ന നാഗമർദ്ദിനി ക്രിസ്തീയ ജനതതിയെ സവിശേഷം ആനന്ദിപ്പിക്കതന്നെ ചെയ്യുന്നു. ഈ വന്ദ്യ വൈദികൻെറ സാഹിത്യപരിശ്രമം അനേകം കവനകുസുമങ്ങളെ ഭാഷാമാതാവിൻെറ തൃപ്പാദങ്ങളിൽ കാണിക്കവെക്കുമാറാകട്ടെ............"

## ചെറുപുഷ്പം.

"............സാമാന്യജനങ്ങളുടെ ഭക്തി വർദ്ധനവിനെ ഉദ്ദേശിച്ചു ലളിതഭാഷയിൽ രചിച്ചിട്ടുള്ള ഒരു ഖണ്ഡകാവ്യമാണ് ഇതു്. പണ്ടേ മരിയഭക്തി തങ്ങളുടെ പൂർവ്വസ്വത്തായി അഭിമാനിക്കുന്ന കേരളീയകത്തോലിക്കക്ക് മാതാവിൻെറ ജീവചരിത്രം ഇങ്ങനെ കാവ്യരൂപത്തിൽ, അതും പാടുവാൻ പററിയ ദ്രാവിഡവൃത്തത്തിൽ കിട്ടിയാൽ എത്രകണ്ടു ആനന്ദപ്രദമായിരിക്കുമെന്ന് പറഞ്ഞറിയിക്കേണ്ട ആവശ്യം ഇല്ല. മിസ്റ്റർ ഉലഹന്നൻമാപ്പിളയുടെ വാക്കുകളിൽ പറയുകയാണെങ്കിൽ "ഇത്ര ലളിതമായും സഹൃദയഹൃദ്യമായും ഈ മഹാ ചരിത്രത്തെ പ്രതിപാദിക്കുവാൻ കഴിഞ്ഞതിൽ ഫാദർ നെടുഞ്ചിറയെ ഞാൻ അഭിനന്ദിക്കതന്നെ ചെയ്യുന്നു." പാടിപ്പഴകിയ കണ്ഠം, ആടിവഴങ്ങിയ തൂലിക, പിന്നെ എങ്ങിനെ നന്നാകാതിരിക്കും? ഈ സൽഗ്രന്ഥത്തിന് വലിയ പ്രചാരമുണ്ടാകുമെന്ന് ഞങ്ങൾ ആശിക്കുന്നു............".

## കത്തോലിക്കാപ്രവത്തനം.

"............സുഗ്രഹവും ലളിതവുമായ രീതിയിൽ എഴുതപ്പെട്ട ഒരു കാവ്യഗ്രന്ഥം, മററു പല കൃതികളുടേയും പ്രണയേതാവായ പ്രസ്തുത കാവ്യകത്താവ് ഈ കാവ്യത്തിലും തൻെറ സങ്കല്പശക്തിയെ നന്നായി വിനിയോഗിച്ചിട്ടുണ്ടു്. ആദി മനുഷ്യൻെറ അധഃപ്പതനം നാഗമർദ്ദിനിയായി നിർദ്ദേശിക്കപ്പെട്ട പരിശുദ്ധ കന്യകമറിയത്തിൻെറ ജനനം മംഗലവാത്ത, തത്സ

മയം നരകത്തിലെ വിലാപമാദിയായവയിൽ ഒരു ചിത്രകാരൻെറ നിരീക്ഷണപടുതയും, ഒരു ചരിത്രകാരൻെറ സത്യസന്ധതയും ഒരു ആഖ്യായികാരൻെറ വൎണ്ണനാ വൈദഗ്ദ്ധ്യവും പ്രതിഫലിച്ചുകാണുന്നുണ്ടു്. സാഹചൎയ്യങ്ങളുടെ പ്രാതികൂല്യം പ്രമാണിച്ചു് സാഹിത്യസംരഭത്തിനു ഒരുങ്ങിയിരിക്കുന്ന ഈ വൈദിക കവിയെ ഭാഷാപ്രണയികളും വിശിഷ്യ കത്തോലിക്കരും പ്രോത്സാഹിപ്പിക്കേണ്ടതാണു്..........."



Bishop's House, Quilon, (S. India).

No. 1824/39. *4th July 1939.*

Dear Rev. Father Nedumchira,

Will you please accept my belated thanks for the complimentary copy of your entertaining play "Sukrithindran".

Very willingly do I impart my blessing to your book, for I cannot enough recommend plays of the sort you have composed, whem I envisage the good such noble, saintly and heroic lives, which are dramatised and rendered vivid and appealing to youthful imagination, would accomplish among our younger folks. May your praiseworthy attempt be the fruitful source of raising and rearing among our Catholic Youth many a saintly Stanislaus Kostkas.

With my blessing and prayer,

Yours sincerely in J. & M.

✠ **Mgr. JEROME M. FERNANDEZ,**

*Bishop of Quilon.*

# സുകൃതീന്ദ്രൻ.

# അഭിപ്രായങ്ങൾ:-

## റവ. ഫാദർ റോമയോ തോമ്മസ്

റി. ഒ. സി. ഡി., എം. എ., എൽ. റി.

റവ. ഫാദർ ജോസഫ് നെടുഞ്ചിറ ഈയിടെ എഴുതിയ "സുകൃതീന്ദ്രൻ" അഥവാ "വി. സ്തനിസ്ലാവോസ് കോസ്കാ" എന്ന രൂപകം ഞാൻ വായിച്ചു നോക്കി. യുവജനങ്ങളുടെ മദ്ധ്യസ്ഥനായി വിശുദ്ധ സഭ നിശ്ചയിച്ചിരിക്കുന്ന വി. സ്തനിസ്ലാവോസിൻെറ ജീവചരിത്രത്തെ ഏത്രയും ഹൃദ്യമായ രീതിയിൽ ഒരു നാടകമാക്കിത്തീർത്തതു് പ്രശംസാവഹമായ ഒരു കൃത്യംതന്നെ. ഫലിതമസൃണമായ നാടകങ്ങൾ ആധുനിക ലോകത്തിനു് വിശിഷ്യാ വിദ്യാർത്ഥിലോകത്തിനു് രസപ്രദങ്ങളാണല്ലൊ. അങ്ങനെയുള്ള ഗ്രന്ഥങ്ങൾ സന്മാർഗ്ഗതത്വങ്ങളെ പ്രതിപാദിക്കുന്നവയും, യുവാക്കന്മാൎക്കു് മഹനീയാദർശങ്ങൾ ചൂണ്ടിക്കാണിക്കുന്നവയും കൂടിയാണെങ്കിലും ഇവയേക്കാൾ ഉൽകൃഷ്ടങ്ങളായ പ്രഹസനങ്ങൾ ഇല്ലെന്നു വേണം പറയുവാൻ. "സുകൃതീന്ദ്രൻ" അതിൻെറ സംജ്ഞയിലും മാത്രമല്ല ഇതിവൃത്തത്തിലും കഥാഘടനയിലും ഈ വിശിഷ്ട ഗുണങ്ങൾ തികഞ്ഞിട്ടുള്ള ഒന്നാകുന്നു. വിദ്യാർത്ഥികൾക്കു് അഭിനയിക്കുന്നതിനു് ഈ മാതിരി പ്രഹസനങ്ങളാകുന്നു നമുക്കുണ്ടാകേണ്ടതു്. സംഗീത നാടകങ്ങളോടു് അഭ്യസ്ഥവിദ്യൎക്കു പ്രതിപത്തി കുറഞ്ഞുവരുന്ന ഒരു കാലമാണിതെങ്കിലും ഇതിലേ ഗാനങ്ങൾ കഥാഗതിയുടെ സ്വാഭാവികതയെ അത്രയധികം ഭഞ്ജിക്കുന്നതാണെന്നു തോന്നുന്നില്ല. ഈ ഗാനങ്ങൾ വിട്ടുകളഞ്ഞാലും കഥയ്ക്കു് വലിയ കുറവൊന്നും വരാനില്ലതാനും. അതിനാൽ സംഗീതസമ്മിളിതമായ ഒരു നാടകമെന്ന നിലയിലോ ഗദ്യത്തിലുള്ള ഒരു പ്രഹസനമെന്ന നിലയിലോ, ഇതിനെ പരിഗ

ണിക്കാവുന്നതത്രെ. ഇതിലെ ഭാഷ പാമരവേദ്യമായ ലാളിത്യത്തോടും കഥാപാത്രങ്ങളുടെ ഉച്ചനീചത്വത്തിനനുസൃതമായ വൈവിദ്ധ്യത്തോടും കൂടിയതാണെന്നുള്ളതു് ഈ പ്രഹസനത്തിൻെറ രംഗപ്രയോഗ സൗകൎയ്യത്തെ വർദ്ധിപ്പിക്കുന്നതുതന്നെ, സംശയമില്ല............"

## നസ്രാണിദീപിക.

"............ആകെ ഇരുപതു പാത്രങ്ങളാണുള്ളതു്. നായകനായ സ്തനിസ്ലാവോസിനേയും ജ്യേഷ്ഠൻ പോളിനേയും ഒഴിച്ചാൽ പ്രഥമസ്ഥാനം സേവകനു നൾകണം. പ്രഭു പുത്രന്മാരുടെ കുശിനിക്കാരനായ ഈ സേവകനാണു് ഈ പ്രഹസനത്തെ ആകർഷകവും സജീവവുമാക്കിത്തീക്കുന്നതു്. ഒരു നിരക്ഷരകുക്ഷിയാണെങ്കിലും ലോകപരിചയം ധാരാളം സിദ്ധിച്ചിട്ടുള്ള ഈ സേവകൻ തത്വശകലങ്ങൾ ഫലിതത്തിൽ പൊതിഞ്ഞു പ്രയോഗിക്കുവാൻ വളരെ സമത്ഥനാണു്. ഇയാളുടെ വാഗ്ശരങ്ങൾ പലരുടേയും മമ്മസ്ഥാനങ്ങളെത്തന്നെ ഭേദിക്കുമെന്നുള്ളതിനു സംശയമില്ല. പോൾ പൂട്ടിവച്ചിരുന്ന ആയിരം പവൻ അയാളുടെ സഖാക്കളിൽ ഒരാളായ റോബർട്ടിൻെറ സഹായത്തോടുകൂടെ തസ്കരന്മാർ മോഷ്ടിക്കുകയുണ്ടായി. പണം മോഷ്ടിച്ചു സ്തനിസ്ലാവോസ് പള്ളിയിൽ കാണിക്കയിട്ടു എന്നുള്ള പോളിൻെറ അഭിപ്രായത്തെ അനുവചിച്ചു റോബർട്ടിനെ ഉദ്ദേശിച്ചു സേവകൻ പറയുന്നതു് കേൾക്കേണ്ടതുതന്നെയാണു്. "തനിക്കു ഇന്നലെ പുറന്നാള കോഴിച്ചപ്പം കിട്ടിയ ചളുക്കുപോലെ പോളച്ചൻ ആ കുഞ്ഞിനെ ഇട്ടു തൊഴിക്കുന്നതു കാണണമല്ലേ! എടോ തൻെറതല്ലേ അഞ്ചാറെണ്ണം ആ പരിയംപൊറത്തും തിണ്ണേലും പിത്തച്ചൂല പിടിച്ച് വാല്യമാക്രിപോലെ വയറും ചാടി കുത്തിയിരുന്നു നെരങ്ങുന്നതു്. അതിലൊന്നിനെ വല്ല കാക്കയോ, പൃള്ളോ റാഞ്ചിക്കൊണ്ടു പോകാൻ, കഞ്ഞി കൊടുക്കാൻ കാശില്ലെങ്കിലും താൻ തമ്മതിക്കുമോ?" ഇങ്ങനെയുള്ള പാത്രങ്ങൾ മനഞ്ഞെടുപ്പാൻ കൈക്കുറ തീൎന്ന വിദഗ്ദ്ധന്മാരെക്കൊണ്ടേ സാധിക്കുകയുള്ളൂ. ഇപ്ര

കാരം ഓരോ പാത്രങ്ങളേക്കൊണ്ടും അതതിന്റെ നിലയ്ക്കൊത്ത തന്മയത്വത്തോടുകൂടി പ്രവർത്തിപ്പിക്കുവാൻ ഗ്രന്ഥകാരൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്............"

## മലയാളമനോരമ.

"............രക്ഷാകർത്താക്കളെ വിട്ടു വിദേശത്തുള്ള ഒരു വിദ്യാലയത്തിൽ അദ്ധ്യയനം നടത്തുന്നതിന് ഇടയായ രണ്ടു സഹോദരന്മാരിൽ അനുജനായ കഥാനായകൻ മാതൃകാപരമായ ഒരു ജീവിതം നയിക്കുന്നതും, അതിനു ജ്യേഷ്ഠനായ പോളും അയാളുടെ ദുസ്സ്വഭാവികളായ കൂട്ടുകാരും പ്രതികൂലികളായി നിന്നു വൈഷമ്യങ്ങൾ വർദ്ധിപ്പിക്കുന്നതും, ഈ ദുരിതാനുഭവങ്ങളെല്ലാം സ്റ്റനിസ്ലാവോസിനെ ഒരു "വിശുദ്ധ"നാകുന്നതിന് പ്രാപ്തനാക്കുന്നതും ഒടുവിൽ പോളും മററും മാനസാന്തരപ്പെടുന്നതുമാണ് ഇതിലെ ഇതിവൃത്തം. കേവലം രസശൂന്യമായ ഇത്തരമൊരു ഇതിവൃത്തം പ്രഹസനോപയുക്തമെന്നു കണ്ട കവി നിശ്ചയമായും സമുദായപരിഷ്കാരത്തേക്കാൾ സന്മാർഗ്ഗജീവിതനിർവ്വഹണത്തിനു പ്രാധാന്യം കല്പിക്കുന്നുണ്ടെന്നു തീർത്തു പറയാവുന്നതാണ്. എന്നാൽ ഇതൊരു പ്രഹസനമാണെന്നും, സാഹിത്യകൃതിയാണെന്നുമുള്ള സംഗതികൾ വിസ്മരിക്കാതെയാണ് ഗ്രന്ഥം പൂർത്തിയാക്കിയിരിക്കുന്നത്............"

## പ്രകാശം.

"............പ്രഹസനം ഹാസ്യരസപ്രധാനമായിരിക്കണമെന്നാണല്ലോ വച്ചിരിക്കുന്നത്. എന്നാൽ ഒരു പ്രഹസനം അഭിനയിച്ചു കണ്ടുകഴിഞ്ഞാൽ ഒരു പ്രഹസനം കണ്ടതുമാത്രമായിരിക്കരുത് അതുകൊണ്ടുള്ള ഫലം. ഒരു പരമപ്രയോജനം അതിനുണ്ടായിരിക്കണം. അങ്ങനെയുള്ള ഒരു പ്രയോജനം സുകൃതീന്ദ്രൻ കൊണ്ടു നിർവ്വഹിക്കപ്പെടുന്നുണ്ടോ എന്നുള്ളത് അതിന്റെ ഇതിവൃത്തത്തിൽനിന്നു തന്നെ നിശ്ചയിക്കാവുന്നതാണ്. വളരെയധികം പാത്രങ്ങളെ സൃഷ്ടിച്ച് കവി ഹാസ്യരസം പുലർത്തിക്കൊണ്ടുതന്നെ പോകുന്നുണ്ട്. ഹാസ്യരസത്തിനു കുറവു വരാതെയെന്നല്ല മേന്മ തന്നെ വരുത്തി അദ്ധ്യാ

ത്മികതത്വങ്ങളുപദേശിക്കുന്ന ഒരു പ്രഹസനം നിർമ്മിക്കപ്പെടുക എന്നതു് സാമാന്യം ക്ലേശകരമായ ഒരു സാഹിത്യവ്യവസായം തന്നെ. ഈ കൃതിക്ക് മറെറന്തെല്ലാം ദോഷങ്ങൾതന്നെ ഉണ്ടായാലും, പ്രസ്തുത ശ്രമം, അവയെല്ലാം മറച്ചുകളയാൻ തന്നെ പര്യാപ്തമാണ്..........."

## കത്തോലിക്ക ജീവിതം.

"...........റവ. ഫാദർ ജോസഫ് നെടുഞ്ചിറ ഒ. എസ്. എച്ച്. അവർകളുടെ തൂലികാഗ്രത്തിൽ നിന്നും ഒഴുകുന്ന സാഹിത്യപ്രവാഹത്തിൻെറ വേറൊരു തള്ളൽ ഇതാ "സുകൃതീന്ദ്രൻ" എന്ന നാമത്തിൽ പുറപ്പെട്ടിരിക്കുന്നു. വിദ്യാർത്ഥികളുടെ മദ്ധ്യസ്ഥനായ വി. സ്തനിസ്ലാവോസ് കോസ്റ്റായുടെ ജീവചരിത്രമാണ് ഇതിലെ ഇതിവൃത്തം. കരുണാരസമാണ് ആദ്യന്തം ഇതിൽ വഴിഞ്ഞൊഴുകുന്നതു്. ഫലിതസമ്മിശ്രവും, ഗൗരവസമ്പൂർണ്ണവും, വിവിധ കഥാപാത്രങ്ങൾക്കനുയോജ്യവും സാഹിത്യം തുളുമ്പുന്നതുമായ ഗദ്യം; നവീനരീതിയിലും, ഹൃദയം തുടിപ്പിക്കത്തക്ക വിധത്തിലും എഴുതിയിട്ടുള്ള പദ്യം; മനോമോഹനമായ ഒരു ചിത്രം; ഈ കൃതിതല്ലജം കത്തോലിക്കാവിദ്യാലയങ്ങൾക്ക് ഒരമൂല്യനിധിയത്രെ. ക്രൈസ്തവ മലയാളസാഹിത്യത്തിനു ഒരലങ്കാരം..........."

## സൊഡാലിസ്റ്റ്.

"...........നാടെല്ലാം നാടകംകൊണ്ടു് നിറഞ്ഞിരിക്കുന്ന കാലത്തു്, പ്രസംഗത്തേക്കാൾ ആകർഷണവും സംസ്കാരവും നൽകാൻ പര്യാപ്തങ്ങളായ നാടകഗ്രന്ഥങ്ങൾ ആധുധികകാലത്തിൻെറ തീരാത്ത ആവശ്യമാണ്. സുകൃതീന്ദ്രൻ യുവാക്കന്മാരുടെ, വിശേഷിച്ചും മേരീഭക്തരായ യുവാക്കളുടെ ആദർശമാണ്. കുടുംബം, വിദ്യാഭ്യാസം, സംസർഗ്ഗം, സാഹചര്യങ്ങൾ എന്നിവ ഒന്നുചേർന്ന് യുവാക്കന്മാരുടെ സ്വഭാവരൂപീകരണത്തിൽ പ്രവർത്തിക്കുന്ന വിധം നന്നായി കൃതിയിൽ വിളങ്ങുന്നുണ്ടു്. ഗ്രന്ഥകർത്താവിൻെറ മററു കൃതികൾ പോലെ 'സുകൃതീന്ദ്രനും' വളരെ നന്നായിട്ടുണ്ടു്............"

## കർമ്മലകുസുമം.

കത്തോലിക്കാസഭാന്തരീക്ഷത്തിൽ പുണ്യശോഭയാൽ ജാജ്വല്യമാനമായ ഒരു താരമായി പരിലസിക്കുന്ന വി. സ്തനിസ്ലാവോസ് കോസ്കായുടെ ജീവിതചരിത്രത്തെ ആധാരമാക്കി എഴുതീട്ടുള്ള ഒരു സംഗീതപ്രഹസനമാണ് 'സുകൃതീന്ദ്രൻ'. ഇതിന്റെ കർത്താവായ ഫാദർ ജോസഫ് നെടുഞ്ചിറ ഒ. എസ്. എച്ച്. അവർകൾ 'സത്യാത്മജൻ', 'മേരീദാസൻ' എന്നീ പ്രഹസനങ്ങളുടേയും, 'നാഗമർദ്ദിനി' എന്ന ഖണ്ഡകാവ്യത്തിന്റേയും രചയിതാവ് എന്ന നിലയിൽ ഒരു നല്ല സാഹിത്യകാരൻ എന്ന പേര് സമ്പാദിച്ചിട്ടുള്ളയാളാണ് ഒരു യതിവര്യന്റെ പ്രശാന്തവും ആർഭാടരഹിതവുമായ ജീവിതചരിത്രമാണ് "സുകൃതീന്ദ്രൻ" എങ്കിലും, ദാസൻ, കമ്പവ്യാപാരി, ഹോട്ടലുടമസ്ഥൻ; തസ്കരൻ ആദിയായ സങ്കല്പപാത്രങ്ങളെ അവതരിപ്പിച്ചുകൊണ്ട് പ്രഹസനകർത്താവ് ഹാസ്യാദിരസങ്ങൾ തന്മയത്വത്തോടുകൂടി പ്രയോഗിച്ച് പ്രഹസനത്തെ ആദ്യന്തം ആകർഷകമാക്കിച്ചെയ്യുന്നുണ്ടെന്നു പറയാം. ശിക്ഷണരഹിതരായ ഇന്നത്തെ വിദ്യാർത്ഥികളുടെ ഹോസ്റ്റൽജീവിതരീതി ഗ്രന്ഥകാരൻ ഒരു ചിത്രത്തിലെന്നപോലെ കാണികളുടെ മുമ്പിൽ പ്രദർശിപ്പിക്കുന്നു..........."

## കത്തോലിക്കാ പ്രവർത്തനം.

കേരളീയർക്ക് ഇതിനകം സുപരിചിതനായിത്തീർന്നിട്ടുള്ള ഒരു യുവകവിയാണ് റവ. ഫാദർ ജോസഫ് നെടുഞ്ചിറ അവർകൾ. അദ്ദേഹത്തിന്റെ സുകൃതീന്ദ്രന് അഭിപ്രായമെഴുതാനുള്ള സുകൃതമാണ് ഞങ്ങൾക്ക് ഇപ്പോൾ കൈവന്നിരിക്കുന്നത്. വിശുദ്ധ സ്തനിസ്ലാവോസിന്റെ പാവനചരിതമാണ് ഇതിലെ ഇതിവൃത്തം. സംഗീതസാഹിത്യങ്ങളുടെ സമഞ്ജസമായ ഒരു സമ്മേളനമാണ് ഈ പ്രഹസനമെന്നു പറയുവാൻ ഞങ്ങൾക്ക് അത്യധികം സന്തോഷമുണ്ട്. നാടകങ്ങളിലും പ്രഹസനങ്ങളിലും സംഗീതം അസ്വാഭാവികമാണെന്നു വിധിയെഴുതു കഴിഞ്ഞിരിക്കുന്ന ഇക്കാലത്തു പോലും "സുകൃതീന്ദ്ര"

നിലെ സംഗീതം ശ്രോതാവിന് ഹൃദയോത്സവമായിട്ടേ അനുഭവപ്പെടുകയുള്ളു. കരുണാരസപ്രധാനമായ ഈ കൃതിയിൽ ഹാസ്യം യാതൊരു പാകപ്പിഴയുമില്ലാതെ കഴിഞ്ഞുകൂടുന്നു. ആലോചിക്കുംതോറും രസം കൂടിവരുന്ന ഫലിതങ്ങളാണ് ഇതിൽ പ്രായേണ പ്രയോഗിച്ചിരിക്കുന്നത്. "എന്തൊരാനന്ദം നമുക്കെന്തൊരാനന്ദം" എന്നു ലഹരിമൂത്തു പാടുന്ന കൂട്ടുകുടിയന്മാരോടു പോൾ പറയുന്നത്, "ഞാൻ ചത്താലും നമ്മുടെ സ്നേഹം ഇങ്ങനെ കിടക്കും" എന്നാണ്. "മാളോരെപ്പോലെ നടന്നു, തെണ്ടിത്തിന്നാൻ അടിയത്തിനു ചേഷ്ടിയില്ലേ"ന്നത്രേ ഒരു ഭിക്ഷക്കാരൻെറ ആവലാതി.

പാത്രങ്ങളുടെ വ്യക്തിത്വം അവസാനംവരെ പാലിച്ചുകൊണ്ടു പോകുന്നതിൽ ഗ്രന്ഥകാരൻ സ്തുത്യർഹമാംവിധം വിജയിയായിരിക്കുന്നു. ദൈവഭക്തന്മാർക്ക് ഏതാപത്തിലും പ്രശാന്തിയുണ്ടാക്കുന്ന ദിവ്യചൈതന്യം അവരിൽ വിളങ്ങിക്കൊണ്ടിരിക്കുമെന്നുള്ളതിന് കഥാനായകനായ സ്തനിസ്ലാവോസിൻെറ ചരിത്രം തെളിവാകുന്നു. "ഹാ എന്നെ വഞ്ചിച്ച ലോകമേ! ഞാൻ നിന്നോടു യാത്രപറയുന്നു............" എന്നിങ്ങനെ വിലപിച്ചുകൊണ്ട് ഭോഗവിമുഖനായി ഇറങ്ങിത്തിരിക്കുന്ന പോളിൻെറ ദൃഢവ്രതത്തിൽ മാനസാന്തരത്തിൻെറ ശക്തിയേറിയ പ്രതിഫലനം ദർശനീയമായിരിക്കുന്നു.

"വിദ്യാഭ്യാസാർത്ഥം പരിഷ്കൃതകേന്ദ്രങ്ങളിൽ മക്കളെ അയച്ചുകഴിഞ്ഞു കൈയും കെട്ടി വീട്ടിലിരിക്കുന്ന മാതാപിതാക്കന്മാർ ഈ പ്രഹസനം വായിക്കുന്നതും അഭിനയിച്ചു കാണുന്നതും പ്രത്യേകം പ്രയോജനകരമായിരിക്കും" എന്നുള്ള ശ്രീ. കെ. ഈ. ജോബ് എം. എ., എൽ. റ്റി. യുടെ വിലയേറിയ അഭിപ്രായത്തോടു ഞങ്ങൾ സമ്പൂർണ്ണമായി യോജിക്കുന്നതിനോടുകൂടി ദൈവഭക്തിയും, മതവിശ്വാസവും പരിഷ്കാരത്തിൻെറ ലക്ഷണമല്ലെന്നു ധരിച്ചുവച്ചിരിക്കുന്ന ഇന്നത്തെ യുവവിദ്യാർത്ഥികൾ ഈ പ്രഹസനം വായിക്കുന്നതും അഭിനയിച്ചു കാണുന്നതും വളരെ ഗുണകരമായിരിക്കുമെന്നുകൂടി അഭിപ്രായപ്പെട്ടുകൊള്ളട്ടെ............"

## നവജീവിക.

ഭാഷാസാഹിത്യത്തിൽ പൊതുവിലും ക്രിസ്തീയസാഹിത്യത്തിൽ പ്രത്യേകിച്ചും വേണ്ടത്ര പരിപോഷണം ഇനിയും സിദ്ധിച്ചിട്ടില്ലാത്ത ഒരു ശാഖയാണ് പ്രഹസനം. ആകയാൽ ഈ ന്യൂനതയെ പരിഹരിപ്പാൻ ആവുംവിധം പരിശ്രമിക്കുന്ന സാഹിത്യരസികന്മാർ ഭാഷാഭിമാനികളുടെ മുക്തകണ്ഠമായ പ്രശംസയ്ക്കും അഭിനന്ദനത്തിനും പാത്രമാകാതിരിക്കുകയില്ല. റവ. ഫാദർ ജോസഫ് നെടുഞ്ചിറ അവർകൾക്കു ഈ ഗണത്തിൽ അഭിമാനാവഹമായ ഒരു സ്ഥാനമുണ്ടെന്നു അദ്ദേഹം ഇതിനു മുൻപു പ്രസിദ്ധീകരിച്ചിട്ടുള്ള സത്യാത്മജൻ, മേരീദാസൻ എന്നീ സംഗീതപ്രഹസനങ്ങൾ ഉത്തമ സാക്ഷ്യം വഹിക്കുന്നുണ്ട്. പ്രകൃതഗ്രന്ഥം ആ അവകാശത്തെ ഒന്നുകൂടി ഉറപ്പിക്കുവാൻ പര്യാപ്തമാണെന്നു തീൎത്തുപറയാം. നാടകത്തിലും പ്രഹസനത്തിലും സംഗീതപ്രയോഗം നിഷിദ്ധമാണെന്നു ശഠിക്കുന്ന പലരേയും ഇന്നു കണ്ടേക്കാം. എങ്കിലും ഔചിത്യബോധത്തോടുകൂടിയും മിതമായുമുള്ള സംഗീതത്തിന്റെ സാന്നിദ്ധ്യം ദൃശ്യകാവ്യത്തെ കൂടുതൽ ആസ്വാദ്യതരമാക്കിത്തീൎക്കുകയേയുള്ളുവെന്നു സുകൃതീന്ദ്രൻ സുതരാം തെളിയിക്കുന്നുണ്ട്. കൂടാതെ ഇതിൽ പ്രയോഗിച്ചിരിക്കുന്ന ഗാനങ്ങളെല്ലാം ആധുനികരീതിയിലാകയാൽ അധുനാതനന്മാൎക്ക് വിശിഷ്യ രുചിപ്രദമായിരിക്കുകയും ചെയ്യും. പാത്രങ്ങളുടെ രൂപവൽക്കരണത്തിലും അവരുടെ സംഭാഷണരീതിയിലും മററും അവലംബിച്ചുകാണുന്ന ഔചിത്യനിഷ്ഠ അഭിനന്ദനീയംതന്നെ..............."

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
| --- | --- | --- |

DC Library
*00007165*
T61 N29

T G1
N29

Indic Digital Archive Foundation
gpura.org